34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 12, 2026 Vol. XXXIV No. 41

3 കേരളത്തിൽ കായിക ചട്ടം പൊളിച്ചെഴുതുന്നു

4 വോട്ടുകൊള്ളയിൽ നിവേദനം നൽകി ഇന്ത്യാസഖ്യം

9 കായിക ഉത്സവമായി ഡാളസ് ക്രിക്കറ്റ് ടൂർണ്ണമെന്റ്

13 ജോമി ജോസ് കൈപ്പാറേട്ട് അവാർഡ് ഏറ്റുവാങ്ങി

21 ഓൾ അമേരിക്കൻ ബാഡ്മിന്റൺ ടൂർണമെന്റ്

## ചിക്കാഗോ മലയാളി അസോസിയേഷൻ പത്മഭൂഷൺ ഡോ. കെ.ജെ. യേശുദാസിനെ ആദരിച്ചു



ചിക്കാഗോ: ലോകമലയാളികളുടെ അഭിമാനമായ ഗാനഗന്ധർവ്വൻ ഡോ. കെ.ജെ. യേശുദാസിനെ കഴിഞ്ഞ 65 വർഷ കാലഘട്ടം ഇന്ത്യൻ സംഗീതലോകത്തിന് നല്കിയ സംഭാവനകളെ കണക്കിലെടുത്തുകൊണ്ട് നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിനു വേണ്ടി ഡാളസിലെ അദ്ദേഹത്തിന്റെ ഭവനത്തിൽ വെച്ച് ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട് പൊന്നാട അണിയിച്ചും മെമന്റോ നല്കിയും ആദരിച്ചു.

1961 നവംബർ 14-ാം തീയതി ഗാനം ആലപിച്ചു തുടങ്ങിയ പ്രിയങ്കരനായ കെ.ജെ. യേശുദാസിന്റെ കൂടെ ഏതാനും മണിക്കൂറുകൾ ചെലവഴിക്കാൻ സാധിച്ചത് അങ്ങേയറ്റം അഭിമാനത്തോടുകൂടി കാണുന്നു. നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിനു വേണ്ടി ചിക്കാഗോ മലയാളി അസോസിയേഷൻ ഗാനഗന്ധർവ്വനെ ആദരിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. ലോകമലയാളികളോട് യേശുദാസ് സാറിന് പറയുവാനുള്ളത് 'സത്യമേ പറയാവൂ, അപ്രിയമായ സത്യങ്ങൾ പറയരുത്, പ്രിയമായ സത്യങ്ങൾ പറയണം' എന്നായിരുന്നു.

## നിയന്ത്രണങ്ങൾ പാടില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ ഇന്ത്യാതലസ്ഥാനത്ത് തുടരുന്ന പ്രതിഷേധം തടയുന്നതിന് ഡൽഹി പോലീസ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കാൻ ഉത്തരവിട്ട് സുപ്രീംകോടതി.

ക്രമസമാധാനം തകരുന്ന സാഹചര്യങ്ങളിൽ ഒഴികെ മെട്രോ, റെയിൽവേ സർവീസുകൾ സാധാരണപോലെ പ്രവർത്തിക്കണമെന്ന് പ്രത്യേക സിറ്റിംഗിൽ ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവരുടെ ബെഞ്ച് ഇടക്കാല ഉത്തരവിലൂടെ വ്യക്തമാക്കി.

ഒക്ടോബർ 11-ന് ഞായറാഴ്ച ഡൽഹിയിൽ പൊതുജീവിതം സ്തംഭിപ്പിച്ചുകൊണ്ട് പൊലീസ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സുപ്രീംകോടതിയുടെ മുൻ ഉത്തരവുകൾ ലംഘിച്ചു എന്ന് ചൂണ്ടിക്കാട്ടി സമർപ്പിച്ച ഹർജിയാണ് പരിഗണിച്ചത്.

വിഷയത്തിൽ പ്രതികരണം തേടിയ സുപ്രീംകോടതി കേന്ദ്ര ആഭ്യന്തര മന്ത്രാലയം സെക്രട്ടറി ഗോവിന്ദ് മോഹൻ, ഡൽഹി പൊലീസ് കമ്മീഷണർ അനുരാഗ് കുമാർ, ഡൽഹി മെട്രോ ചെയർപേഴ്സൺ ഡി. താര എന്നിവർക്ക് നോട്ടീസ് അയച്ചു.

ഒൻപതിന് വെള്ളിയാഴ്ച സുപ്രീംകോടതിയുടെ അടിയന്തര ഹിയറിംഗിൽ, ജനജീവിതം സ്തംഭിപ്പിക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങൾ പുനഃപരിശോധിക്കണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് ആവശ്യപ്പെട്ടിരുന്നു. ഇതിന് പിന്നാലെ നിയന്ത്രണങ്ങളുടെ ഭാഗമായി 57 മെട്രോ സ്റ്റേഷനുകൾ അടയ്ക്കണമെന്ന ആദ്യ ഉത്തരവ് പിൻവലിച്ച് പകരം 45 ആക്കി കുറച്ചിരുന്നു. എങ്കിലും സ്ഥിതിഗതികളിൽ കാര്യമായ മാറ്റം ഉണ്ടായില്ല.

(ശേഷം 34-ാം പേജിൽ)

# പ്രതിഷേധത്തിരയൊഴിയാതെ ഇന്ത്യാതലസ്ഥാനം

ന്യൂഡൽഹി: നിയമവിരുദ്ധമായ കസ്റ്റഡി പാടില്ലെന്നു സുപ്രീംകോടതി ഉത്തരവിട്ടശേഷവും എംപിമാരെയും മാധ്യമപ്രവർത്തകരെയും ഉൾപ്പെടെ നിയമവിരുദ്ധമായി കസ്റ്റഡിയിലെടുത്ത് 'ഡൽഹി പോലീസ് രാജ്' രണ്ടാം ദിനവും തുടരുന്നു. കസ്റ്റഡിയിലെടുത്തവരിൽ പലരും പോലീസ് വാനുകൾക്കുള്ളിൽ ക്രൂരമായ മർദനത്തിനും അതിക്രമത്തിനുമിരയായി.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ടുള്ള സിജെപി പ്രക്ഷോഭത്തിന്റെ രണ്ടാം ദിവസവും നഗരത്തിന്റെ പല ഭാഗങ്ങളിലും പ്രക്ഷോഭങ്ങൾ ആളിക്കത്തുകയാണ്. കോക്രോച്ച് ജനതാ പാർട്ടി നേതാക്കൾ കസ്റ്റഡിയിൽനിന്നു മോചിതരായതും സുപ്രീംകോടതിയിലേക്കു മാർച്ച് നടത്താനുള്ള ഇന്ത്യാസഖ്യത്തിന്റെ തീരുമാനവും പ്രക്ഷോഭം കൂടുതൽ ശക്തമാക്കും. മാധ്യമങ്ങളോടു സംസാരിക്കുന്നതിനിടെ രാജ്യസഭാംഗം ജോൺ ബ്രിട്ടാസിനെ പൊലീസ് വലിച്ചിഴച്ചു വാഹനത്തിൽ കയറ്റി. ബ്രിട്ടാസിനെ പിന്നീട് വഴിയിൽ ഇറക്കിവിടുകയാണുണ്ടായത്. സിപിഐ നേതാവ് ആനി രാജ, എസ്എഫ്ഐ അഖിലേന്ത്യാ പ്രസിഡന്റ് ആദർശ് എം. സജി, ഡിവൈഎഫ്ഐ നേതാവ് ജെയ്ക് സി. തോമസ്, ഐഷി ഘോഷ്, ഐസ പ്രസിഡന്റ് നേഹ അടക്കമുള്ളവരും പൊലീസ് കസ്റ്റഡിയിലായി. തിരിച്ചറിയൽ കാർഡ് കാണിച്ചിട്ടും കേരളത്തിൽ നിന്നടക്കമുള്ള അര ഡസനിലേറെ മാധ്യമപ്രവർത്തകരെ കസ്റ്റഡിയിലെടുത്തു. പ്രക്ഷോഭം കണ്ടുനിന്ന, ഡൽഹി അതിരൂപതയിലെ ഫാ. ബിജു സേവ്യറിനെയും സിപിഐ നേതാവ് ആനി രാജയെയും പോലീസ് കസ്റ്റഡിയിലെടുത്തശേഷം വിട്ടയച്ചു.



(ശേഷം 34-ാം പേജിൽ)

## ഗ്യാനേഷ് കുമാറിനെ നീക്കണമെന്ന് നിയമസഭയിൽ പ്രമേയം അവതരിപ്പിച്ചു

തിരുവനന്തപുരം: രാജ്യത്തെ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ (എസ്ഐആർ) അപാകതകൾ പരിഹരിക്കണമെന്നും മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാറിനെ നീക്കണമെന്നും ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ അവതരിപ്പിച്ചു. റൂൾ 118 അനുസരിച്ചാണ് പ്രമേയം. ബിജെപി അംഗങ്ങൾ പ്രമേയത്തെ എതിർത്തു. സുതാര്യവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പാണ് ജനാധിപത്യത്തിന്റെ അടിത്തറയെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ സമീപകാല പ്രവർത്തനങ്ങൾക്കെതിരെ ഗുരുതരമായ ആക്ഷേപങ്ങളാണ് ഉയർന്നു വരുന്നത്. എസ്ഐആറിന്റെ പേരിൽ മുൻകൂട്ടി അറിയിക്കാതെ ലക്ഷക്കണക്കിനു പേരെ വോട്ടർ പട്ടികയിൽ നിന്ന് നീക്കിയതായി ആക്ഷേപം ഉയർന്നു. അർഹരായ വോട്ടർമാർക്ക് വോട്ട് നിഷേധിക്കുന്നത് ജനാധിപത്യ തത്വങ്ങളുടെ ലംഘനമാണ്. കമ്മീഷന്റെ പ്രവർത്തനങ്ങളിൽ കമ്മീഷണർമാർ വിയോജിപ്പ് രേഖപ്പെടുത്തിയതായി മാധ്യമ വാർത്തകളിൽ കാണുന്നു.

(ശേഷം 34-ാം പേജിൽ)

SUNNY
FINANCIAL STRATEGIES, LLC



Wealth planning that works across generations.

*Partnered for Your Family's Success*

**Tom Sunny,** CFP®, CLU®, RICP®

*Financial Planner & Wealth Advisor*

Building your financial future together, with expertise & fiduciary integrity.

AREAS OF SPECIALTY

- Comprehensive Planning & Wealth Management
- Inheritance & Estate Planning: Trusts, Wills, POAs, Transfers
- Retirement Income Strategy for Retirees & Pre-Retirees
- Professional Investment Advisory & Guidance
- Insurance Protection: Life, Disability, Long-Term Care, Liability, Health & Medicare Supplement (Medigap)
- Tax Planning & Diversification
- Business Plans, Employee Benefits, Pensions, Social Security, Medicare
- 401(k), 403(b), 457(b), TSP, IRA & Roth IRA Rollovers, Optimization, and Set-Ups
- Education Expense Funding

Let's Plan for Your Brighter Future

COMPLIMENTARY CONSULTATION · CALL OR SCAN

847-414-9116

sunnyfinancial.com

tom@sunnyfinancial.com

DIGITAL CARD

Financial Advisor with Eagle Strategies LLC, a Registered Investment Adviser. Registered Representative offering securities through NYLIFE Securities LLC, Member FINRA/SIPC, a Licensed Insurance Agency. Sunny Financial Strategies LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL

Phone: 630-635-3615

E-mail:tino@greatwaysinc.com

1001 E Chicago Ave, Suite 151

Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Steve Crifase
Steve@Crifaselaw.com



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

# 26 വർഷങ്ങൾക്കുശേഷം കേരളത്തിൽ കായിക ചട്ടം പൊളിച്ചെഴുതുന്നു

തിരുവനന്തപുരം: കായികരംഗത്തെ ക്രമക്കേടുകൾക്കും വിവേചനങ്ങൾക്കുമെതിരെ കേരളത്തിലെ താരങ്ങൾക്കു സർക്കാർ നിയമപരിരക്ഷയൊരുക്കും. മത്സരവേദികളിലും പരിശീലനരംഗത്തും കായികതാരങ്ങളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്ന നിർണായക വ്യവസ്ഥകളോടെ 'കേരളം സ്പോർട്സ് ബിൽ-2026' ഈയാഴ്ച നിയമസഭയിൽ അവതരിപ്പിക്കും. അവകാശലംഘനങ്ങളിൽ അഞ്ച് ലക്ഷം മുതൽ 25 ലക്ഷം രൂപവരെ പിഴയും താരങ്ങൾക്കു നഷ്ടപരിഹാരവും നൽകണമെന്ന നിർദേശം കരടുബില്ലിലുണ്ട്. 26 വർഷത്തിനുശേഷമാണ് കേരളത്തിൽ കായികചട്ടം പൊളിച്ചെഴുതുന്നത്. നിയമവകുപ്പിന്റെ അന്തിമ പരിശോധനയിലുള്ള കരടിന്റെ വിശദാംശങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

മത്സര നടത്തിപ്പിലെ ഒത്തുകളി, നിയമ ലംഘനങ്ങൾ, സിലക്ഷനുകളിലെ വിവേചനം, പരിശീലന ക്യാംപുകളിലെ ചൂഷണം, ഉത്തേജക ഉപയോഗം, ആനുകൂല്യങ്ങൾ നിഷേധിക്കൽ, സ്പോർട്സ് കോട്ട നിയമനത്തിലെ ക്രമക്കേടുകൾ എന്നിവയ്ക്കെതിരെ കർശന നടപടികളാണ് ബില്ലിൽ നിർദേശിക്കുന്നത്. ഇതു സംബന്ധിച്ച പരാതികളും അപ്പീലുകളും പരിഗണിക്കുന്നതിനായി വിരമിച്ച ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനായ സ്പോർട്സ് ട്രൈബ്യൂണലിന് രൂപം നൽകും. അവകാശലംഘനത്തിന് ഉത്തരവാദിയായ വ്യക്തികൾക്കോ സ്ഥാപനത്തിനോ എതിരെയാണു പിഴ ചുമത്തുക. ഇതിൽ നിന്ന് താരങ്ങൾക്കു നഷ്ടപരിഹാരം അനുവദിക്കും. സ്കൂൾതലം മുതലുള്ള കായിക താരങ്ങൾക്ക് പുതിയ നിയമത്തിന്റെ പരിരക്ഷ ലഭിക്കും.

കായികവകുപ്പിനു കീഴിലെ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സിനെയും ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനമായ കേരള സ്പോർട്സ് കൗൺസിലിനെയും സംയോജിപ്പിച്ച് കേരളത്തിൽ സ്പോർട്സ് അതോറിറ്റി ഓഫ് കേരളം രൂപീകരിക്കണമെന്നാണ് കേരളം സ്പോർട്സ് ആക്ട് 2026 ബില്ലിലെ മറ്റൊരു പ്രധാന നിർദേശം. മറ്റു സംസ്ഥാനങ്ങളുടെ മാതൃകയിൽ കായികഭരണം ഒരു ഏജൻസിക്ക് കീഴിലാക്കുകയാണു ലക്ഷ്യം. ഇതോടെ സ്പോർട്സ് കൗൺസിൽ എന്ന ആശയം കേരളത്തിൽ ഇല്ലാതാകും. തെരഞ്ഞെടുപ്പുകളില്ലാതെ പൂർണമായും സർക്കാർ നാമനിർദേശം ചെയ്യുന്ന പ്രതിനിധികളാകും പുതിയ ഏജൻസിയുടെ തലപ്പത്തെത്തുക.

മത്സരങ്ങളിലെ മെറിറ്റ് സർട്ടിഫിക്കറ്റ് വിതരണം, സർട്ടിഫിക്കറ്റുകളുടെ സർക്കാർ തലത്തിലെ പരിശോധന, കായിക താരങ്ങൾക്കുള്ള സ്കോളർഷിപ്, സാമ്പത്തിക സഹായ അപേക്ഷകൾ എന്നിവയ്ക്കായി ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കാനുള്ള നിർദേശവും പുതിയ കായികചട്ടത്തിന്റെ കരടിലുണ്ട്. ഇടനിലക്കാരെ ഒഴിവാക്കിയുള്ള പ്രവർത്തനങ്ങളിലൂടെ വ്യാജ സർട്ടിഫിക്കറ്റുകൾ പൂർണമായി തടയുകയാണ് ലക്ഷ്യം. കായിക മെറിറ്റ് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വിതരണം ചെയ്യാൻ 2023-ൽ എൽഡിഎഫ് സർക്കാർ ആലോചിച്ചിരുന്നെങ്കിലും കായിക സംഘടനകളുടെ പ്രതിഷേധത്തെത്തുടർന്ന് ഉപേക്ഷിച്ചു.

## നെടുമ്പാശേരിയിൽ കാറപകടത്തിൽ മൂന്നു മരണം

നെടുമ്പാശേരി: മദ്യലഹരിയിൽ പത്തൊൻപതുകാരൻ ചീറിപ്പാഞ്ഞ ആഡംബര കാർ സ്കൂട്ടറിൽ ഇടിച്ച് മൂന്നു ജീവൻ പൊലിഞ്ഞു. കർണാടക സുള്ള്യ കനകമജലു സുണ്ണമൂല പെൽത്തടുക്ക പി.എ. ഇബ്രാഹിമിന്റെ മകൻ മുഹമ്മദ് ഇയാസ് (22), വയനാട് കല്പറ്റ മടക്കിമല സന്തോഷ്ഭവനിൽ സന്തോഷിന്റെ മകൾ കെ.വി. ദേവിക (21), പാലക്കാട് മണ്ണാർക്കാട് കരിമ്പ ഇടക്കുറിശ്ശി നീലാറ്റ മുള്ളൻകുഴിയിൽ പ്രദീപിന്റെ മകൾ എം.പി. ഗോപിക (22) എന്നിവരാണ് മരിച്ചത്. മൂവരും അപകടത്തിൽ തൽക്ഷണം മരിച്ചു.

വിമാനത്താവള റോഡിൽ അത്താണി എയർപോർട്ട് സിഗ്നൽ കവലയ്ക്കു സമീപം ഒക്ടോ. 11-ന് പുലർച്ചെ രണ്ടു മണിയോടെയായിരുന്നു അപകടം. കാർ ഓടിച്ചിരുന്ന കാക്കനാട് ഓൾഡ് ടവർ ഫ്ളാറ്റ് നമ്പർ 3 എ യിൽ താമസിക്കുന്ന ആലപ്പുഴ ആലിശ്ശേരി ന്യൂഹ് മൻസിലിൽ സുഹൈൽ സജീവിനെ (19) പോലീസ് അറസ്റ്റ് ചെയ്തു . കൊച്ചി നഗരത്തിലെ സ്വകാര്യ കോളജിൽ ബി.കോം വിദ്യാർത്ഥിയാണ് സുഹൈൽ. അപകടസമയം സുഹൈലിനൊപ്പം കാറിൽ ഉണ്ടായിരുന്ന സുഹൃത്ത് ആലപ്പുഴ തുമ്പോളി പാലപ്പറമ്പിൽ നിനവും (19) അറസ്റ്റിലായി. മദ്യപിച്ച് വാഹനമോടിച്ചിട്ടും തടയാത്തതാണ് നിനവിനെതിരെയുള്ള കേസ്.

തൃക്കാക്കരയിലെ ക്രാഫ്റ്റ്സ് ഉല്പന്ന വില്പന കേന്ദ്രമായ സുക്കോയോ സ്റ്റോറിലെ പാർട്ട് ടൈം ജോലിക്കൊപ്പം കൊച്ചിയിലെ വിവിധ സ്ഥാപനങ്ങളിൽ ഉപരിപഠനം നടത്തുകയായിരുന്നു അപകടത്തിൽ മരിച്ച മൂവരും. രാത്രി പതിനൊന്നിന് ജോലി കഴിഞ്ഞു വിമാനത്താവളത്തിനു സമീപമെത്തി വിമാനങ്ങൾ ലാൻഡ് ചെയ്യുന്നത് കണ്ടശേഷം ഭക്ഷണം കഴിച്ച് കൊച്ചിയിലേക്ക് മടങ്ങുമ്പോഴായിരുന്നു അപകടം. സുഹൃത്തുമായി എയർപോർട്ടിലേക്കുള്ള യാത്രയ്ക്കിടെ കൊച്ചി നഗരത്തിലെ മൂന്നു ബാറുകളിൽ കയറി മദ്യപിച്ച ശേഷമാണ് പ്രതി കാറിൽ ചീറിപ്പാഞ്ഞതെന്ന് പോലീസ് കണ്ടെത്തി. പ്രതി ലഹരിമരുന്ന് ഉപയോഗിച്ചിരുന്നോ എന്ന് പോലീസ് സംശയിക്കുന്നു.

മനപ്പൂർവ്വമല്ലാത്ത നരഹത്യ, മനുഷ്യജീവന് അപകടമുണ്ടാക്കുംവിധം അശ്രദ്ധമായി വാഹനം ഓടിക്കുക തുടങ്ങിയ വകുപ്പുകൾ ചുമത്തി നെടുമ്പാശേരി പോലീസ് കേസെടുത്തു. 23 വയസ് തികയാത്ത പ്രതിക്ക് മദ്യം നല്കിയ ബാറുകൾക്കെതിരെ കേസെടുക്കാൻ മന്ത്രി എം. ലിജു എക്സൈസിന് നിർദ്ദേശം നല്കി.



മരിച്ച മുഹമ്മദ് ഇയാസ്, കെ.വി. ദേവിക, എം.പി. ഗോപിക എന്നിവർ

## രാജസ്ഥാൻ മുൻ ബിജെപി എംഎൽഎയെ അടിച്ചുകൊന്നു

ജയ്പൂർ: രാജസ്ഥാനിലെ ഭരത്പൂരിൽ ബിജെപി മുൻ എംഎൽഎയെ രോഷാകുലരായ ജനക്കൂട്ടം വടികൊണ്ട് അടിച്ചു കൊലപ്പെടുത്തി. അതർ സിങ് ഭദാനയെയാണ് ഭോണ്ട ഗ്രാമത്തിൽ 11-ന് വൈകുന്നേരം ജനക്കൂട്ടം കൊലപ്പെടുത്തിയത്. ഖനനവുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിലും കൊലപാതകത്തിലും കലാശിച്ചത്.

ഹരിയാന സ്വദേശിയായ അതർ സിങ് ഭദാന 2003-ലാണ് ബയാന നിയമസഭാ മണ്ഡലത്തിൽ നിന്നും രാജസ്ഥാൻ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 2008 വരെ ഇദ്ദേഹം നിയമസഭാംഗമായിരുന്നു. പോലീസ് നല്കുന്ന വിവരപ്രകാരം സംഘർഷമുണ്ടായ ഭോണ്ട ഗ്രാമത്തിൽ മുൻ എംഎൽഎ ക്രഷർ യൂണിറ്റ് നടത്തിയിരുന്നു. ഇവിടെ അദ്ദേഹം സ്ഥലം പാട്ടത്തിനെടുത്ത് ഖനനവും നടത്തിയിരുന്നു. ഭാര്യയുടെ പേരിലായിരുന്നു ബിസിനസ് നടത്തിയിരുന്നത്. എന്നാൽ, ഭോണ്ട, റായ്പൂർ ഗ്രാമങ്ങളിലെ ജനങ്ങൾ കഴിഞ്ഞ രണ്ട് വർഷമായി ഖനനത്തിനെതിരെ പ്രതിഷേധത്തിലായിരുന്നു. പലപ്പോഴായി ഇവർ ധർണ നടത്തുകയും വഴി തടയുകയും ചെയ്തിരുന്നു. ഖനനപ്രദേശത്തേക്ക് വാഹനങ്ങൾ കടന്നുപോകുന്നത് കന്നുകാലികൾക്കുള്ള മേച്ചിൽപ്പുറങ്ങൾ വഴിയാണെന്ന് ആരോപിച്ചാണ് ഗ്രാമവാസികൾ പ്രക്ഷോഭം നടത്തിയിരുന്നത്.

എന്നാൽ, കോടതിയിൽ നിന്നും അനുമതി വാങ്ങി ക്രഷർ യൂണിറ്റ് പ്രവർത്തനം പുനരാരംഭിച്ചിരുന്നു. വൈകിട്ട് അതർസിങ് ഭോണ്ട ഗ്രാമത്തിൽ എത്തിയപ്പോൾ ഗ്രാമവാസികൾ ഒത്തുകൂടുകയും ലാത്തികൊണ്ട് ആക്രമിക്കുകയുമായിരുന്നു.

ഗുരുതരമായി പരുക്കേറ്റ ഇദ്ദേഹത്തെ ആദ്യം സമീപത്തെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും പിന്നീട് ജയ്പൂരിലെ ആശുപത്രിയിലേക്കും മാറ്റി. എന്നാൽ രാത്രിയോടെ ഇദ്ദേഹം മരിക്കുകയായിരുന്നു.

## മരുന്നുവില കുത്തനെ കുറയുന്നു

തിരുവനന്തപുരം: കഴിഞ്ഞ മാസംവരെ 99.60 രൂപയ്ക്കു വാങ്ങിയ 10 മില്ലി ലിറ്റർ ഇൻസുലിൻ ഇനി സർക്കാരിനു ലഭിക്കുക 73 രൂപയ്ക്ക്. ഈ വിലയ്ക്ക് നാലു മാസത്തെ ഇൻസുലിൻ വാങ്ങുമ്പോൾ സർക്കാർ നേടുന്നത് 28.50 കോടി രൂപയുടെ ലാഭം.

സർക്കാർ ആശുപത്രികൾക്കു വേണ്ടി മരുന്നുകൾ സംഭരിക്കുന്ന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനാണ് ലാഭക്കച്ചവടം നടത്തിയത്. ആശുപത്രികളിൽ ഇൻസുലിൻ ക്ഷാമം ഉണ്ടെന്ന റിപ്പോർട്ട് വന്നപ്പോൾ ഏജൻസികളെ ഒഴിവാക്കി കമ്പനികളിൽ നിന്ന് നേരിട്ട് സംഭരിക്കാൻ മന്ത്രി കെ. മുരളീധരൻ നിർദ്ദേശിക്കുകയായിരുന്നു.

തുടർന്നാണ് നിലവിൽ വിതരണം ചെയ്തിരുന്ന കമ്പനിയുടെ പ്രതിനിധികളുമായി കോർപ്പറേഷൻ അധികൃതർ ചർച്ച നടത്തിയത്. കൃത്യസമയത്തിനുള്ളിൽ പണം നല്കുമെങ്കിൽ വില കുറയ്ക്കാമെന്നായിരുന്നു കമ്പനിയുടെ വാഗ്ദാനം. രണ്ട് മാസത്തിനകം പണം നല്കാമെന്ന് ഉറപ്പ് നല്കിയതോടെയാണ് നടപടി.

വൃക്കരോഗികൾ, കീമോതെറാപ്പിക്ക് വിധേയരാകുന്നവർ, എച്ച്ഐവി ബാധിതർ എന്നിവർക്കുള്ള എറിത്രാപോയിറ്റി ഇൻജക്ഷൻ 110 രൂപയ്ക്കാണ് കോർപ്പറേഷൻ ഏജന്റുമാർ വഴി വാങ്ങിയിരുന്നത്. കമ്പനിയുമായി നേരിട്ട് സംസാരിച്ചതോടെ വില 80 രൂപയായി.

സ്പൈനൽ മസ്ക്കുലർ അട്രോപ്പി (എസ്എൻഎ) രോഗികൾക്ക് സൗജന്യമായി നല്കുന്ന റിസ്ഡിപ്ലാം മരുന്ന് കുപ്പിക്ക് 5.52 ലക്ഷം രൂപ നിരക്കിലാണ് കോർപ്പറേഷൻ വാങ്ങിയിരുന്നത് സ്വിസ് കമ്പനിയായ റോഷ് ആയിരുന്നു വിതരണക്കാർ. ഇന്ത്യൻ കമ്പനിയായ നാറ്റ്കോ ഫാർമ ഇതേ മരുന്ന് ഉല്പാദിപ്പിച്ചെങ്കിലും വില്പന നടത്താനായില്ല. കഴിഞ്ഞ ഒക്ടോബർ 17-ന് നാറ്റ്കോയുടെ മരുന്നു വില്ക്കാൻ സുപ്രീംകോടതി അനുമതി നല്കിയെങ്കിലും കേരളം വാങ്ങാൻ മടിച്ചു. ഇനി നാറ്റ്കോയിൽ നിന്ന് കേരളം റിസ്ഡിപ്ലാം വാങ്ങും. കമ്പനി ചോദിച്ചത് 15,900 രൂപ. ഇത് കോർപ്പറേഷൻ എണ്ണായിരം രൂപയ്ക്ക് കരാർ ഉറപ്പിച്ചു. ഉടൻ മരുന്ന് എത്തും.

ഇപ്പോൾ ക്ഷാമമുള്ള മരുന്നുകളും കമ്പനികളിൽ നേരിട്ട് വിലപേശി വാങ്ങാനാണ് തീരുമാനം. സംസ്ഥാനത്തിന് ആവശ്യമായ മരുന്നു വാങ്ങാൻ മാർച്ചിലാണ് കോർപ്പറേഷൻ കരാറുകൾ നല്കിയത്. ഒരു വർഷം കാലാവധിയുള്ള കരാർ അവസാനിക്കുമ്പോൾ എല്ലാ മരുന്നുകളും കമ്പനികളിൽ നിന്ന് നേരിട്ടു വാങ്ങുന്ന കരാറിൽ ഏർപ്പെടാനും തീരുമാനിച്ചിട്ടുണ്ട്.

## മൃദംഗ വിദ്വാൻ പദ്മശ്രീ ഗുരുവായൂർ ദൊരൈ അന്തരിച്ചു

ചെന്നൈ: പ്രസിദ്ധ മൃദംഗ വിദ്വാൻ പദ്മശ്രീ ഗുരുവായൂർ ദൊരൈ (91) അന്തരിച്ചു. ചെന്നൈയിലായിരുന്നു അന്ത്യം. എട്ടു പതിറ്റാണ്ടിലേറെ സംഗീതരംഗത്ത് സജീവ സാന്നിധ്യമായിരുന്നു. എട്ടാം വയസിൽ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ കച്ചേരിക്ക് പക്കമേളം വായിച്ചാണ് അരങ്ങേറ്റം കുറിച്ചത്. പുതുക്കോട്ടൈ ശൈലിയിലെ പ്രമുഖനായിരുന്നു അദ്ദേഹം. ഗുരുവായൂരിൽ ജി.എസ്. കൃഷ്ണ അയ്യരുടെയും മീനാക്ഷിയുടെയും മകനായി 1935 ജൂലൈ രണ്ടിന് ജനിച്ചു. അഞ്ചാം വയസിൽ പോളിയോ ബാധിതനായതിനെ തുടർന്ന് പഠനം മുടങ്ങി. അച്ഛനാണ് മൃദംഗ പഠനത്തിലേക്ക് നയിച്ചത്. പാലക്കാട്ട് സുബ്ബയ്യർ, ഇ.പി. നാരായണ പിഷാരടി എന്നിവർ ആദ്യ ഗുരുക്കൻമാരായി. ചെന്നൈയിലേക്ക് താമസം മാറ്റിയ ദൊരൈ, പളനി സുബ്രഹ്മണ്യം പിള്ളയുടെ വീട് ഗുരുകുലമാക്കി ഒമ്പതു വർഷത്തോളം മൃദംഗം അഭ്യസിച്ചു.

എം.എസ്. സുബ്ബലക്ഷ്മി, മുസിരി സുബ്രഹ്മണ്യ അയ്യർ, ചെമ്പൈ വൈദ്യനാഥ ഭാഗവതർ, ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ, എം.ഡി. രാമനാഥൻ, എം. ബാലമുരളീകൃഷ്ണ, ടി.ആർ. മഹാലിംഗം തുടങ്ങിയ കർണാടക സംഗീതത്തിലെ അതികായരുടെ കച്ചേരികൾക്ക് അകമ്പടിയായി. നിറകുടം എന്ന ചിത്രത്തിലെ നക്ഷത്രദീപങ്ങൾ തിളങ്ങി



എന്ന വിഖ്യാത ഗാനത്തിൽ മൃദംഗം വായിച്ചത് ഇദ്ദേഹമായിരുന്നു. 2025-ൽ ഇന്ത്യ പദ്മശ്രീ നൽകി അദ്ദേഹത്തിനെ ആദരിച്ചു. സംഗീത നാടക അക്കാദമി അവാർഡ്, സംഗീത നാടക അക്കാദമി ടാഗോർ രത്ന പുരസ്കാരം, തമിഴ്നാട് സർക്കാരിന്റ കലൈമണി അവാർഡ്, സംഗീത കലാശിഖാമണി തുടങ്ങി നിരവധി പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിച്ചുണ്ട്.

# വോട്ടുകൊള്ളയിൽ നിവേദനം നൽകി ഇന്ത്യാസഖ്യം

ന്യൂഡൽഹി: ഇന്ത്യയിൽ നീതിപൂർവമല്ല തെരഞ്ഞെടുപ്പു നടക്കുന്നതെന്ന ആരോപണത്തോടു രാഷ്ട്രപതി ദ്രൗപദി മുർമു യോജിച്ചുവെന്നും കൂടുതൽ തെളിവു തേടിയെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണർ ഗ്യാനേഷ് കുമാറിനെ നീക്കം ചെയ്യണമെന്ന ആവശ്യവുമായി ഇന്ത്യാസഖ്യം നേതാക്കൾ രാഷ്ട്രപതിക്കു നിവേദനം നൽകിയതിനു ശേഷമായിരുന്നു രാഹുലിന്റെ പ്രതികരണം.



ആരോപണങ്ങളെക്കുറിച്ചു വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്നു രാഷ്ട്രപതി ഉറപ്പുനൽകിയെന്നും രാഹുൽ പറഞ്ഞു.

എന്നാൽ, ഈ അവകാശവാദങ്ങളെ ബിജെപി തള്ളി. ഇതിനിടെ, ജന്തർ മന്തറിൽ ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശം നിഷേധിക്കുന്നതടക്കമുള്ള വിഷയങ്ങളിൽ 12-ന് സുപ്രീം കോടതിയിലും ഇന്ത്യാസഖ്യം നേതാക്കൾ നിവേദനം നൽകുമെന്ന് രാഹുൽ ഗാന്ധി പ്രഖ്യാപിച്ചു.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ രാജിവെക്കുക. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കും തെരഞ്ഞെടുപ്പ് കമ്മീഷണർമാർക്കും ക്രിമിനൽ നടപടികളിൽനിന്ന് ആജീവനാന്തകാലം പരിരക്ഷ നൽകുന്ന 2023-ലെ നിയമഭേദഗതി റദ്ദാക്കുക. എസ്ഐആർ (സമഗ്ര വോട്ടർപ്പട്ടിക പരിഷ്കരണം) ഉടൻ നിർത്തിവെക്കുക. വോട്ടർപ്പട്ടികയിൽനിന്ന് നിയമവിരുദ്ധമായി നീക്കംചെയ്ത 13.30 കോടി വോട്ടർമാരെ തിരിച്ചു പട്ടികയിൽ ഉൾപ്പെടുത്തുക. എല്ലാ തെരഞ്ഞെടുപ്പുകളിലും ബാലറ്റ് പേപ്പർ സംവിധാനം തിരികെ കൊണ്ടുവരിക. കഴിഞ്ഞ രണ്ട് വർഷത്തിനിടെ വോട്ടുകൊള്ള നടന്നതിനു കൃത്യമായ തെളിവുകൾ ലഭ്യമായ എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളും റദ്ദാക്കുക എന്നിവയാണ് ഇന്ത്യാസഖ്യത്തിന്റെ ആവശ്യങ്ങൾ.

# എക്സാലോജിക്: ഇ.ഡി. കത്തിൽ ഹൈക്കോടതി ഉത്തരവ്

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് ഇടപാടു കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മകൾ ടി. വീണ, മുൻ മന്ത്രിയും വീണയുടെ ഭർത്താവുമായ മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ വിജിലൻസിന് ഹൈക്കോടതി നിർദേശം.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) സംസ്ഥാന ഡിജിപിക്കു നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ടു കേസെടുത്ത് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയിലാണ് ഉത്തരവ്. ഇ.ഡി. കത്തിലെ വിവരങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘം രൂപീകരിച്ച ഡിജിപിയുടെ ഉത്തരവും ജസ്റ്റിസ് എ. ബദറുദ്ദീൻ റദ്ദാക്കി.

അഴിമതി നിരോധന നിയമം പ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം വിജിലൻസ് ഡയറക്ടർക്കാണ് കോടതി നിർദേശം നൽകിയിരിക്കുന്നത്. ഇ.ഡി. നൽകിയ കത്തിലും രേഖകളിലും എഫ്ഐആർ നേരിട്ടു രജിസ്റ്റർ ചെയ്യാൻ മതിയായ വസ്തുതകൾ ഉണ്ടെന്നു കോടതി ചൂണ്ടിക്കാട്ടി. സാക്ഷികളുടെയും സംശയിക്കുന്ന വ്യക്തികളുടെയും മൊഴികളും ഇതിലുണ്ട്. ആരോപണ വിധേയർ അഴിമതി നിരോധന നിയമപ്രകാരം (പി.സി. ആക്ട്) കുറ്റം ചെയ്തെന്നും ഇ.ഡി. നൽകിയ വിവരങ്ങൾ വെളിപ്പെടുത്തുന്നു.

റിവിഷൻ ഹർജി തള്ളിയതിനു ശേഷമാണ് കള്ളപ്പണം വെളുപ്പിക്കൽ നിയമം പ്രകാരം വിവരങ്ങൾ എഫ്ഐആർ രജിസ്റ്റർ ചെയ്യുന്നതിനായി ഡിജിപിക്കു കൈമാറിയത്. അതിനാൽ ഹൈക്കോടതിയുടെയോ സുപ്രീംകോടതിയുടെയോ ഉത്തരവുകൾ ഫലപ്രദമായ അന്വേഷണത്തിനു തടസ്സമല്ലെന്നും കോടതി വ്യക്തമാക്കി.

വിഎസിന്റെ മുൻ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി കെ.എം. ഷാജഹാൻ നൽകിയ ഹർജിയിലാണ് ഉത്തരവ്.

# നാനാ പടേക്കർ ഓർമയായി



പനാജി: വിഖ്യാത ബോളിവുഡ് നടൻ നാനാ പടേക്കർ (75) അന്തരിച്ചു. ഹൃദയാഘാതത്തെത്തുടർന്ന് ഒക്ടോബർ എട്ടിന് വ്യാഴാഴ്ച വെളുപ്പിന് അഞ്ചിന് ഗോവ പനാജിക്കു സമീപമുള്ള വസതിയിലായിരുന്നു അന്ത്യം.

2013-ൽ ഇന്ത്യ പദ്മശ്രീ നൽകി പടേക്കറെ ആദരിച്ചു. മൂന്നു തവണ ദേശീയ സിനിമാ അവാർഡ് നേടിയ നാനാ പടേക്കറിന് മഹാരാഷ്ട്ര സംസ്ഥാന അവാർഡും ഫിലിം ഫെയർ അവാർഡും ലഭിച്ചിട്ടുണ്ട്. തമിഴ്, മറാഠി ചലച്ചിത്രങ്ങളിൽ അഭിനയിച്ചു. ഭാര്യ: നീൽകാന്തി പടേക്കർ. മക്കൾ: ദുർവാസ, മൽഹർ.

മഹാരാഷ്ട്ര റായ്ഗഡിലെ മുറുദ്-ജൻജിറയിൽ മറാഠി കുടുംബത്തിലാണ് വിശ്വനാഥ് പടേക്കർ എന്ന നാനാ പടേക്കർ ജനിച്ചത്. 1978-ൽ മുസാഫിർ അലിയുടെ 'ഗമൻ' എന്ന സിനിമയിലൂടെയാണ് പടേക്കർ അരങ്ങേറ്റം കുറിച്ചത്. സ്മിതാ പാട്ടിലാണ് ഗമനിലെ നായിക. 1988-ൽ മീരാ നായരുടെ സലാം ബോംബെ എന്ന സിനിമയിലെ പടേക്കറുടെ വേഷം ശ്രദ്ധ പിടിച്ചുപറ്റി. 1990-ൽ വിധു വിനോദ് ചോപ്രയുടെ 'പരിന്ദ'യിലെ വില്ലൻ കഥാപാത്രത്തിന് പടേക്കർക്ക് ആദ്യ ദേശീയ അവാർഡ് ലഭിച്ചു. 1994-ൽ ക്രാന്തിവീറിലെ നായകവേഷം പടേക്കർക്ക് രണ്ടാമത്തെ ദേശീയ അവാർഡ് സമ്മാനിച്ചു. അപഹരൺ, കാലാ (തമിഴ്), ഖാമോഷി, ഭൂത്, അങ്കുഷ്, പ്രതിഘട്ട്, സിംഹാസൻ, ആജ് കി ആവാസ്, അഗ്നിസാക്ഷി തുടങ്ങിയവയാണ് പടേക്കറുടെ മറ്റു പ്രശസ്ത സിനിമകൾ. മലയാളസിനിമയോട് എന്നും ആഭിമുഖ്യം പുലർത്തിയ നടനായിരുന്നു അദ്ദേഹം. മലയാളത്തിൽ അഭിനയിക്കാൻ അദ്ദേഹത്തിന് അതിയായ താത്പര്യമുണ്ടായിരുന്നെങ്കിലും അതു സാധ്യമായില്ല.

സാമൂഹികസേവനരംഗത്തും നാനാ പടേക്കർ സജീവമായിരുന്നു. അദ്ദേഹവും നടൻ മകരന്ദ് അനസ്പുരെയും ചേർന്നു സ്ഥാപിച്ച നാം ഫൗണ്ടേഷൻ എന്ന സന്നദ്ധസംഘടന വഴിയായിരുന്നു സാമൂഹിക പ്രവർത്തനങ്ങൾ. മഹാരാഷ്ട്രയിലുണ്ടായ കടുത്ത വരൾച്ചയും കർഷക ആത്മഹത്യകളുമാണ് നാം ഫൗണ്ടേഷൻ സ്ഥാപിക്കാൻ പടേക്കറെ പ്രേരിപ്പിച്ചത്. നാനാ പടേക്കറുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്രമന്ത്രിമാരും വിവിധ പാർട്ടി നേതാക്കളും ചലച്ചിത്ര താരങ്ങളും അനുശോചിച്ചു.

# ആസൂത്രണബോർഡ് ചീഫ് പരീക്ഷാ വിവാദം: പിഎസ്‌സിയുടേത് ക്രമക്കേടെന്ന് എസ്ഐടി

തിരുവനന്തപുരം: ആസൂത്രണ ബോർഡ് ചീഫ് പരീക്ഷാ മൂല്യനിർണയത്തിൽ പിഎസ്‌സിയുടെ ഭാഗത്തുനിന്ന് ക്രമക്കേട് നടന്നതായി ക്രൈംബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘം. 58 മാർക്കിന്റെ ചോദ്യങ്ങൾ മൂല്യനിർണയം നടത്താതെ മനഃപൂർവം ഒഴിവാക്കിയെന്നും ഇതിലൂടെ നിയമനം അട്ടിമറിക്കാൻ പിഎസ്‌സി അധികൃതർ വഴിവിട്ട നീക്കങ്ങൾ നടത്തിയെന്നും ക്രൈംബ്രാഞ്ച് എസ്ഐടി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കി. അന്വേഷണ നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് പിഎസ്‌സി സമർപ്പിച്ച ഹർജിക്ക് എതിരെയാണ് എസ്ഐടി റിപ്പോർട്ട് നൽകിയത്.

മൂല്യനിർണയത്തിലെ അപാകത സാങ്കേതികപ്പിഴവ് മാത്രമെന്നായിരുന്നു പിഎസ്‌സിയുടെ വാദം. ഹർജിയിൽ ഹൈക്കോടതി വിശദവാദം കേൾക്കും.

പിഎസ്‌സി പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇതുവരെ 180 പരാതികൾ തങ്ങൾക്കു ലഭിച്ചെന്നും സൂക്ഷ്മ പരിശോധനയ്ക്കൊടുവിൽ ഒൻപത് പരീക്ഷകളിൽ വിശദമായ അന്വേഷണം വേണമെന്ന് കണ്ടെത്തിയതായും ഐജി അജീത ബേഗത്തിന്റെ നേതൃത്വത്തിലുള്ള എസ്ഐടിയുടെ റിപ്പോർട്ടിൽ വ്യക്തമാക്കി.

ആസൂത്രണ ബോർഡ് ചീഫ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ, റാങ്ക് ലിസ്റ്റിൽ 58 മാർക്കിന്റെ 10 ചോദ്യങ്ങളുടെ മൂല്യനിർണയം നടത്തിയില്ലെന്നു തെളിഞ്ഞതായി എസ്ഐടി കോടതിയെ അറിയിച്ചു. ലിസ്റ്റിൽ ഒന്നാംറാങ്ക് ലഭിച്ച ഉദ്യോഗാർഥി ഇതിൽ അഞ്ച് ചോദ്യങ്ങൾ ഉത്തരമെഴുതാതെ ഒഴിവാക്കിയെന്നും നാല് ചോദ്യത്തിന് അപൂർണമായ ഉത്തരമാണു നൽകിയതെന്നും കണ്ടെത്തി.

പരീക്ഷാ ക്രമക്കേടിലെ എഫ്ഐആറിൽ ആരുടെയും പേര് ചേർക്കുന്നതിനു മുൻപേതന്നെ അന്വേഷണം റദ്ദാക്കാൻ പിഎസ്‌സി കോടതിയെ സമീപിച്ചതിൽ ദുരൂഹതയുണ്ട്. അന്വേഷണം തങ്ങളിലേക്കു നീണ്ടേക്കുമെന്ന ഭീതിയിലാണ് ചെയർമാനും അംഗങ്ങളും കോടതിയെ സമീപിച്ചതെന്നാണ് ക്രൈംബ്രാഞ്ചിന്റെ വാദം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 41
October 12, 2026

*Chief Editor*
K.M. Eapen
*Executive Editor*
Jose Kaniyaly
*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen
*Circulation Manager*
Ajith Eapen
*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza
*Manager*
K.M. Thimothy
*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel
*News Editor*
Mini Mani
*Graphics*
Samuel Mani
*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ഭയം അടിമത്തമാണ്. പ്രതീക്ഷയാണ് സ്വാതന്ത്ര്യം.
**മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ**

ഉത്സാഹം മനുഷ്യന്റെ ഭാഗ്യശീലത്തിന്റെ ആരംഭമാകുന്നു.
**തിരുവള്ളുവർ**


TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
A bachelor's or higher degree in Theology
Currently reside in the USA
Married and Spouse should be supportive and willing to participate in youth ministry
Strong biblical foundation and spiritual maturity
Ability to connect with, mentor, and disciple youth
Willingness to actively engage with youth beyond Sunday services
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please apply by submitting your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
OCTOBER 19, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583


MEDICARE PLANS
MADE SIMPLE
Your Medicare Questions
Answered Your Benefits Explained
✓ Medicare Part B Premium Refund
✓ $0 PPO Plans
✓ Prescription Drug Coverage
✓ Dental, Vision & Hearing
✓ Worldwide Coverage
✓ Free Gym Coverage
✓ Extra Supplement Benefits
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
rsurendran007@gmail.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മോദിക്കെതിരെ ആഞ്ഞടിച്ച് രാഹുൽഗാന്ധി

ചെന്നൈ: ഇന്ത്യൻ ജനാധിപത്യത്തെ 'മൊഗാംബോ മോദി' തകർക്കുകയാണെന്നും ഇന്ത്യയ്ക്കെതിരെ ചെയ്ത കുറ്റങ്ങൾക്കു പ്രധാനമന്ത്രി നരേന്ദ്ര മോദി വില നൽകേണ്ടി വരുമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

ആയിരക്കണക്കിനു വിദ്യാർത്ഥികൾ അണിനിരക്കുന്ന 'ഛാത്രോം കീ ഗൂഞ്ച്' പരിപാടിയിൽ സംവദിക്കുകയായിരുന്നു അദ്ദേഹം.

വോട്ട് കൊള്ളയ്ക്കു നേതൃത്വം നൽകുന്ന നരേന്ദ്ര മോദി പ്രതിഷേധങ്ങളെ അടിച്ചമർത്തുകയാണ്. ജനരോഷം ഭയന്നു ഡൽഹിയിൽ എല്ലാം അടച്ചുപൂട്ടിയിരിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. വിദ്യാർത്ഥികളെ മർദിക്കാൻ ബിജെപി ഗുണ്ടകളാണു മുന്നിലുള്ളത്.

കഴിഞ്ഞ 15 വർഷമായി മോദി നടത്തുന്ന നാടകം അവസാനിക്കാൻ പോകുകയാണെന്നും അദ്ദേഹം പറഞ്ഞു. 1987-ൽ പുറത്തിറങ്ങിയ സയൻസ് ഫിക്ഷന്റെ സിനിമയായ 'മിസ്റ്റർ ഇന്ത്യ'യിലെ വില്ലൻ കഥാപാത്രമായ 'മെഗാംബോ'യുമായി പ്രധാനമന്ത്രിയെ രാഹുൽ ഉപമിച്ചു. ഇതുമായി ബന്ധപ്പെട്ട എഐ ചിത്രീകരണവും വേദിയിൽ പ്രദർശിപ്പിച്ചു. പ്രധാനമന്ത്രി മോദിയും ആഭ്യന്തര മന്ത്രി അമിത് ഷായും തമിഴ് സംസ്കാരത്തിനും ഭാഷയ്ക്കും ചരിത്രത്തിനുമെതിരാണെന്നും രാഹുൽ ആരോപിച്ചു.



ചെന്നൈയിൽ 'ഛാത്രോം കീ ഗൂഞ്ച്' പരിപാടിക്കിടെ വിദ്യാർത്ഥികളുമായി സംവദിക്കുന്ന ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

രാഹുലിനൊപ്പം വേദിയിൽ നീറ്റ് പരീക്ഷയ്ക്കെതിരെ സംസാരിക്കാൻ, പരീക്ഷയിലെ തോൽവിയെ തുടർന്നു ജീവനൊടുക്കിയ അനിതയുടെ ജ്യേഷ്ഠൻ മണിരത്നവും എത്തിയിരുന്നു. നീറ്റ് പരീക്ഷ നിരോധിക്കണമെന്ന ആവശ്യത്തെ പിന്തുണയ്ക്കുന്നതായി രാഹുൽ ഗാന്ധി പ്രഖ്യാപിച്ചു. സംവാദത്തിന്റെ ആറാം പതിപ്പാണു ചെന്നൈയിൽ നടന്നത്.

കോട്ട, ഡെറാഡൂൺ, പ്രയാഗ്‌രാജ്, പൂണെ, ഇൻഡോർ എന്നിവിടങ്ങളിലായിരുന്നു മുൻപു സംവാദം നടന്നത്.

# നഷ്ടപ്പെടുന്നത് ഒരു വോട്ട് മാത്രമല്ല

ജനാധിപത്യത്തിന്റെ ശക്തി അളക്കേണ്ടത് തെരഞ്ഞെടുപ്പുകൾ എത്ര ഭംഗിയായി നടത്തുന്നു എന്നതുകൊണ്ട് മാത്രമല്ല, ഓരോ പൗരനും തന്റെ സമ്മതിദാനാവകാശം വിനിയോഗിക്കാൻ എത്രത്തോളം അവസരം ലഭിക്കുന്നു എന്നതുകൊണ്ട് കൂടിയാണ്. കൃത്യവും പുതുക്കിയതുമായ വോട്ടർ പട്ടികയില്ലാതെ സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് നടത്താനാവില്ല. മരിച്ചവരുടെ പേരുകൾ നീക്കം ചെയ്യുക, ഒരേ വ്യക്തിയുടെ പേര് ഒന്നിലധികം സ്ഥലങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുക, താമസം മാറിയവരുടെ വിവരങ്ങൾ പുതുക്കുക, പുതുതായി വോട്ടവകാശം നേടിയവരെ പട്ടികയിൽ ഉൾപ്പെടുത്തുക എന്നിവ തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെ അനിവാര്യമായ ഉത്തരവാദിത്വങ്ങളാണ്. എന്നാൽ, പട്ടിക ശുദ്ധീകരിക്കാനുള്ള നടപടിയിൽ അർഹരായ വോട്ടർമാരുടെ പേരുകൾ തെറ്റായി നീക്കം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുകയും വേണം. കൃത്യതയും നീതിയും ഒരുമിച്ച് ഉറപ്പാക്കുക എന്നതാണ് വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ യഥാർത്ഥ പരീക്ഷണം.

ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ 2026-ൽ വിവിധ ഘട്ടങ്ങളിലായി വോട്ടർ പട്ടികയുടെ പ്രത്യേക തീവ്രപരിശോധന നടപ്പാക്കിവരുകയാണ്. വീട്ടോറുമുള്ള പരിശോധന, കരട് പട്ടിക പ്രസിദ്ധീകരിക്കൽ അവകാശവാദങ്ങളും എതിർപ്പുകളും സ്വീകരിക്കൽ, രേഖകൾ പരിശോധിക്കൽ, അർഹരായ വോട്ടർമാർക്ക് അപ്പീൽ നല്കാനുള്ള അവസരം എന്നിവ നടപടിയുടെ ഭാഗമാണെന്ന് ഔദ്യോഗിക വിശദീകരണങ്ങൾ വ്യക്തമാക്കുന്നു. വോട്ടർ പട്ടികയുടെ കൃത്യതയെക്കുറിച്ചുള്ള ആശങ്കകൾക്ക് ചില സംഭവങ്ങൾ പശ്ചാത്തലമായിട്ടുണ്ട്. മുംബൈയിലെ വോട്ടർപട്ടികയുമായി ബന്ധപ്പെട്ടും ചോദ്യങ്ങൾ ഉയർന്നിട്ടുണ്ട്. കരട്പട്ടികയിലും നീക്കം ചെയ്തവരുടെ പട്ടികയിലും ഉൾപ്പെടാത്ത ഏകദേശം അഞ്ചുലക്ഷം വോട്ടർമാരെക്കുറിച്ച് ശിവസേന (ഉദ്ധവ് താക്കറേ വിഭാഗം) നേതാവ് ആദിത്യ താക്കറെ സംശയം ഉന്നയിച്ചതായി ഒക്ടോബർ 9-ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ആവർത്തിച്ചുള്ള പേരുകൾ നീക്കം ചെയ്തതുമായി ബന്ധപ്പെട്ടതാണ് പട്ടികയിലെ കുറവെന്നതായിരുന്നു തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശദീകരണം.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവാദിത്വം അതുകൊണ്ടുതന്നെ വലുതാണ്. പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യുമ്പോൾ കാരണം വ്യക്തമാക്കണം. തെറ്റായി ഒഴിവാക്കപ്പെട്ടവർക്ക് പരാതി നല്കാനും അപ്പീൽ ചെയ്യാനും പ്രായോഗികമായി കഴിയണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിന് പ്രത്യേക പ്രസക്തിയുണ്ട്. വിദേശത്തും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും ജോലി ചെയ്യുന്ന മലയാളികൾ, തൊഴിൽതേടി താമസം മാറുന്ന തൊഴിലാളികൾ, പഠനത്തിനായി മറ്റിടങ്ങളിൽ കഴിയുന്ന വിദ്യാർത്ഥികൾ, നഗരങ്ങളിലേക്ക് കുടിയേറുന്ന കുടുംബങ്ങൾ എന്നിവരുടെ ജീവിതസാഹചര്യങ്ങൾ വോട്ടർപട്ടിക പുതുക്കുമ്പോൾ പരിഗണിക്കണം. പരിശോധനാ സമയത്ത് വീട്ടിൽ ആളില്ലെന്നതുകൊണ്ടോ രേഖകളിൽ ചെറിയ വ്യത്യാസമുണ്ടെന്നതുകൊണ്ടോ ഒരാൾ താമസം മാറിയെന്ന് ഉറപ്പിക്കാനാവില്ല. ഈ ഉത്തരവാദിത്വം തെരഞ്ഞെടുപ്പ് കമ്മീഷനിൽ മാത്രം ഒതുങ്ങുന്നില്ല. രാഷ്ട്രീയപാർട്ടികൾ സ്വന്തം പിന്തുണക്കാർക്കായി മാത്രമല്ല, എല്ലാ അർഹരായ വോട്ടർമാരുടെയും പേരുകൾ പട്ടികയിലുണ്ടോ എന്ന് പരിശോധിക്കണം. തെറ്റുകൾ കണ്ടെത്തിയാൽ നിയമാനുസൃതമായി പരാതി നല്കുകയും അർഹരായവരുടെ പേരുകൾ തിരികെ ഉൾപ്പെടുത്തുവാൻ സഹായിക്കുകയും വേണം.

മരിച്ചവരുടെ പേര് നീക്കം ചെയ്യാതിരിക്കുക, ഒരേ വ്യക്തിയുടെ പേര് പല സ്ഥലങ്ങളിൽ നിലനിർത്തുക, അർഹതയില്ലാത്തവരെ പട്ടികയിൽ ഉൾപ്പെടുത്തുക എന്നിവയും തെരഞ്ഞെടുപ്പിന്റെ വിശ്വാസ്യതയെ ബാധിക്കും. അതിനാൽ പട്ടിക പരിഷ്കരിക്കരുതെന്ന നിലപാട് ശരിയല്ല. പരിഷ്കരണം വേണം പക്ഷേ, അത് നിയമാനുസൃതവും സുതാര്യവും പിഴവുകൾ തിരുത്താൻ കഴിയുന്നതുമായിരിക്കണം. ജനാധിപത്യത്തിന്റെ വിശ്വാസ്യത നിലനിൽക്കുന്നത് തെരഞ്ഞെടുപ്പ് ദിവസം വോട്ട് രേഖപ്പെടുത്താനുള്ള അവസരത്തിൽ മാത്രം അല്ല, ആ അവസരം എല്ലാവർക്കും തുല്യമായി ലഭിക്കുന്നുവെന്ന ഉറപ്പിലാണ്. പട്ടികയിൽ പേരില്ലാത്ത ഒരാൾക്ക് തന്റെ രാഷ്ട്രീയ നിലപാട് വോട്ടിലൂടെ പ്രകടിപ്പിക്കാനാവില്ല. തെറ്റായ ഒഴിവാക്കലുകൾ വ്യക്തിയുടെ അവകാശത്തെ മാത്രമല്ല ജനവിധിയുടെ കൃത്യതയെയും ബാധിക്കാം.അതുകൊണ്ട് വോട്ടർപട്ടിക പരിഷ്കരണത്തിന്റെ വിജയം എത്ര പേരുകൾ നീക്കം ചെയ്തു എന്നതുകൊണ്ടല്ല അളക്കേണ്ടത്. അർഹരായവരുടെ അവകാശം എത്രത്തോളം സംരക്ഷിക്കപ്പെട്ടു, പിഴവുകൾ എത്ര വേഗത്തിൽ തിരുത്തി, പരാതികൾക്ക് നീതി ലഭിച്ചോ എന്നതുകൊണ്ടാണ്. വോട്ടർ പട്ടിക പരിഷ്കരണം കൃത്യമാകണം അതിലേക്കുള്ള പ്രവേശനം നീതിപൂർവമായിരിക്കണം. തെരഞ്ഞെടുപ്പ് കമ്മീഷൻ സംശയങ്ങൾക്ക് തെളിവുകളോടെ മറുപടി നല്കണം. ഒരു പേര് വോട്ടർ പട്ടികയിൽ നിന്ന് നഷ്ടപ്പെടുമ്പോൾ നഷ്ടപ്പെടുന്നത് ഒരു വോട്ട് മാത്രമല്ല, ജനാധിപത്യത്തിൽ പങ്കാളിയാകാനുള്ള ഒരു പൗരന്റെ അവസരവുമാണ്. അതിനാൽ പട്ടികയുടെ കൃത്യത ഉറപ്പാക്കുന്നതുപോലെതന്നെ, അർഹതയുള്ള ഒരാളും അന്യായമായി പുറത്താകുന്നില്ലെന്ന് ഉറപ്പാക്കുകയും വേണം.

# പിണറായി വിജയൻ ഹൈക്കോടതിയിൽ അപ്പീൽ നല്കി

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് പണമിടപാട് കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന സിംഗിൾ ബെഞ്ച് വിധിക്കെതിരെ പിണറായി വിജയൻ അടക്കമുള്ളവർ ഹൈക്കോടതിയിൽ. വിഷയത്തിൽ സിംഗിൾ ബെഞ്ച് വിധിക്കെതിരെ അപ്പീൽ നല്കാൻ ഡിവിഷൻ ബെഞ്ച് അനുമതി നല്കി. സിംഗിൾ ബെഞ്ചിനു മുന്നിലുണ്ടായിരുന്ന ഹർജിയിൽ കക്ഷിയല്ലാത്തതിനാലാണ് പിണറായി അടക്കമുള്ളവർ അപ്പീൽ സമർപ്പിക്കാൻ അനുമതി തേടിയത്.

എഫ്ഐആർ രജിസ്റ്റർ ചെയ്താൽ എന്തു സംഭവിക്കുമെന്ന് ജസ്റ്റീസുമാരായ കെ. നടരാജൻ, ജോബിൻ സെബാസ്റ്റ്യൻ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ചോദിച്ചു. തുടർന്ന് അപ്പീൽ ഫയൽ ചെയ്യാൻ അനുമതി നല്കുകയായിരുന്നു.

ഒക്ടോബർ 9-ലെ സിംഗിൾ ബെഞ്ച് വിധി പൂർണമായും റദ്ദാക്കുക, എഫ്ഐആർ രജിസ്റ്റർ ചെയ്യാനുള്ള ഉത്തരവും തുടർനടപടികളും അപ്പീലിന്റെ അന്തിമ തീരുമാനമുണ്ടാകുന്നതു വരെ സ്റ്റേ ചെയ്യുക തുടങ്ങിയവയാണ് പിണറായി അടക്കമുള്ളവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ. ആകെ നാല് സെറ്റ് അപ്പീലുകളാണ് ഫയൽ ചെയ്തിട്ടുള്ളത്.

കേസിൽ തനിക്ക് വാദം ഉന്നയിക്കാൻ അവസരം നല്കാതെയാണ് സിംഗിൾ ബെഞ്ച് വിധി പ്രസ്താവിച്ചതെന്നും ഇത് സ്വാഭാവിക നീതിയുടെ നിഷേധമാണെന്നും പിണറായി അപ്പീലിൽ ചൂണ്ടിക്കാണിക്കുന്നു. ഇതേ വിഷയവുമായി ബന്ധപ്പെട്ട പരാതികൾ മുൻപ് തിരുവനന്തപുരം വിജിലൻസ് സ്പെഷൽ കോടതിയും ഹൈക്കോടതിയും സുപ്രീംകോടതിയും പരിശോധിച്ച് തള്ളിക്കളഞ്ഞതാണെന്നും അപ്പീലിൽ പറയുന്നു. അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കാൻ ആവശ്യമായ ആവശ്യപ്പെടലും സ്വീകരിക്കലും വ്യക്തമാക്കുന്ന യാതൊരു



തെളിവുകളും ഇഡി നല്കിയ വിവരങ്ങളിലില്ലെന്നും മുദ്രവെച്ച കവറിൽ സമർപ്പിച്ച വിവരങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ നിർദ്ദേശം നല്കിയത് ശരിയല്ലെന്നും അപ്പീലിൽ പറയുന്നു. കെ.എം. ഷാജഹാൻ നല്കിയ പൊതുതാല്പര്യ സ്വഭാവമുള്ള ഹർജിയിൽ നടപടിയെടുക്കാൻ സിംഗിൾ ബെഞ്ചിന് അധികാരമില്ലായിരുന്നു എന്നും അപ്പീലിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് നിയമപരമായി നിലനിൽക്കില്ലെന്നും അതിനാൽ വിധി റദ്ദാക്കണമെന്നുമാണ് പിണറായി ആവശ്യപ്പെട്ടിരിക്കുന്നത്.

തനിക്കെതിരെ അന്വേഷണത്തിന് ഉത്തരവിടുമ്പോൾ കേസിൽ കക്ഷിയാക്കാതെയും സ്വന്തം ഭാഗം കേൾക്കാതെയും ഉത്തരവിറക്കിയത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് വീണയും അപ്പീലിൽ ചൂണ്ടിക്കാണിക്കുന്നു. നിലവിൽ കമ്പനി നിയമപ്രകാരം സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്എഫ്ഐഒ) അന്വേഷണം നടക്കുന്ന വിഷയമായതിനാൽ ഇതേ കാര്യത്തിൽ വിജിലൻസിനോ സംസ്ഥാന പോലീസിനോ പുതിയ എഫ്ഐആർ ഇട്ട് അന്വേഷിക്കാനാകില്ലെന്നും അപ്പീലിൽ പറയുന്നു.

# പ്രതിഷേധിക്കാൻ ജന്തർ മന്തറിനു പകരം പുതിയ വേദികൾ

ന്യൂഡൽഹി: മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് ഇന്ത്യാ സഖ്യവും സിജെപിയും പ്രതിഷേധം ശക്തമാക്കിയിരിക്കെ ഡൽഹിയിൽ പ്രതിഷേധങ്ങൾക്കും ധർണകൾക്കുമായി മൂന്ന് പുതിയ ഔദ്യോഗിക വേദികൾ നിശ്ചയിച്ച് ഡൽഹി പോലീസ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള സമിതി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിലാണ് തീരുമാനം. ഇതുവരെ പ്രധാന സമരവേദിയായിരുന്ന അതീവ സുരക്ഷാ മേഖലയിലുള്ള ജന്തർ മന്തറിനെ പ്രതിഷേധങ്ങൾക്കുള്ള വേദികളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കി. പൗരന്മാർക്ക് പ്രതിഷേധിക്കാനും പ്രകടനങ്ങൾ നടത്താനുമുള്ള അവകാശം സംരക്ഷിക്കുന്നതിനായി നിലവിലുള്ള സമരവേദിക്ക് പകരം അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്താൻ ആഭ്യന്തര മന്ത്രാലയം പ്രത്യേക സമിതിക്ക് രൂപം നല്കിയിരുന്നു. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജന്തർ മന്തറിനെ ഇനി സമരവേദിയായി ഉപയോഗിക്കേണ്ടതില്ലെന്ന് ഉത്തരവിറക്കിയത്. രാംലീലാ മൈതാനം, ബുരാരി മൈതാനം, സിബിഡി മൈതാനം എന്നിവയാണ് പുതിയ സമരവേദികളായി പ്രഖ്യാപിച്ചിരിക്കുന്നത്.


JV BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR.
COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# അനുമതിയോടെ വാഹന മോഡിഫിക്കേഷൻ: ഉത്തരവായി

തിരുവനന്തപുരം: മോട്ടർവാഹന വകുപ്പിന്റെ മുൻകൂർ അനുമതിയോടെ വാഹനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഗതാഗത വകുപ്പ് അനുവാദം നൽകി ഉത്തരവായി.

എല്ലാ മോഡിഫിക്കേഷനും ആർടിഒയുടെ മുൻകൂർ അനുമതിയോടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (ആർസി) രേഖപ്പെടുത്തിയും മാത്രമേ നടത്താൻ പാടുള്ളൂ. ഘടനാപരമായ മാറ്റങ്ങൾ യഥാർത്ഥ വാഹനനിർമാതാവോ നിർമാതാവിന്റെ ഡീലറോ സംസ്ഥാന സർക്കാർ അംഗീകരിച്ച വർക്ഷോപ്പുകളിലോ സർവീസ് സെന്ററുകളിലോ ചെയ്യണമെന്നു നിർദേശമുണ്ട്.

രജിസ്ട്രേഷൻ അതോറിറ്റികൾ വാഹനിർമാതാവിന്റെ സാങ്കേതിക സവിശേഷതകളും വാഹനത്തിന്റെ ടൈപ്പ് അപ്രൂവൽ/പ്രോട്ടോടൈപ് അപ്രൂവൽ വിവരങ്ങളും അടിസ്ഥാനമാക്കി അപേക്ഷകൾ പരിഗണിച്ച് അനുവദിച്ച മാറ്റം ആർസിയിൽ രേഖപ്പെടുത്തണം. ഈ ഉത്തരവിൽ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടാത്തതോ അനുമതിയില്ലാതെ നടത്തിയതോ ആയ മാറ്റങ്ങളെല്ലാം നിരോധിതമാണ്. അവയ്ക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കും.

**മാറ്റങ്ങളും നിബന്ധനകളും**

വാഹനത്തിന്റെ നിറം മാറ്റൽ: കേന്ദ്ര മോട്ടർവാഹന ചട്ടത്തിലോ സംസ്ഥാന ഗതാഗത അതോറിറ്റിയുടെ തീരുമാനങ്ങൾ പ്രകാരമോ നിരോധിച്ച നിറങ്ങൾ പാടില്ല. എഞ്ചിൻ മാറ്റം: നിലവിലെ എഞ്ചിന്റെ അതേ നിർമാതാവിന്റെ, അതേ മോഡലിലും ശേഷിയിലുമുള്ള പുതിയ എഞ്ചിൻ സ്ഥാപിക്കാം. മറ്റൊരു മോഡലിന്റെ എഞ്ചിൻ സ്വാപ് ചെയ്യാൻ പാടില്ല. ഷാസി/ഫ്രെയിം മാറ്റൽ: അതേ നിർമാതാവിന്റെയും അതേ തരത്തിലുള്ളതുമായ പുതിയ ഷാസി മാറ്റി സ്ഥാപിക്കാം. ഏതെങ്കിലും ഒരു തരം വാഹനത്തിനായി നിർമിച്ച ഷാസി മറ്റൊരുതരം വാഹനമാക്കാൻ പാടില്ല. ബോഡി ഘടനയിൽ മുൻകൂർ അനുമതിയോടെ മാറ്റം വരുത്താം. അംഗീകൃത റെട്രോഫിറ്റ് കിറ്റ് ഉപയോഗിച്ച് ഇന്ധനം തരംമാറ്റൽ: യഥാർത്ഥ വാഹന നിർമാതാവിന്റെ വർക്ഷോപ്, നിർമാതാവിന്റെ ഡീലറുടെ വർക്ഷോപ്, സംസ്ഥാന സർക്കാർ അംഗീകരിച്ച വർക്ഷോപ് അല്ലെങ്കിൽ സർവീസ് സ്റ്റേഷൻ ഇവയിലൊന്നിൽ റെട്രോഫിറ്റ് കിറ്റ് ഉപയോഗിച്ച് ഇതുചെയ്യാം.

പ്രൊപ്പൽഷൻ സംവിധാനം മാറ്റൽ: അംഗീകൃത കൺവേർഷൻ കിറ്റ് ഉപയോഗിച്ച്, കേന്ദ്രസർക്കാർ നിശ്ചയിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച് ചെയ്യാം. പ്രത്യേക ആവശ്യങ്ങളുള്ള വ്യക്തികൾക്കു യോജിച്ച രീതിയിൽ അഡാപ്റ്റഡ് വെഹിക്കിൾ ആക്കി മാറ്റൽ: യഥാർത്ഥ വാഹന നിർമാതാവിന്റെ വർക്ഷോപ്, നിർമാതാവിന്റെ വർക്ഷോപ്, നിർമാതാവിന്റെ ഡീലറുടെ വർക്ഷോപ്, കേരള സർക്കാർ അംഗീകരിച്ച വർക്ഷോപ് അല്ലെങ്കിൽ സർവീസ് സ്റ്റേഷൻ ഇവയിലൊന്നിൽമാത്രമേ ഇതുചെയ്യാൻ പാടുള്ളൂ.

# എയർ മാർഷൽ അശുതോഷ് ദീക്ഷിത് വ്യോമസേനാ മേധാവിയാകും



ന്യൂഡൽഹി: എയർ മാർഷൽ അശുതോഷ് ദീക്ഷിത് അടുത്ത വ്യോമസേനാ മേധാവിയാകും. നിലവിൽ വ്യോമസേനയുടെ ഉപമേധാവിയാണ്. നിലവിലെ മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ് വിരമിക്കുന്നതോടെ ഒക്ടോബർ 31-നു ദീക്ഷിത് ചുമതലയേൽക്കും. മിറാഷ്, മിഗ്, ജാഗ്വാർ, തേജസ് തുടങ്ങിയ യുദ്ധവിമാനങ്ങളിലായി 3500 മണിക്കൂറിലേറെ പറന്ന പരിചയമുണ്ട്. മിറാഷ്-2000 സ്ക്വാഡ്രൺ കമാൻഡർമാരിൽനിന്നു വ്യോമസേനാ മേധാവി പദവിയിലെത്തുന്ന ആദ്യ ഓഫീസറാണ്. ഓപ്പറേഷൻ സിന്ദൂർ, കാർഗിൽ യുദ്ധത്തിന്റെ ഭാഗമായി നടന്ന ഓപ്പറേഷൻ സഫേദ് സാഗർ തുടങ്ങി ഒട്ടേറെ ദൗത്യങ്ങളിൽ പങ്കാളിയായിരുന്നു. പരമ വിശിഷ്ട സേവാമെഡൽ ഉൾപ്പെടെയുള്ള അംഗീകാരങ്ങളും നേടി.

# നൊബേൽ നേടിയ സംഘത്തിൽ കോഴിക്കോട്ടുകാരി

കോഴിക്കോട്: ഭൗതികശാസ്ത്ര നൊബേൽ നേടിയ ബെൽജിയൻ-അമേരിക്കൻ കണികാ ശാസ്ത്രജ്ഞൻ ഫ്രാൻസിസ് ഹാൽസന്റെ ഗവേഷക സംഘത്തിൽ മലയാളിയും. ചാലപ്പുറം കീർത്തിനഗർ 'സ്വസ്തി'യിൽ വി. അശ്വതി ബാലഗോപാലാണ് അഞ്ച് വർഷത്തിലേറെയായി ഹാൽസനൊപ്പം അസ്ട്രോഫിസിക്കൽ ന്യൂട്രിനോകളെ കണ്ടെത്താനുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നത്. അശ്വതിയുടെ രണ്ട് കണ്ടെത്തലുകൾ നൊബേൽ നേടിയ പ്രബന്ധത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രോവിഡൻസ് സ്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷം ദേവഗിരി കോളജിൽനിന്നു ഫിസിക്സിൽ ബിരുദമെടുത്ത അശ്വതി ജർമനിയിലെ കാൾസ്ഹുവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നാണ് പിഎച്ച്ഡി പൂർത്തിയാക്കിയത്. പിന്നീട് യുഎസിലെ വിസ്കോൻസിൻ-മാഡിസൻ സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ചറായി ഹാൽസന്റെ സംഘത്തിൽ ചേർന്നു.



വിവിധ രാജ്യങ്ങളിൽനിന്നായി മുന്നൂറോളം പേർ സംഘത്തിലുണ്ട്. 'ദശാബ്ദങ്ങൾക്കു ശേഷമായിരിക്കും ന്യൂട്രിനോ ഗവേഷണങ്ങളുടെ ഫലം മാനവരാശിക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പുതിയ കണ്ടുപിടിത്തങ്ങളിലേക്കു നയിക്കുക' - അശ്വതി പറഞ്ഞു. ചാർട്ടേഡ് അക്കൗണ്ടന്റായ പി. ബാലഗോപാലിന്റെയും രശ്മിയുടെയും മകളാണ്. ഭർത്താവ്: ആശിഖ് ശശീന്ദ്രൻ.

# മേരിക്കുട്ടി ജോസഫ് കോലടിയിൽ അന്തരിച്ചു



കട്ടച്ചിറ: കോലടിയിൽ കെ.സി. ജോസഫിന്റെ ഭാര്യ റിട്ടയേർഡ് ഹൈസ്കൂൾ ടീച്ചർ മേരിക്കുട്ടി ജോസഫ് (79) അന്തരിച്ചു. പരേത കണ്ണങ്കര വെളിയിൽ കുടുംബാംഗമാണ്. മക്കളും കൊച്ചുമക്കളും: സൂരജ് & റ്റീന (മഠത്തിത്താഴെ), ചിക്കാഗോ, സിജോ & സാനിയ, സീമ & ജോസ് (വെട്ടിമറ്റം), ചിക്കാഗോ, ആഞ്ചലീന & ജെറാൾഡ്, സുജിത് & റിയ (പൂഴിക്കുന്നേൽ), ന്യൂഓർലിയൻസ്, സാറ, ജോസഫ്, ജെറമിയ & റൂത്ത്. മാതാപിതാക്കൾ: കണ്ണങ്കര വെളിയിൽ പരേതരായ ഉതുപ്പും ഏലിയാമ്മയും (വിലങ്ങാട്ടുശ്ശേരിൽ). സഹോദരങ്ങൾ: പരേതനായ സിറിയക് & ചാച്ചിയമ്മ (ചിങ്ങവനം), ഔസേപ്പച്ചൻ & പരേതയായ ലീലാമ്മ (കണ്ണങ്കര), പരേതനായ ഫാ. എഫ്രേം വെളിയിൽ ORC, മർത്തോമ്മാ ഭവൻ (കളമശ്ശേരി), പരേതനായ ഫിലിപ്പ് (കുഞ്ഞച്ചൻ & അമ്മുക്കുട്ടി (കണ്ണങ്കര).

പൊതുദർശനം: ചൊവ്വാഴ്ച ഒക്ടോബർ 13, വൈകുന്നേരം 6.00 മണി മുതൽ ഭവനത്തിൽ. സംസ്കാര ശുശ്രൂഷകൾ: ബുധനാഴ്ച ഒക്ടോബർ 14, രാവിലെ 10.30-ന് ആരംഭിക്കുന്നു. തുടർന്ന് പള്ളിയിലെ ശുശ്രൂഷയും സംസ്കാരവും കട്ടച്ചിറ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ.

# ഒന്നരവർഷത്തിനിടെ ഇന്ത്യയിൽ വിറ്റത് 15000 വയൽ വ്യാജ ആന്റിബയോട്ടിക്

ബെംഗളൂരു: സംസ്ഥാനാന്തര വ്യാജമരുന്നു ലോബി ഒന്നര വർഷത്തിനിടെ ഇന്ത്യയിൽ വിറ്റത് 15,000 കുപ്പി (വയൽ) വ്യാജ ആന്റിബയോട്ടിക് കുത്തിവയ്പുകൾ. യുഎസ് കമ്പനി ഫൈസറിന്റെ സാവിസെഫ്റ്റ, എംബ്ലാവ്കോ എന്നിവ ഉൾപ്പെടെയുള്ള മരുന്നുകളുടെ വ്യാജ ലേബലുകൾ തുർക്കിയിൽ നിന്ന് ഇറക്കുമതി ചെയ്ത് വയലുകളിൽ ഒട്ടിച്ചായിരുന്നു തട്ടിപ്പ്. നിലവാരം കുറഞ്ഞ മരുന്നു നിറച്ച വയലുകൾക്കു പുറത്ത് രാജ്യാന്തര കമ്പനിയുടെ ലേബൽ പതിപ്പിച്ച് ബെംഗളൂരു, ചെന്നൈ, ഡൽഹി എന്നിവിടങ്ങളിൽ മാത്രം 10 കോടിയുടെ മരുന്നു വിറ്റു.

കർണാടകയിൽ വ്യാജ മരുന്നു ലോബിക്കു ചുക്കാൻ പിടിക്കുന്ന പ്രശാന്ത് രാജൻ ബാബുവാണ് പോലീസിന്റെ പ്രത്യേക അന്വേഷണ സംഘത്തോട് ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയത്.

അസർബൈജാനിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഇയാൾ ഈയിടെ ബെംഗളൂരു വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ കർണാടക പോലീസിന്റെ പിടിയിലായി. കർണാടകയിലെ ഫാം ഹൗസുകളിൽ ഫുഡ് സേഫ്റ്റി ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ ഓഗസ്റ്റിൽ നടത്തിയ റെയ്ഡിൽ 4.91 കോടിയുടെ വ്യാജമരുന്നു പിടിച്ചതോടെയാണു തട്ടിപ്പിന്റെ ചുരുളഴിഞ്ഞത്. എക്സ്പയറി ഡേറ്റ് കഴിഞ്ഞ് ഉപയോഗശൂന്യമായ മരുന്നുകൾ ഉൾപ്പെടെ വൻകിട മരുന്നുകമ്പനികളുടെ ലേബൽ ഒട്ടിച്ചു വിതരണം ചെയ്തതായി കണ്ടെത്തി.

ഹരിയാന, ഹിമാചൽപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ നിന്നാണു വിലകുറഞ്ഞതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ എത്തിച്ചിരുന്നത്.

ചെന്നൈ സ്വദേശി ബാലസുബ്രഹ്മണ്യൻ, പ്രശാന്തിന്റെ ഭാര്യ പ്രിയങ്ക എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്ത ഡിഎം ഫാർമ, വീരേഷ് കുമാർ ജൈനിന്റെ ഉടമസ്ഥതയിലുള്ള കൃപ ഫാർമ തുടങ്ങിയവ വഴിയാണു വ്യാജമരുന്നു വിൽപന നടത്തിയത്. ബാലസുബ്രഹ്മണ്യനും അറസ്റ്റിലായിട്ടുണ്ട്.







# ക്നാനായ ഇടവകകൾക്ക് കായിക ഉത്സവമായി ഡാളസ് ക്രിക്കറ്റ് ടൂർണ്ണമെന്റ്

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ക്നാനായ റീജിയന്റെ നേതൃത്വത്തിൽ ഡാളസ് ക്രിസ്തുരാജ ഇടവക മെൻസ് മിനിസ്ട്രി ഏറ്റെടുത്തു നടത്തിയ ക്രിക്കറ്റ് ടൂർണമെന്റിൽ കാനഡ ഹോളി ഫാമിലി എയ്ജാക്സ് ക്നാനായ കാത്തലിക് മിഷൻ ദ്വഹം സോഷ്യൽ ക്ലബ് ജേതാക്കളായി. ലോൺ സ്റ്റാർ ക്രിക്കറ്റ് ഗ്രൗണ്ടിൽ രണ്ട് ദിവസങ്ങളിലായി നടത്തപ്പെട്ട മത്സരത്തിൽ ക്നാനായ റീജിയണിലെ വിവിധ ഇടവകകളിൽ നിന്നും മിഷനിൽ നിന്നും വിവിധ ടീം അംഗങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

രണ്ടാം സ്ഥാനം ചിക്കാഗോ യുണൈറ്റഡും മൂന്നാം സ്ഥാനം ന്യൂയോർക്ക് യുണൈറ്റഡും നാലാം സ്ഥാനം ഡിട്രോയിറ്റ് സെന്റ് മേരീസ് ടീമും സ്വന്തമാക്കി.

ഡാളസ് മെൻസ് മിനിസ്ട്രി പ്രസിഡണ്ട് ബിനു അത്തിമറ്റത്തിന്റെ നേതൃത്വത്തിലും ക്രിക്കറ്റ് മാച്ച് കോ-ഓർഡിനേറ്റേഴ്സ് ജിനു കുടിലിൽ, ജസ്റ്റിൻ ചാമക്കാല എന്നിവരുടെ നേതൃത്വത്തിലും ട്രസ്റ്റി കോ-ഓർഡിനേറ്റർ ടെറി വാളാച്ചേരിൽ എന്നിവരാണ് വിപുലമായ ഒരുക്കങ്ങൾ ക്രമീകരിച്ചത്.

വലിയ ഒരു കൂട്ടായ്മയുടെ ഉത്സവ വേദിയായി ഈ മത്സരം മാറിയെന്നും ഇതിനു നേതൃത്വം നല്കിയ ഡാളസ് ഇടവകയെയും ക്നാനായ റീജിയൻ കോ-ഓർഡിനേറ്റർ ഫാ. ജോസ് തറയ്ക്കൽ അഭിനന്ദിച്ചു. ഫാ. ബിൻസ് ചേത്തലിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിച്ചു.

അടുത്തവർഷം ഹൂസ്റ്റൺ സെന്റ് മേരീസ് ഫൊറോന ഇടവകയുടെ നേതൃത്വത്തിൽ ഈ മത്സരങ്ങൾ നടത്തപ്പെടും.































# 2047–ൽ ഇന്ത്യ വികസിത ഭാരതമെന്ന് മോദി

ന്യൂഡൽഹി: 2047-ൽ ഇന്ത്യയെ വികസിതരാജ്യമാക്കി മാറ്റുമെന്ന ദൃഢനിശ്ചയം ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.


'വികസിത ഭാരത സങ്കൽപ സഭ'യിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു.

മുഖ്യമന്ത്രിയായും പ്രധാനമന്ത്രിയായും ഭരണത്തലപ്പത്ത് 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഡൽഹിയിൽ ബിജെപി സംഘടിപ്പിച്ച 'വികസിത ഭാരത സങ്കൽപ സഭ'യിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 'നമ്മൾ അതു ചെയ്യും' എന്ന മുദ്രാവാക്യവുമായി അദ്ദേഹം പ്രവർത്തകർക്ക് ആവേശം പകർന്നു. ലോകത്തെ വലിയ മൂന്ന് സാമ്പത്തികശക്തികളിലൊന്നായി ഇന്ത്യയും മാറും. വെല്ലുവിളികളുണ്ടാകാമെങ്കിലും അതിനു 140 കോടി പരിഹാരങ്ങൾ നമ്മുടെ പക്കലുണ്ട്. വോട്ടുബാങ്ക് ലക്ഷ്യമിട്ടുള്ള വിഭജനരാഷ്ട്രീയമാണ് വികസനത്തിനു പ്രധാന തടസ്സമെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

ഇന്ത്യ ലോകത്തിന്റെ നിർമാണകേന്ദ്രമായി മാറുമെന്നും ഒളിംപിക്സിന് ആതിഥേയരാകുമെന്നും അദ്ദേഹം പറഞ്ഞു. ലോകം ഇന്ന് ഇന്ത്യക്കാരനായ പൈലറ്റിനെക്കുറിച്ചു സംസാരിക്കുന്നുണ്ടെങ്കിൽ, നാളെ ഇന്ത്യയിൽ നിർമിച്ച വിമാനങ്ങളെക്കുറിച്ചു സംസാരിക്കും. 2001 ഒക്ടോബർ ഏഴിന് ഗുജറാത്ത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തപ്പോൾ, ഈ നാഴികക്കല്ല് പിന്നിടുമെന്ന് ഒരിക്കലും കരുതിയിരുന്നില്ലെന്ന് മോദി അനുസ്മരിച്ചു. എന്നിൽ വിശ്വാസമർപ്പിച്ച ജനങ്ങളാണ് ദൈവം, ബിജെപി പ്രവർത്തകരാണു ശക്തിയെന്നും പറഞ്ഞു.

# ജിഎസ്ടി ഉദ്യോഗസ്ഥരുടെ അറസ്റ്റ് അധികാരം ഒഴിവാക്കി

ന്യൂഡൽഹി: വ്യാപാരമേഖലയ്ക്കു വലിയ ആശ്വാസം നൽകുന്ന സുപ്രധാന തീരുമാനങ്ങളുമായി 57-ാമത് ജിഎസ്ടി കൗൺസിൽ യോഗം. ജിഎസ്ടി ഉദ്യോഗസ്ഥരുടെ അറസ്റ്റ് അധികാരം പൂർണമായി നിർത്തലാക്കാനും നിയമലംഘനങ്ങളിൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാനുള്ള പരിധി ഒരുകോടി രൂപയിൽനിന്ന് അഞ്ചു കോടിയായി ഉയർത്താനും കൗൺസിൽ തീരുമാനിച്ചു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അദ്ധ്യക്ഷതയിൽ ഡൽഹി ഭാരത് മണ്ഡപത്തിൽ നടന്ന യോഗത്തിലാണു തീരുമാനം.

നികുതിനിരക്കുകളിലെ മാറ്റങ്ങൾക്കു പകരം ദൈനംദിന ബിസിനസ് നടപടികൾ കൂടുതൽ എളുപ്പമാക്കുന്നതിനാണ് ഇത്തവണ കൗൺസിൽ മുൻഗണന നൽകിയത്. ഇനി മുതൽ നികുതിനിരക്കുകളിലെ പരിഷ്കാരങ്ങൾ വർഷത്തിലൊരിക്കൽ മാത്രമായിരിക്കും പരിഗണിക്കുക.

കുറഞ്ഞ ശിക്ഷാ കാലാവധി എന്ന നിബന്ധന ഒഴിവാക്കി. പിഴയും തടവുശിക്ഷയും ഓരോ കേസിന്റെയും സ്വഭാവമനുസരിച്ച് തീരുമാനിക്കാനുള്ള അധികാരം പൂർണമായും കോടതികൾക്ക് വിട്ടു. പ്രത്യേകമായി പിഴ നിശ്ചയിച്ചിട്ടില്ലാത്ത ലംഘനങ്ങൾക്കുള്ള പൊതു പിഴത്തുക 25,000 രൂപയിൽനിന്ന് 10,000 രൂപയായി കുറച്ചു.

കൃത്യമായ ബില്ലോടെ സാധനങ്ങൾ വാങ്ങുകയും പണം നൽകുകയും ചെയ്ത യഥാർത്ഥ വ്യാപാരികളെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കുടിശിക നടപടികളിൽനിന്ന് എങ്ങനെ സംരക്ഷിക്കാമെന്നു പഠിക്കാൻ ഉദ്യോഗസ്ഥ സമിതിയെ നിയോഗിച്ചു. സമിതി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

# കേരളത്തിൽ 30 കോടിയോളം മെഡിക്കൽ ഉപകരണങ്ങൾ നശിച്ചതായി വിദഗ്ധ സമിതി

കോഴിക്കോട്: കേരളത്തിലെ 12 മെഡിക്കൽ കോളജുകളിലേക്കു വാങ്ങിയ 30 കോടിയോളം രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി. കൃത്യമായ പരിപാലനമില്ലാത്തതിനാലും കാലപ്പഴക്കത്താലും മുന്നൂറോളം ഉപകരണങ്ങൾ നശിച്ചതായാണു വിദഗ്ധസമിതിയുടെ കണ്ടെത്തൽ.

ഇതിൽ ഇരുനൂറോളം വെന്റിലേറ്ററുകളാണെന്ന് ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറിക്കു സമർപ്പിച്ച മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. മൂന്നു ലക്ഷത്തിനു മുകളിൽ വിലയുള്ള ഉപകരണങ്ങളുടെ കണക്കാണ് ഇതിൽ ഉൾപ്പെടുത്തിയത്. ജില്ലാ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും പരിശോധന പൂർത്തിയാകുമ്പോൾ നഷ്ടം ഞെട്ടിപ്പിക്കുന്നതാകുമെന്നാണു സൂചന. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ചില സ്ഥാപനങ്ങളിൽ ഉപകരണങ്ങളുടെ പെട്ടികൾ പോലും പൊട്ടിക്കാതെ കിടക്കുന്നതായാണു വിവരം. കേന്ദ്ര സഹായത്തോടെ കോവിഡ് കാലത്ത് വാങ്ങിയ ഉപകരണങ്ങളാണ് അധികവും നശിച്ചത്. കോട്ടയം മെഡിക്കൽ കോളജിൽ മാത്രം അഞ്ചു മുതൽ പത്തു ലക്ഷം രൂപ വരെ വിലയുള്ള 41 വെന്റിലേറ്ററുകൾ ഉപയോഗശൂന്യമായി. ഇവ അറ്റകുറ്റപ്പണി നടത്താത്തതിനാൽ ഇനി ഉപയോഗിക്കാൻ കഴിയില്ല. പ്രത്യേക വാർഡുകളും അടിയന്തര ചികിത്സാ സൗകര്യങ്ങളും ഒരുക്കാനാണ് ഇവ വാങ്ങിയത്.

ഒരു കോടിക്കടുത്തു വിലയുള്ള മൈക്രോസ്കോപ്പുകൾ പല കോളജുകളിലും പൂപ്പൽ ബാധിച്ചു കേടായതായും റിപ്പോർട്ടിലുണ്ട്. സ്പെയർപാർട്സ് ലഭ്യമല്ലാത്തതാണ് അറ്റകുറ്റപ്പണി തടസ്സപ്പെടുത്തിയത്. ബയോ മെഡിക്കൽ സംഘം നടത്തുന്ന ഓഡിറ്റ് പൂർത്തിയായാലേ കൃത്യമായ നഷ്ടം വ്യക്തമാകൂ. ഓഡിറ്റ് ഉടൻ ആരംഭിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കേരളത്തിലെ ആശുപത്രികളിൽ വാങ്ങിയ ഉപകരണങ്ങളെപ്പറ്റി അന്വേഷിക്കാൻ കഴിഞ്ഞ ജൂലൈയിലാണു സമിതിയെ ചുമതലപ്പെടുത്തിയത്.

# പാലക്കാട് സ്വദേശി രാജീവ് മേനോൻ ലെഫ്റ്റനന്റ് ജനറൽ



പാലക്കാട്: ഇന്ത്യൻ കരസേനയുടെ ലെഫ്റ്റനന്റ് ജനറലായി പാലക്കാട്ടുകാരൻ. പള്ളിപ്പുറം പാറക്കുളങ്ങര പരമേശ്വര മേനോന്റെയും ഇരട്ടക്കുളം മേലേ വീട്ടിൽ കനകാ മേനോന്റെയും മകൻ എം. രാജീവ് മേനോനാണ് ഡൽഹിയിലെ ആർമി ഹെഡ്ക്വാർട്ടേഴ്സിൽ ലെഫ്റ്റനന്റ് ജനറലായി സ്ഥാനമേറ്റത്.

1992-ൽ ചെന്നൈയിലെ ഓഫീസേഴ്സ് ട്രെയിനിങ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കി മദ്രാസ് റെജിമെന്റിലാണ് നിയമിതനായത്. ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളജ്, ആർമി വാർ കോളജ്, കോളജ് ഓഫ് എയർ വാർഫെയർ, യുണൈറ്റഡ് സ്റ്റേറ്റ്സ് ആർമി വാർ കോളജ് എന്നിവിടങ്ങളിൽ പരിശീലനം നേടി.

കരസേനയിൽ 33 വർഷത്തെ പരിചയമുള്ള രാജീവ് മേനോൻ ലൈൻ ഓഫ് കൺട്രോൾ, ഹൈ ഓൾറ്റിറ്റ്യൂഡ് മേഖല, ജമ്മു ആൻഡ് കാശ്മീരിലെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, രാഷ്ട്രീയ റൈഫിൾസ് വിഭാഗം, കിഴക്കൻ ലഡാക്കിലെ അതിസുരക്ഷാ മേഖല എന്നിവയിലുൾപ്പെടെ സേവനം നൽകിയിട്ടുണ്ട്. ഒ.ടി.എയിൽ ട്രെയിനിങ് ബറ്റാലിയൻ കമാൻഡറുമായിരുന്നു.

മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നും യു.എസ് ആർമി വാർ കോളജിൽ നിന്നും ഡിഫൻസ് ആൻഡ് സ്ട്രാറ്റജിക് സ്റ്റഡീസിൽ ബിരുദാനന്തരബിരുദങ്ങളും ഒസ്മാനിയ യൂണിവേഴ്സിറ്റിയിൽനിന്ന് എം.ഫിൽ ബിരുദവും നേടി. ജനറൽ ഓഫീസർ കമാഡന്റിങ് ഇൻ ചീഫ് കമന്റേഷൻ കാർഡ്, ചീഫ് ഓഫ് ആർമി സ്റ്റാഫ് കമന്റേഷൻ കാർഡ്, വിശിഷ്ട സേവാ മെഡൽ, സേനാ മെഡൽ തുടങ്ങിയ ബഹുമതികൾ നേടിയിട്ടുണ്ട്. ഭാര്യ അപർണാ മേനോൻ. മകൻ പ്രഹ്ലാദ് മേനോൻ.






# വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളും ഇനി റാഗിംഗ് വിരുദ്ധ നിയമത്തിനു കീഴിൽ

കൊച്ചി: കോളജും സ്കൂളുകളും മാത്രമല്ല, വിദ്യാർത്ഥികൾ താമസിക്കുന്ന ഇടങ്ങളും റാഗിംഗ് സംബന്ധിച്ച നിയമത്തിന്റെ പരിധിയിൽവരുമെന്ന് സർക്കാർ മാർഗനിർദേശം. ഡിജിറ്റൽ ഇടങ്ങളിലടക്കം വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഏതൊരു പ്രവൃത്തിയെയും റാഗിംഗായി കണക്കാക്കും. പുതിയ റാഗിംഗ് നിരോധനനിയമം നടപ്പിൽവരാൻ കാലതാമസമെടുക്കുന്ന സാഹചര്യത്തിൽ ഹൈക്കോടതി നിർദേശപ്രകാരമാണ് സർക്കാർ ഇതു സംബന്ധിച്ച മാർഗനിർദേശങ്ങൾ തയാറാക്കിയത്. മാർഗനിർദേശങ്ങൾ ബാധകമാകുന്ന പ്രദേശങ്ങളുടെ കാര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിനകത്തും പുറത്തും എന്ന രീതിയിലുള്ള വാക്കുകളിൽ മാറ്റം വേണ്ടതുണ്ടെന്ന് സർക്കാർ വ്യക്തമാക്കി. കോടതി നേരത്തെ നിർദേശിച്ച പ്രകാരം കരട് ബില്ലിന്റെ അടിസ്ഥാനത്തിലാണു മാർഗനിർദേശം തയാറാക്കിയതെന്ന് സർക്കാർ അറിയിച്ചു.

**പ്രധാന ഉള്ളടക്കം ഇങ്ങനെ:**

1. വിദ്യാർത്ഥികൾ വാഹനം കാത്തിരിക്കുന്ന സ്ഥലവും മാർഗനിർദേശപ്രകാരം വിദ്യാലയം/കലാലയം എന്ന നിർവചനത്തിന്റെ പരിധിയിൽ വരും.

2. റാഗിംഗ് തെളിഞ്ഞാൽ ക്രിമിനൽ കുറ്റത്തിനുള്ള ശിക്ഷയ്ക്കു പുറമേ വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്ന് പുറത്താക്കുകയും മൂന്നു വർഷത്തേക്ക് മറ്റു സ്ഥാപനങ്ങളിൽ പ്രവേശനം നിഷേധിക്കുകയും ചെയ്യും.

3. റാഗിംഗ് നടന്നെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടാൽ 24 മണിക്കൂറിനകം പോലീസിനു പരാതി കൈമാറുകയും ആരോപണവിധേയനായ വിദ്യാർത്ഥിയെ ഉടനടി സസ്പെൻഡ് ചെയ്യുകയും വേണം.

4. പരാതി മറച്ചുവെച്ചാൽ സ്ഥാപനമേധാവിക്കെതിരേയും റാഗിംഗിനെതിരായ നടപടിയിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരേയും നടപടിയുണ്ടാകും.

## സ്വാതന്ത്ര്യസമര സേനാനി സോഷ്യോ വാസു അന്തരിച്ചു



കോഴിക്കോട്: സ്വാതന്ത്ര്യസമര സേനാനി ചെറുവണ്ണൂർ പുതിയപറമ്പ് 'സോഷ്യോ'യിൽ പി. വാസു (സോഷ്യോ വാസു-103) അന്തരിച്ചു. ചെറുവണ്ണൂർ പുതിയപറമ്പിൽ അപ്പുവിന്റെയും അമ്മുവിന്റെയും മകനായി 1923 ജനുവരിയിൽ ജനിച്ച വാസു സ്കൂൾ വിദ്യാഭ്യാസത്തിനിടെയാണ് കോൺഗ്രസ് പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായത്. പതിനൊന്നാം വയസ്സിൽ ഗാന്ധിജിയെ നേരിട്ടു കണ്ടു. 1942-ൽ ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി ജാഥ നയിച്ചതിന്റെ പേരിൽ പൊലീസ് അറസ്റ്റ് ചെയ്തു. മൂന്നര മാസം ജയിലിൽ കിടന്നു. അക്കാലത്ത് കൊടിയ മർദനത്തിനിരയായി. 1943-ലെ ഫറോക്ക് പാലം ബോംബ് കേസുമായി ബന്ധപ്പെട്ടു വാറന്റ് പുറപ്പെടുവിച്ചതിനെ തുടർന്ന് മദ്രാസിൽ ഒൻപത് മാസം ഒളിവിൽ കഴിഞ്ഞു. 1944-ൽ നാട്ടിൽ തിരിച്ചെത്തി. പിന്നീട് ചെറുവണ്ണൂരിൽ സോഷ്യോ എന്ന പേരിൽ തയ്യൽക്കട തുടങ്ങി. അടിയന്തരാവസ്ഥക്കാലത്തും പീഡനമേറ്റു.

ഭാര്യ: പരേതയായ കരിങ്കല്ലായി മണ്ണാരയ്ക്കൽ സരോജിനി. മക്കൾ: പി. രമേഷ് ബാബു (കാലിക്കറ്റ് സർവകലാശാല റിട്ട. പൂൾ ഓഫീസർ), രാജ്നാരായണൻ (കേരള കാർഷിക സർവകലാശാല റിട്ട. അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ), പരേതരായ പി. ഗണേഷ് ബാബു (റിട്ട. റെയിൽവേ), പി. മധുലിമായെ (റിട്ട. ഡെപ്യൂട്ടി ഡയറക്ടർ, സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ്). മരുമക്കൾ: പി. ഗീതാകുമാരി (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ), കെ. ശ്രീശൈല (കാലിക്കറ്റ് സർവകലാശാല റിട്ട. പൂൾ ഓഫീസർ), കെ.കെ. ലീന (ലൈബ്രേറിയൻ ഐഎച്ച്ആർഡി, കാക്കനാട്), കെ. ശ്രീരഞ്ജിനി (അധ്യാപിക, കുത്തുബുസ്സമാൻ ഹൈസ്കൂൾ, ചെമ്മാട്)

# വസ്ത്രധാരണം വ്യക്തിപരമെന്ന് ഹൈക്കോടതി

കൊച്ചി: ഒരു വ്യക്തിയുടെ വസ്ത്രധാരണത്തിൽ നിയമത്തിന്റെ പിൻബലമില്ലാതെ മറ്റൊരു വ്യക്തിക്കോ സമൂഹത്തിനോ ഇടപെടാൻ അധികാരമില്ലെന്നു ഹൈക്കോടതി. ഏതു വസ്ത്രം ധരിക്കണമെന്നത് ഓരോരുത്തരുടെയും വ്യക്തിപരമായ തീരുമാനമാണ്. ഇഷ്ടമുള്ള വസ്ത്രം ധരിക്കുകയെന്നതു മൗലികാവകാശത്തിന്റെ ഭാഗമാണെന്നും ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ വ്യക്തമാക്കി. ചുരിദാർ ധരിച്ചു സ്കൂളിൽ വരുന്നതു വിലക്കിയ സ്കൂൾ മാനേജരുടെ നടപടി ചോദ്യംചെയ്തു കൊട്ടാരക്കര ഈശ്വരവിലാസം ഹൈസ്കൂൾ പ്രഥമാധ്യാപിക സിന്ധു എസ്. നായർ നൽകിയ ഹർജി തീർപ്പാക്കിയാണു കോടതിയുടെ നിരീക്ഷണം.

ചുരിദാർ ധരിച്ചെത്തിയതിനെത്തുടർന്നു കഴിഞ്ഞ ഫെബ്രുവരി നാലിനു സ്കൂൾ മാനേജരുടെ നിർദേശപ്രകാരം തന്നെ തടഞ്ഞുവെച്ചെന്നും സ്കൂളിൽ പ്രവേശിക്കാൻ പോലീസ് സംരക്ഷണം അനുവദിക്കണമെന്നും ആവശ്യപ്പെട്ടായിരുന്നു ഹർജി. ചുരിദാറിനു പകരം സാരി ധരിച്ചു സ്കൂളിൽ വരണമെന്നായിരുന്നു മാനേജരുടെ ആവശ്യം. വസ്ത്രത്തിന്റെ പേരിൽ ഹർജിക്കാരിയെ മാനേജർ തടഞ്ഞാൽ മതിയായ സംരക്ഷണം നൽകാൻ കൊട്ടാരക്കര എസ്.എച്ച്.ഒയ്ക്കു കോടതി നിർദേശം നൽകി. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സർക്കുലർ പ്രകാരം അധ്യാപകർക്കു സ്കൂളിൽ ചുരിദാർ ധരിക്കാൻ അനുമതിയുള്ളതാണ്. സാരി ധരിച്ചുമാത്രമേ വരാവൂവെന്നു നിർബന്ധിക്കാനാകില്ല. ചുരിദാർ ധരിക്കുന്നതുമൂലം അധ്യാപികയുടെ കഴിവും അധികാരവും ഇല്ലാതാകുന്നില്ലെന്നും കോടതി ചൂണ്ടിക്കാട്ടി.

അതേസമയം, സ്കൂൾ മാനേജരെ അയോഗ്യനാക്കണമെന്ന ആവശ്യത്തിൽ കോടതി ഇടപെട്ടില്ല. മതിയായ കാരണങ്ങളുണ്ടെങ്കിൽ ബന്ധപ്പെട്ട അതോറിറ്റിക്കു തീരുമാനമെടുക്കാമെന്നും വിദ്യാഭ്യാസ വകുപ്പിന്റെ അന്വേഷണം നടക്കുന്നതിനാൽ ഇടപെടുന്നില്ലെന്നും കോടതി വ്യക്തമാക്കി.

# ഗാർഹിക പീഡനം: കേരള പോലീസ് ദൗത്യസേന രൂപീകരിച്ചു

തിരുവനന്തപുരം: ഗാർഹികപീഡനം തടയുന്നതിനും അതിജീവിതയ്ക്കു സുരക്ഷ ഉറപ്പാക്കുന്നതിനുമായി കേരള പോലീസ് പ്രത്യേക ദൗത്യസേന രൂപീകരിച്ചു. ഐജി അജീത ബേഗത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ദൗത്യത്തിന് 'സ്പീക് അപ്' എന്നാണ് പേര്. ഇതു സംബന്ധിച്ച ഉത്തരവ് പുറത്തിറക്കി.

ഗാർഹിക അതിക്രമം തടയുക, അതിജീവിതയ്ക്ക് നിയമസഹായവും കൗൺസിലിങ്ങും ഉറപ്പാക്കുക, സുരക്ഷിതമായ താമസവും ഉപജീവന പിന്തുണയും ലഭ്യമാക്കുക എന്നിവയാണ് സ്പീക് അപ്പിന്റെ പ്രധാന ലക്ഷ്യം. ഡിജിറ്റൽ ഹെൽപ്ലൈൻ, വാട്സാപ്, പ്രത്യേക മൊബൈൽ ആപ് എന്നിവ വഴി പരാതികൾ വേഗത്തിൽ രജിസ്റ്റർ ചെയ്യാനും സമയബന്ധിതമായി സഹായം ലഭ്യമാക്കാനുമായി പ്രത്യേക കൺട്രോൾ റൂം സജ്ജമാക്കും. പരമ്പരാഗത നടപടികളിൽനിന്നു മാറി അതിജീവിതയുടെ സ്വകാര്യതയ്ക്കു മുൻഗണന നൽകുന്ന രീതിയിലായിരിക്കും പൊലീസിന്റെ ഇടപെടൽ.

ഒരു സഹോദരിയോടെ സുഹൃത്തിനോടോ സംസാരിക്കുന്നതുപോലെ സുരക്ഷിതമായി പരാതികൾ പങ്കുവെക്കാനുള്ള സാഹചര്യം സ്പീക് അപ്പിലുണ്ടാകുമെന്ന് ഐജി അജീത ബേഗം പറഞ്ഞു.

# കർദ്ദിനാൾ ലൂയിസ് അന്റോണിയോ ടാഗ്ലെ കർദ്ദിനാൾ സംഘം ഡീൻ

വത്തിക്കാൻ സിറ്റി: സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രോ-പ്രീഫെക്ടും ഫിലിപ്പീൻസ് സ്വദേശിയുമായ കർദ്ദിനാൾ ലൂയിസ് അന്റോണിയോ ടാഗ്ലെയെ (69) കർദ്ദിനാൾ സംഘത്തിന്റെ ഡീനായി തെരഞ്ഞെടുത്തു. കർദ്ദിനാൾ ജിയോവാന്നി ബത്തിസ്ത റേ സ്ഥാനമൊഴിഞ്ഞതിനെത്തുടർന്നാണ് നിയമനം.

കർദ്ദിനാൾ സംഘത്തിന്റെ തലവനാകുന്ന ആദ്യ ആഫ്രോ-ഏഷ്യൻ പ്രതിനിധികളിൽ ഒരാളാണ് ടാഗ്ലെ. നാല് മാർപാപ്പമാരുടെ കാലഘട്ടത്തിൽ കൂരിയയിൽ നിർണായക സേവനമനുഷ്ഠിച്ച കർദ്ദിനാൾ ജിയോവാന്നി ബത്തിസ്ത റേ 'ഡീൻ എമരിറ്റസ്' എന്ന പദവി വഹിക്കും.

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സർക്കാർ അവകാശമാക്കുന്നു

തിരുവനന്തപുരം: മുതിർന്ന പൗരന്മാരുടെ ക്ഷേമം അവകാശമാക്കി മാറ്റാൻ നിർദേശിക്കുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമം ഉറപ്പാക്കുന്ന ബില്ലിന്റെ കരട് മന്ത്രിസഭായോഗം അംഗീകരിച്ചു. ഈ നിയമസഭാ സമ്മേളനത്തിൽ ബിൽ പാസാക്കുകയാണ് ലക്ഷ്യമെന്നു മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു.

വീടുകളിൽ ഒറ്റപ്പെടുന്ന മുതിർന്ന പൗരന്മാരെ സംരക്ഷിക്കാൻ കെയർ ഗിവർ സർട്ടിഫിക്കറ്റ് കോഴ്സുകൾ സർക്കാർ ആരംഭിക്കും. സാമ്പത്തിക ശേഷിയുള്ളവർക്ക് പണം നൽകി ഇവരുടെ സേവനം പ്രയോജനപ്പെടുത്താം. പണമില്ലാത്തവരുടെ സംരക്ഷണം തദ്ദേശ സ്ഥാപനങ്ങൾ വഴി ഒരുക്കും. മുതിർന്ന പൗരന്മാരെ സംബന്ധിച്ച സർവേ നടപടികൾ തുടങ്ങി. തളർന്നു കിടക്കുന്നവർ, മറ്റു പ്രശ്നങ്ങൾ നേരിടുന്നവർ ഇവരുടെ വിശദമായ വിവരം ഇതുവഴി ശേഖരിക്കാൻ കഴിയും. ഇതോടൊപ്പം കായിക ബില്ലും നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരും.




# കായംകുളം താപനിലയത്തിന് പുതിയ വികസനപദ്ധതി

ഹരിപ്പാട്: വർഷങ്ങളായി പ്രവർത്തനം നിലച്ചിരിക്കുന്ന കായംകുളം താപവൈദ്യുത നിലയത്തിന്റെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നു. ഡൽഹിയിൽ മുഖ്യമന്ത്രി വി.ഡി. സതീശനും വൈദ്യുതമന്ത്രി സണ്ണി ജോസഫും എൻടിപിസി സിഎംഡി ഗുർദീപ് സിംഗുമായി നടത്തിയ നിർണായക കൂടിക്കാഴ്ചയിലാണ് ഇതു സംബന്ധിച്ചു ധാരണയായത്.

ഇന്ത്യൻ ഓയിൽ കോർപറേഷന്റെ (ഐഒസി) പുതിയ എൽഎൻജി പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കായംകുളത്ത് വൻ ഊർജ സാധ്യതകളാണ് തുറക്കപ്പെടുന്നത്. കേരളത്തിൽ എൻടിപിസിയുടെയും എൻജിഇഎലിന്റെയും സാന്നിധ്യം ശക്തമാക്കുന്നതും പുതിയ ഊർജസംഭരണ പദ്ധതികളും പുനരുപയോഗ ഊർജ വികസനവും നടപ്പാക്കാനുള്ള സാധ്യതകളും സിഎംഡി സർക്കാരിനെ അറിയിച്ചു.

നാഫ്തയുടെ ഉയർന്ന വില കാരണം ഉത്പാദനച്ചെലവ് കുത്തനെ ഉയർന്നതിനെത്തുടർന്നാണു 350 മെഗാവാട്ട് ശേഷിയുള്ള കായംകുളം നിലയം 2021 മാർച്ച് 31-ന് അടച്ചുപൂട്ടിയത്. എന്നാൽ ഐഒസി പുതിയതായി അനുവദിച്ച 424.65 കിലോമീറ്റർ എൽഎൻജി പൈപ്പ്ലൈനിൽനിന്നു കൊട്ടാരക്കര വഴി 50 കിലോമീറ്റർ ദൂരം പുതിയ പൈപ്പ് സ്ഥാപിച്ചാൽ കായംകുളത്തേക്ക് കുറഞ്ഞ ചെലവിൽ ഇന്ധനമെത്തിക്കാൻ കഴിയും. കുറഞ്ഞനിരക്കിൽ എൽഎൻജി ലഭ്യമായാൽ ഘട്ടംഘട്ടമായി 2,400 മെഗാവാട്ട് വരെ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അടിസ്ഥാനസൗകര്യം കായംകുളത്തുണ്ട്. നിലയത്തിലേക്ക് ഇന്ധനമായി എൽഎൻജി ഉപയോഗിക്കുന്നതിനായി 38 കോടി രൂപ ചെലവഴിച്ച് എൻടിപിസി നേരത്തേതന്നെ ആവശ്യമായ സാങ്കേതികമാറ്റങ്ങൾ വരുത്തിയിരുന്നു. നിലവിൽ കായംകുളത്തെ കായലിൽനിന്ന് 92 മെഗാവാട്ട് സൗരോർജം കേരളത്തിന് കുറഞ്ഞ നിരക്കിൽ ലഭിക്കുന്നുണ്ട്. എൽഎൻജി വഴിയുള്ള വൻകിട വൈദ്യുതി ഉത്പാദനം കൂടി പുനരാരംഭിക്കുന്നതോടെ കേരളത്തിലെ ഊർജപ്രതിസന്ധിക്ക് വലിയൊരളവിൽ ആശ്വാസമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ലോകത്തെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ കോട്ടയം സ്വദേശി ഡോ. എ.എൻ ജ്യോതിയും

തിരുവനന്തപുരം: ലോകത്തെ ഏറ്റവും മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടംനേടി മലയാളി ശാസ്ത്രജ്ഞ. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ചിനു കീഴിൽ തലസ്ഥാനത്തു പ്രവർത്തിക്കുന്ന കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ.എൻ. ജ്യോതിയാണ് അമേരിക്കയിലെ സ്റ്റാൻഫോർഡ് സർവകലാശാലയും എൽസേവിയർ ജേണലും ചേർന്നു പ്രസിദ്ധീകരിക്കുന്ന ലോകത്തിലെ മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടംനേടിയത്. ഭക്ഷ്യശാസ്ത്ര ഗവേഷണത്തിലും സാങ്കേതിക നവീകരണത്തിലും നല്കിയ സംഭാവനകൾ കണക്കിലെടുത്താണ് അംഗീകാരം.

27 വർഷത്തെ ഗവേഷണപരിചയമുള്ള ഡോ. ജ്യോതി ഉഷ്ണമേഖല കിഴങ്ങുവർഗ വിളകളുടെ ഉപയോഗം, മൂല്യവർധന, ബയോ ആക്ടീവ് സംയുക്തങ്ങൾ, മരച്ചീനി സ്റ്റാർച്ചിന്റെ രസതന്ത്രവും പരിഷ്കരണവും, വ്യാവസായിക ബയോമെഡിക്കൽ ആവശ്യങ്ങൾക്കുള്ള സ്റ്റാർച്ച് അധിഷ്ഠിത വസ്തുക്കളുടെ വികസനം എന്നിവയിൽ നിർണായക സംഭാവനകൾ നല്കിയിട്ടുണ്ട്. 175-ലധികം ശാസ്ത്ര പ്രബന്ധങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

വായിലുണ്ടാകുന്ന മുറിവുകൾക്കും മറ്റ് അസുഖങ്ങൾക്കുമുള്ള മരുന്നുകളുടെ ഉപയോഗം ദീർഘനേരം നിലനിർത്തുന്നതിന് സി.ടി.സി.ആർ.ഐ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി ചേർന്ന് നിർമ്മിക്കുന്ന മരച്ചീനിമാവുകൊണ്ട് നിർമിക്കുന്ന പാച്ചിന്റെ ഗവേഷണത്തിനു പിന്നിൽ പ്രവർത്തിച്ചതും ഡോ. ജ്യോതിയാണ്.

കേന്ദ്ര-സംസ്ഥാന സഹായത്തോടെയുള്ള നിരവധി ഗവേഷണങ്ങളിലും പങ്കുവഹിച്ചിട്ടുണ്ട്. കോട്ടയം കിടങ്ങൂർ സ്വദേശിയാണ്.

## ബേബി മണ്ണിൽ പാപ്പി അന്തരിച്ചു; സംസ്കാരം 17-ന് ശനിയാഴ്ച



ഡാളസ്: ഡാളസ് വിക്ടറി എജി സഭാംഗവും പത്തനംതിട്ട മുണ്ടുകോട്ടക്കൽ തഴമണ്ണിൽ പരേതരായ ഏബ്രഹാം പാപ്പിയുടെയും ഏലിയാമ്മ പാപ്പിയുടെയും മകൻ ബേബി മണ്ണിൽ പാപ്പി (75) ഒക്ടോബർ 7-ന് ഡാളസിൽ അന്തരിച്ചു. ഭാര്യ ലീലാമ്മ ബേബി.

സംസ്കാര ശുശ്രൂഷ 17-ന് ശനിയാഴ്ച രാവിലെ 9 മണിക്ക് കാൽവറി പെന്തെക്കോസ്തൽ ചർച്ച് (725 W Arapaho Rd, Richardson, Texas-75080)-ൽ വെച്ച് നടക്കും. തുടർന്ന് റസ്റ്റ് ലാൻഡ് സെമിത്തേരിയിൽ (13005 Greenville Ave, Dallas, Tx 75243)-സംസ്കാരവും നടക്കും.

**വാർത്ത: പ്രസാദ് തീയാടിക്കൽ**

## ഫ്രാൻസിസ് മാർപാപ്പയുടെ ഡയറിക്കുറിപ്പുകൾ പുസ്തകമാക്കുന്നു

വത്തിക്കാൻ സിറ്റി: ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പയുടെ വ്യക്തിജീവിതത്തിലേക്കും ചിന്തകളിലേക്കും വെളിച്ചംവീശുന്ന 'ദ പ്രൈവറ്റ് ഡയറി ഓഫ് പോപ്പ് ഫ്രാൻസിസ്' എന്ന പുസ്തകം വത്തിക്കാൻ പബ്ലിഷിംഗ് ഹൗസ് പുറത്തിറക്കുന്നു. വിശ്വാസ തിരുസംഘത്തിന്റെ തലവനായ കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ് രചിച്ച ഈ ഗ്രന്ഥം നവംബർ 24-ന് ലോകമെമ്പാടുമുള്ള 94 രാജ്യങ്ങളിൽ അഞ്ചു ഭാഷകളിലായി ഒരുമിച്ച് പ്രസിദ്ധീകരിക്കും. 1992 ഡിസംബർ 20 മുതൽ 2024 ഓഗസ്റ്റ് 18 വരെയുള്ള കാലയളവിൽ ജോർജ് മാരിയോ ബെർഗോളിയോ (ഫ്രാൻസിസ് മാർപാപ്പ) കുറിച്ചുവെച്ച വ്യക്തിഗത കുറിപ്പുകളും അതിന്മേലുള്ള പഠനങ്ങളുമാണ് പുസ്തകത്തിലുള്ളത്.

2013 മാർച്ച് 13 മുതൽ 2025 ഏപ്രിൽ 21-ൽ ദിവംഗതനാകുന്നതുവരെ കത്തോലിക്കാ സഭയെ നയിച്ച ഈശോസഭാംഗമായ മാർപാപ്പയുടെ ആന്തരികജീവിതവും വ്യക്തിത്വവും കൂടുതൽ ആഴത്തിൽ മനസിലാക്കാൻ ഈ ഗ്രന്ഥം സഹായിക്കുമെന്ന് വത്തിക്കാൻ കമ്യൂണിക്കേഷൻ വിഭാഗം എഡിറ്റോറിയൽ ഡയറക്ടർ ആന്ദ്രെ തോർണിയല്ലി പറഞ്ഞു. പുസ്തകത്തിന്റെ ഇറ്റാലിയൻ പതിപ്പ് വത്തിക്കാൻ പബ്ലിഷിംഗ് ഹൗസും ഇംഗ്ലീഷ്, സ്പാനിഷ്, പോർച്ചുഗീസ് പതിപ്പുകൾ പെൻഗ്വിൻ റാൻഡം ഹൗസും ഫ്രഞ്ച് പതിപ്പ് എഡിഷൻസ് അൽബിൻ മിഷേലുമാണ് വിപണിയിലെത്തിക്കുന്നത്.

## കണ്ടലമ്മച്ചി പരിസ്ഥിതി പുരസ്കാരം മൂന്നാം ക്ലാസുകാരിക്ക്



കോട്ടയം: രാത്രിയുടെമറവിൽ സാമൂഹികവിരുദ്ധർ തന്റെ എഴുപത്തഞ്ചോളം വൃക്ഷത്തൈ പിഴുതെറിഞ്ഞപ്പോഴും അവൾ നിരാശപ്പെട്ടില്ല. പ്രകൃതിയോടുള്ള സ്നേഹത്താൽ ചെടികൾ വീണ്ടും നട്ടു. വീണ്ടും നശിപ്പിക്കപ്പെട്ടു. എന്നിട്ടും പിന്മാറിയില്ല. ഇക്കാര്യങ്ങൾ മാധ്യമങ്ങളിലൂടെ സമൂഹത്തെ അറിയിച്ചു. നാടിന്റെ പിന്തുണയോടെ തന്റെ വീട് മുതൽ വിദ്യാലയം വരെയുള്ള പാതയോരം വീണ്ടും പച്ചപ്പണിയിച്ചു. കണ്ണൂർ, ഇരിങ്ങൽ യു.പി, സ്കൂൾ മൂന്നാംക്ലാസുകാരിയായ ആയിഷാ റഹ്മയ്ക്കാണ് ഈ വർഷത്തെ കണ്ടലമ്മച്ചി പരിസ്ഥിതി പുരസ്കാരം. കണ്ടലമ്മച്ചിയുടെ 17-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ പുരസ്കാരം ഇപ്രാവശ്യം കല്ലേൻ പൊക്കുടന്റെ ജില്ലയായ കണ്ണൂരിനാണ് ലഭിച്ചത്. ചെറുപ്രായത്തിൽ തന്നെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ആയിഷ പങ്കെടുക്കുന്നു. ശ്രീമദ് നാരായണൻ ഫൗണ്ടേഷന്റെ നേതൃത്വത്തിലുള്ള 'ജീവജലത്തിന് ഒരു മൺപാത്രം' എന്ന പരിപാടിയിൽ ആയിഷ സജീവ സാന്നിദ്ധ്യമായിരുന്നു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ ഹരിതകേരളം മിഷനും ഔഷധിയും സഹായിക്കുന്നു.

15-ന് ഇരിങ്ങൽ യു.പി. സ്കൂളിൽ നടക്കുന്ന ചടങ്ങിൽ ആയിഷയ്ക്ക് പുരസ്കാരം കൈമാറുമെന്ന് കണ്ടലമ്മച്ചിയുടെ മകൻ ജോബി കുര്യൻ, വൃക്ഷ പരിസ്ഥിതി സംരക്ഷണ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി കെ. ബിനു, കോ-ഓർഡിനേറ്റർ ഗോപകുമാർ കങ്ങഴ എന്നിവർ അറിയിച്ചു. വൃക്ഷപരിസ്ഥിതി സംരക്ഷണ സമിതി കേരളം ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

കേരളത്തിൽ ആദ്യമായി കണ്ടൽച്ചെടികൾ നട്ടുപിടിപ്പിച്ച കുമരകം ചേപ്പന്നകരി വീട്ടിലെ മറിയാമ്മ കുര്യനാണ് പിന്നീട് 'കണ്ടലമ്മച്ചി' എന്നറിയപ്പെട്ടത്. കണ്ടലമ്മച്ചിയുടെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കല്ലേൻ പൊക്കുടൻ നിരവധി തവണ കുമരകത്തെത്തിയിട്ടുണ്ട്,






# ജോമി ജോസ് കൈപ്പാറേട്ട് കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് ഏറ്റുവാങ്ങി

കൊച്ചി: ഈ വർഷത്തെ ഏറ്റവും മികച്ച സാമൂഹിക പ്രതിബദ്ധതയുള്ള സിനിമയ്ക്കുള്ള 49-ാമത് കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് 'കരുതൽ' സിനിമയ്ക്ക്. കൊച്ചിയിൽ നടന്ന അവാർഡ് നിശയിൽ സിനിമയുടെ കഥാകൃത്തും സംവിധായകനുമായ ജോമി ജോസ് കൈപ്പാറേട്ട് പുരസ്കാരം ഏറ്റുവാങ്ങി. പ്രശാന്ത് മുരളി, ഐശ്വര്യ നന്ദൻ, സുനിൽ സുഗത, കോട്ടയം രമേശ്, സിബി തോമസ്, സ്റ്റീഫൻ ചെട്ടിക്കൻ, റോബിൻ സ്റ്റീഫൻ, ഷിജോ കുര്യൻ, ജോസ് കൈപ്പാറേട്ട്, മോളി പയസ്, ജോ സ്റ്റീഫൻ, ഷെറിൻ സാം തുടങ്ങിയവരാണ് പ്രധാന വേഷങ്ങളിൽ അഭിനയിച്ചിരിക്കുന്നത്.




പ്രശസ്ത ഛായാഗ്രാഹകനായ സാബു ജെയിംസാണ് തിരക്കഥയും ക്യാമറയും കൈകാര്യം ചെയ്തിരിക്കുന്നത്. തന്റെ പ്രഥമ സംവിധാന സംരംഭത്തിലൂടെ ജോമി ജോസ് എന്ന സംവിധായകൻ മലയാള സിനിമയിൽ സ്വന്തം മേൽവിലാസം തങ്കലിപികളാൽ എഴുതിച്ചേർക്കാനായി. വളരെയധികം പ്രേക്ഷക പ്രശംസ നേടിയ 'കരുതൽ' എന്ന സിനിമ കഴിഞ്ഞ ഫെബ്രുവരി ആറിനാണ് കേരളത്തിലെയും അമേരിക്കയിലെയും കൂടാതെ അയർലൻഡിലെയും നിരവധി തിയേറ്ററുകളിൽ റിലീസ് ചെയ്തത്.

കേരളത്തിലും അമേരിക്കയിലും അയർലൻഡിലുമായാണ് സിനിമയുടെ ചിത്രീകരണം പൂർത്തീകരിച്ചത്. ആനുകാലിക സംഭവങ്ങളെ ആസ്പദമാക്കി മികച്ച ആഖ്യാനത്തിലെയും അവതരണത്തിലെയും പുതുമകൊണ്ട് പ്രേക്ഷകരുടെ കൈയടി സിനിമയ്ക്ക് നേടാനായി. ഒരു ഫിലിം മേക്കിങ് കോഴ്സുകൾ പോലും പഠിക്കാതെയും ഒരു സിനിമയിലും അസിസ്റ്റന്റ് ഡയറക്ടർ ആയിട്ട് വർക്ക് ചെയ്യാതെയും കുറച്ച് ഹ്രസ്വചിത്രങ്ങൾ മാത്രം കഥയെഴുതി സംവിധാനം ചെയ്ത പരിചയത്തിൽ ആദ്യമായി കഥയെഴുതി ഒരു മുഴുനീള സിനിമ സംവിധാനം ചെയ്യുകയും കൂടാതെ ഇതിന് ക്രിട്ടിക്സ് അവാർഡ് സ്വന്തമാക്കുകയും ചെയ്ത അപൂർവ്വ ഭാഗ്യമാണ് ജോമി ജോസ് എന്ന സംവിധായകന് ലഭിച്ചിരിക്കുന്നത്. വിദേശത്തുള്ള മക്കളുടെയും നാട്ടിലെ വീടുകളിൽ തനിച്ച് താമസിക്കുന്ന അവരുടെ മാതാപിതാക്കളുടെയും കഥയാണ് കരുതൽ പറയുന്നത്. സഞ്ജു സൈമൺ മാക്കിൽ-എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ, ശാലിൻ ഷിജോ കുര്യൻ, ജോ സ്റ്റീഫൻ, മാത്യു മാപ്പിള്ളേട്ട്, ടോമി ജോസഫ് എന്നിവരാണ് കോ-പ്രൊഡ്യൂസേഴ്സ്.




# ഇന്ത്യൻ വംശജ നവി പിള്ളയ്ക്ക് സമാധാനത്തിന് നൊബേൽ

ഓസ്‌ലോ: യുദ്ധക്കുറ്റങ്ങൾക്കും വംശഹത്യയ്ക്കുമെതിരെ ധീരമായ നിലപാടെടുത്ത ഇന്ത്യൻ വംശജയായ ദക്ഷിണാഫ്രിക്കൻ ന്യായാധിപ നവനീതം 'നവി' പിള്ളയ്ക്ക് (85) സമാധാന നൊബേൽ സമ്മാനം. ഹേഗ് ആസ്ഥാനമായ രാജ്യാന്തര ക്രിമിനൽ കോടതി (ഐസിസി) മുൻ ജഡ്ജിയാണ്. ഗാസയടക്കം അധിനിവേശ പലസ്തീൻ പ്രദേശങ്ങളിൽ ഇസ്രയേൽ വംശഹത്യ നടത്തിയെന്നു കണ്ടെത്തിയ ഐക്യരാഷ്ട്ര സംഘടന (യുഎൻ) രാജ്യാന്തര അന്വേഷണ കമ്മീഷന്റെ അധ്യക്ഷയായിരുന്നു.



റുവാണ്ടയിലെ വംശഹത്യക്കേസുകൾ വിചാരണ ചെയ്ത ഇന്റർനാഷണൽ ക്രിമിനൽ ട്രൈബ്യൂണലിന്റെ അധ്യക്ഷയായിരുന്നു. യുഎൻ മനുഷ്യാവകാശവിഭാഗം (യുഎൻഎച്ച്ആർ) ഹൈക്കമ്മീഷണറായും സേവനമനുഷ്ഠിച്ചു.

നവി പിള്ള അധ്യക്ഷയായ യുഎൻ സ്വതന്ത്ര കമ്മീഷൻ കഴിഞ്ഞ വർഷം സമർപ്പിച്ച റിപ്പോർട്ടിലാണു ഗാസയിലടക്കം പലസ്തീൻ പ്രദേശങ്ങളിൽ ഇസ്രയേൽ വംശഹത്യ നടത്തിയതിന്റെ തെളിവുകൾ നിരത്തുന്നത്.

തമിഴ്നാട്ടിൽനിന്നു ദക്ഷിണാഫ്രിക്കയിലേക്കു കുടിയേറിയ നാരായൺസാമിയുടെയും ശാന്തമ്മയുടെയും മകളായി ഡർബനിലെ നറ്റാൾ പ്രവിശ്യയിൽ 1941-ൽ ജനിച്ചു.

വർണവിവേചനത്തിനെതിരെ ശക്തമായ നിലപാടെടുത്ത് നെൽസൻ മണ്ടേല ഉൾപ്പെടെയുള്ളവരുടെ രാഷ്ട്രീയത്തടവുകാരുടെ അവകാശങ്ങൾക്കായി ദശകങ്ങളോളം നിയമപോരാട്ടങ്ങൾ നടത്തി. ജഡ്ജിയെന്ന നിലയിൽ രാജ്യാന്തര കോടതികളിൽ നടത്തിയ സേവനങ്ങളിൽ യുദ്ധങ്ങളുടെയും കലാപങ്ങളുടെയും ഇരകൾക്കുവേണ്ടി നിലകൊണ്ടു. ഉത്തരവാദികളായ ഭരണകൂടങ്ങളെയും നേതാക്കളെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ നിരന്തരം പോരാടി.

രാജ്യാന്തരനിയമവും സമാധാനവും വളർത്താൻ നവി പിള്ള നടത്തിയ പരിശ്രമങ്ങൾക്കാണു അംഗീകാരമെന്നു നൊർവീജിയൻ നൊബേൽ സമിതി അറിയിച്ചു. 12 ലക്ഷം ഡോളറാണു സമ്മാനത്തുക. ഡിസംബർ 10-നു നോർവേയിലെ ഓസ്‌ലോയിലാണു സമ്മാനവിതരണം.

# തമിഴ്നാട്ടിൽ 13000 കോടിയുടെ വികസന പദ്ധതികളുമായി മോദി

ചെന്നൈ: വടപളനി മുതൽ പൂനമല്ലി വരെ 14.6 കിലോമീറ്റർ നീളുന്ന ചെന്നൈ മെട്രോ രണ്ടാം ഘട്ടത്തിലെ ആദ്യ സർവീസ് പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി സി. ജോസഫ് വിജയ് എന്നിവർ ചേർന്നു ഫ്ളാഗ് ഓഫ് ചെയ്തു.



മെട്രോയിൽ യാത്ര ചെയ്ത പ്രധാനമന്ത്രി റോഡ്, റെയിൽ, തുറമുഖം മേഖലയിലെ 13,000 കോടി രൂപയുടെ പദ്ധതികൾക്കും തുടക്കംകുറിച്ചു. പോരൂർ ബൈപാസ് മെട്രോ സ്റ്റേഷനിൽ നടന്ന ഉദ്ഘാടനച്ചടങ്ങിലേക്കു റോഡ്ഷോ ആയിട്ടാണു മോദി എത്തിയത്. മറ്റൊരു വാഹനത്തിൽ വിജയ് അനുഗമിച്ചു.

ഐഐടി മദ്രാസ് ക്യാംപസിലെ ജലകണ്ഠേശ്വര ക്ഷേത്രത്തിൽ മോദി ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിൽ ദേശീയഗീതമായ വന്ദേമാതരം ആലപിച്ചില്ല. ദേശീയഗാനവും സംസ്ഥാന ഗാനവും മാത്രമാണു പാടിയത്.

മുൻ മുഖ്യമന്ത്രിമാരായ എം. കരുണാനിധി, ജെ. ജയലളിത, ഒ. പനീർസെൽവം, എടപ്പാടി കെ. പളനിസ്വാമി, എം.കെ. സ്റ്റാലിൻ എന്നിവരുമായി സഹകരിച്ചതിനെക്കുറിച്ച് ഓർമിപ്പിച്ച മോദി വിജയുമായി സഹകരണം തുടരുമെന്നും വ്യക്തമാക്കി. മധുരയിലും കോയമ്പത്തൂരിലും മെട്രോ പദ്ധതി പരിഗണിക്കണമെന്നു വിജയ് പ്രധാനമന്ത്രിയോട് അഭ്യർഥിച്ചു.

മസ്തിഷ്ക പ്രവർത്തനങ്ങളിൽ ഗവേഷണം നടത്തുന്ന ഐഐടി മദ്രാസിലെ 'സുധ ഗോപാലകൃഷ്ണൻ ബ്രെയിൻ സെന്റർ' പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിനു സമർപ്പിച്ചു. ഐഐടി മദ്രാസിലെ പൂർവ വിദ്യാർഥിയും ഇൻഫോസിസ് സഹസ്ഥാപകനുമായ ക്രിസ് ഗോപാലകൃഷ്ണന്റെ സാമ്പത്തിക സഹായത്തോടെ, അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ 2022-ലാണു സെന്റർ പ്രവർത്തനം തുടങ്ങിയത്.

# ഗാന്ധിജയന്തി അനുസ്മരണ സമ്മേളനം സംഘടിപ്പിച്ച് ഇല്ലിനോയി മലയാളി അസോസിയേഷൻ




ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: മോർട്ടൺ ഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ ഒക്ടോബർ 4-ന് ഞായറാഴ്ച വൈകുന്നേരം ഇല്ലിനോയി മലയാളി അസോസിയേഷന്റെ (ഐഎംഎ) നേതൃത്വത്തിൽ ഗാന്ധിജയന്തി അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു.

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ജീവിതവും സന്ദേശങ്ങളും പൈതൃകവും അനുസ്മരിച്ചുകൊണ്ട് നടന്ന സമ്മേളനത്തിൽ വിവിധ സംഘടനകളുടെ നേതാക്കൾ ഗാന്ധിജിയുടെ മഹത്തായ സംഭാവനകൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

ഐഎംഎ പ്രസിഡണ്ട് ജോയ് പീറ്റേഴ്സ്, സെക്രട്ടറി പ്രെജിൽ അലക്സാണ്ടർ, ട്രഷറർ ഷാനി ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ പരിപാടിയുടെ ഏകോപനം നിർവഹിച്ചു.

സിഎംഎ പ്രസിഡണ്ട് ജോസ് മണക്കാട്ട്, ഐഒസി ദേശീയ പ്രസിഡണ്ട് സതീശൻ നായർ, ഫോമാ ദേശീയ ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ, ഐഎംഎ അഡ്വൈസറി ബോർഡ് ചെയർമാൻ ജോർജ് പണിക്കർ എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തവും സത്യത്തിനും സമാധാനത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ ജീവിതസമരങ്ങളും ഇന്നത്തെ സമൂഹത്തിനും തലമുറകൾക്കും നല്കുന്ന പ്രസക്തിയും പ്രസംഗകർ ചൂണ്ടിക്കാട്ടി. ഗാന്ധിജിയുടെ പ്രിയപ്പെട്ട ഭജനയായ 'രഘുപതി രാഘവ രാജാറാം' മിനു റോണി ആലപിച്ചു. അനുസ്മര സമ്മേളനത്തിനുശേഷം വിവിധ കലാപരിപാടികളും വിനോദപരിപാടികളും അരങ്ങേറി. പരിപാടിയിൽ പങ്കെടുത്തവർക്കായി ഒരുക്കിയ വിഭവസമൃദ്ധമായ അത്താഴത്തോടെയാണ് സമ്മേളനം സമാപിച്ചത്. ഗാന്ധിജിയുടെ ജീവിതമൂല്യങ്ങളും സത്യത്തിന്റെയും അഹിംസയുടെയും സന്ദേശങ്ങളും പുതുതലമുറയ്ക്ക് പകരുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി സമൂഹത്തിന്റെ സജീവ പങ്കാളിത്തത്തോടെ ശ്രദ്ധേയമായി. ലിൻസ് താന്നിച്ചുവട്ടിൽ പരിപാടികളുടെ എംസി ആയും പ്രവർത്തിച്ചു.

# കേന്ദ്രമന്ത്രി പീയൂഷ് ഗോയലിന് ചിക്കാഗോയിൽ സ്വീകരണം നല്കി



ചിക്കാഗോ: കേന്ദ്ര വാണിജ്യ വ്യവസായമന്ത്രി പീയൂഷ് ഗോയലിന് യുഎസ് ഇന്ത്യൻ കമ്യൂണിറ്റി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നല്കി. വിസ്കോൺസിനിൽ നടന്ന വാണിജ്യമന്ത്രിമാരുടെ ജി20 ഉച്ചകോടി സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു മന്ത്രി.

സ്വീകരണച്ചടങ്ങിൽ പുതിയ കോൺസൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശ്, വിഎസ്ഐസിഎഫ് പ്രസിഡണ്ട് നിരവ് പട്ടേൽ, ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ്, ഷാംബെർഗ് ടൗൺഷിപ്പ് മുൻ ട്രസ്റ്റി നിമേഷ് ജാനി, മുൻ എഫ്ഐഎ പ്രസിഡണ്ട് ബായിലാൽ പട്ടേൽ, മറ്റ് ഇന്ത്യൻ കമ്യൂണിറ്റി നേതാക്കൾ എന്നിവർ പങ്കെടുത്തു.

കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ തന്റെ മറുപടി പ്രസംഗത്തിൽ ഈ അമേരിക്കൻ സന്ദർശന വേളയിൽ ഇന്ത്യയിൽ വ്യവസായം തുടങ്ങാൻ വിവിധ ഇന്ത്യൻ അമേരിക്കൻ വ്യവസായികളെ ക്ഷണിക്കുന്നതായി അറിയിച്ചു. ഇന്ത്യയിൽ വ്യവസായം തുടങ്ങിയാൽ ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. കൂടുതലായി ഇന്ത്യയിൽ ഡേറ്റാ സെന്ററുകൾ തുടങ്ങുന്ന ചർച്ചകളാണ് നടന്നത്.

ഇന്ത്യയിൽ ഐഐടി, ഐഐഎം, മറ്റ് പ്രമുഖ കോളജുകളിൽ നിന്ന് ഗ്രാജ്വേറ്റ് ചെയ്ത എൻജിനിയേഴ്സ് മറ്റ് സ്കിൽഡ് ലേബേഴ്സ് എന്നിവർ സുലഭമാണ്. ഭൂമി വളരെ തുച്ഛമായ വിലയ്ക്ക് ലഭിക്കും. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇലക്ട്രിസിറ്റി ചാർജ് വളരെ കുറവാണ്. യുവാക്കൾക്ക് ജോലി ലഭിക്കുവാൻ ഒരു ലക്ഷം കോടി രൂപയാണ് എംപ്ലോയ്മെന്റ് ജനറേഷൻ, സ്കിൽ ഡെവലപ്മെന്റ്, ഇന്റേൺഷിപ്പ് പ്രോഗ്രാം എന്നിവയ്ക്ക് സർക്കാർ മാറ്റിവെച്ചിരിക്കുന്നത്. കൂടാതെ പുതിയ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേകം ഹെൽപ്പ് ലൈനുകളും ആരംഭിച്ചിട്ടുള്ളതായി മന്ത്രി അറിയിച്ചു.




വാണിജ്യ മന്ത്രിമാരുടെ ജി 20 ഉച്ചകോടിയിൽ മുഖ്യവിഷയം ചർച്ചയായത് ഇന്ത്യൻ ഉല്പന്നങ്ങൾക്ക് ചുമത്തുന്ന താരിഫ് ആണ്. അത് കുറയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അമേരിക്കയിലുള്ള ഇന്ത്യൻ കമ്യൂണിറ്റി തങ്ങളുടെ മാതൃരാജ്യത്തിനു നല്കുന്ന എല്ലാ സംഭാവനകൾക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

# ഫിലാഡൽഫിയ ഐപിസി ഹെബ്രോൻ സമർപ്പണ – ആരാധനാ ശുശ്രൂഷ ഒക്ടോബർ 18–ന്

നിബു വെള്ളവന്താനം

ഫിലാഡൽഫിയ: പെൻസിൽവാനിയയിലുള്ള ഫിലാഡൽഫിയ ഐപിസി ഹെബ്രോൻ സഭയുടെ പുതിയ കെട്ടിടത്തിന്റെ സമർപ്പണ-ആരാധനാ ശുശ്രൂഷ ഒക്ടോബർ 18-ന് ഞായറാഴ്ച രാവിലെ 9.30-ന് നടത്തപ്പെടും. വിശാലമായ ആരാധനാ ഹാൾ, കുട്ടികൾക്കായുള്ള പ്രത്യേക ആരാധനാമുറി, ഫെലോഷിപ്പ് ഹാൾ, 150 വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം എന്നിവ പുതിയ കെട്ടിടത്തിന്റെ പ്രത്യേകതകളാണ്.



ഐപിസി സീനിയർ പാസ്റ്റർ റവ.എം.എസ്. സാമുവൽ, സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് പാസ്റ്റർ വി.ടി. ഏബ്രഹാം എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. റവ.ഡോ. മോനിസ് ജോർജ്, ഐപിസി ഹെബ്രോൻ സഭയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. ആത്മീയ ശുശ്രൂഷാ ചടങ്ങിൽ പങ്കുചേരാൻ ഏവരേയും സ്നേഹപൂർവം ക്ഷണിക്കുന്നതായി അദ്ദേഹം അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 972 904 0994 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ജോൺ സി. വർഗീസിന് (സലിം) ഫോമായുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

ഹൂസ്റ്റൺ: അമേരിക്കൻ മലയാളികളുടെ ദേശീയ സംഘടനയായ ഫോമായുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് പ്രമുഖ സാമൂഹിക-സാംസ്കാരിക പ്രവർത്തകനും ഫോമായുടെ ആദ്യകാല നേതാക്കളിലൊരാളുമായ ജോൺ സി. വർഗീസിന് (സലിം) സമ്മാനിച്ചു. ഹൂസ്റ്റണിൽ നടന്ന ഫോമാ കൺവൻഷനിലാണ് അദ്ദേഹത്തെ പുരസ്കാരം നല്കി ആദരിച്ചത്.

ഫോമായുടെ വളർച്ചയ്ക്കും മലയാളി സമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക മുന്നേറ്റത്തിനും നല്കിയ ദീർഘകാലവും സമഗ്രവുമായ സേവനങ്ങൾ പരിഗണിച്ചാണ് സലിമിന് ഈ ബഹുമതി നല്കിയത്.

ഫോമായുടെ വളർച്ചയുടെ നിർണായക ഘട്ടമായിരുന്ന ലാസ് വെഗാസ് കൺവൻഷന്റെ ജനറൽ സെക്രട്ടറിയായി സംഘടനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ സലിം ഫോമായുടെ പ്രാരംഭകാലത്ത് തന്നെ സംഘടനയെ ശക്തമായ വളർച്ചയുടെ പാതയിലേക്ക് നയിച്ച നേതാക്കളിൽ പ്രധാനിയായിരുന്നു. സംഘടനയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിലും പ്രവർത്തനങ്ങൾക്ക് പുതിയ ദിശ നല്കുന്നതിലും അദ്ദേഹത്തിന്റെ നേതൃത്വപാടവം നിർണായകമായി.



ഫോമായിലെ സലിമിനെയും സലിമിന്റെ ഫോമായെയും അടുത്തറിയണമെങ്കിൽ ഫോമായുടെ കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെക്കാലത്തെ പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞുനോക്കിയാൽ മതിയാകും. സംഘടനയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തും പ്രതിസന്ധികളിൽ നേതൃത്വപരമായ ഇടപെടലുകൾ നടത്തിയും മലയാളി സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കായി പ്രവർത്തിച്ചുമാണ് അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചത്.

അമേരിക്കൻ മലയാളി സമൂഹത്തിൽ സാമൂഹിക, സാംസ്കാരിക, സാമുദായിക രംഗങ്ങളിൽ വർഷങ്ങളായി സജീവമായ സലിം മികച്ച സംഘാടകനും നേതാവുമാണ്. വിവിധ സംഘടനകളിലും സാമൂഹിക കൂട്ടായ്മകളിലും വഹിച്ച നേതൃത്വപദവികൾ അദ്ദേഹത്തിന്റെ മനോഭാവത്തിന്റെയും തെളിവാണ്.

സലിമിന്റെ സാമൂഹിക പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരങ്ങളും നിരവധിയാണ്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ സിൽവർ ജൂബിലി അവാർഡ്, തിരുവല്ല മുനിസിപ്പൽ കൗൺസിലിന്റെ പ്രത്യേക അംഗീകാരം, 2012-ൽ ഇന്ത്യ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി നല്കിയ 'ഗ്ലോറി ഓഫ് ഇന്ത്യ' പുരസ്കാരം എന്നിവ അദ്ദേഹത്തിനു ലഭിച്ച പ്രധാന ബഹുമതികളിൽ ചിലതാണ്.

കേരളത്തിലും അമേരിക്കയിലും സാമൂഹിക സംഘടനാ പ്രവർത്തനങ്ങളിലൂടെ സലിം തന്റെ നേതൃത്വശേഷി തെളിയിച്ചിട്ടുണ്ട്. ചെങ്ങന്നൂരിലെ അനുപമ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ സ്ഥാപക പ്രസിഡണ്ട്, താലൂക്ക് ട്രേഡ് യൂണിയൻ വർക്കേഴ്സ് ഓർഗനൈസേഷന്റെ സ്ഥാപക പ്രസിഡണ്ട്, കേരള ബാങ്ക് എംപ്ലോയീസ് റിക്രിയേഷൻ ക്ലബിന്റെ പ്രസിഡണ്ട് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ സ്വാന്തനം പദ്ധതിയുടെ ഭാഗമായി അന്നദാനം നടത്തുന്നതിലും സലിം നേതൃത്വം നല്കിയിരുന്നു.

അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനകളിലൊന്നായ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ പ്രസിഡണ്ടായും ട്രസ്റ്റീ ബോർഡ് ചെയറായും സലിം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംഘടനയുടെ വളർച്ചയിലും സമൂഹത്തെ ഒന്നിപ്പിക്കുന്ന പ്രവർത്തനങ്ങളിലും അദ്ദേഹം നല്കിയ സംഭാവനകൾ ശ്രദ്ധേയമാണ്.

ഫൊക്കാനയുടെ ആദ്യകാല പ്രവർത്തനങ്ങളിലും സലിം സജീവമായിരുന്നു. അവിഭക്ത ഫൊക്കാനയുടെ നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ഫോമായുടെ നാഷണൽ അഡ്ഹോക് കമ്മിറ്റി ജനറൽ സെക്രട്ടറി, ഫോമാ നാഷണൽ ജനറൽ സെക്രട്ടറി, ഫോമാ ഹെൽപ് ലൈൻ സെക്രട്ടറി, ഫോമാ അഡ്വൈസറി ചെയർമാൻ എന്നീ നിലകളിലും ഇപ്പോഴത്തെ ബൈലോ കമ്മിറ്റി ചെയർ ആയും പ്രവർത്തിക്കുന്നു.

കൂടാതെ ഇന്ത്യൻ പ്രവാസി ആക്ഷൻ കൗൺസിൽ കോ-ഓർഡിനേറ്റർ, ചെങ്ങന്നൂർ വൈഎംസിഎ ട്രഷറർ, ന്യൂയോർക്കിലെ ചെങ്ങന്നൂർ അസോസിയേഷന്റെ സ്ഥാപക പ്രസിഡണ്ട്, ചെങ്ങന്നൂർ മണ്ഡലം യൂത്ത്ഫ്രണ്ട് പ്രസിഡണ്ട്, യൂത്ത്ഫ്രണ്ട് ആലപ്പുഴ ജില്ലാ സെക്രട്ടറി, പ്രവാസി കേരള കോൺഗ്രസ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

പദവികൾ വഹിക്കുന്നതിലുപരി സംഘടനകളെ ജനങ്ങളുമായി ബന്ധിപ്പിക്കുകയും സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്തതാണ് സലിമിന്റെ പ്രവർത്തന ശൈലിയുടെ പ്രത്യേകത. വിവിധ തലമുറകളിലുള്ള മലയാളികളെ ഒരുമിപ്പിക്കുന്നതിലും സംഘടനാ പ്രവർത്തനങ്ങളിൽ യുവതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലും അദ്ദേഹം ശ്രദ്ധ പുലർത്തിയിരുന്നു.

ഫോമായുടെ വളർച്ചയുടെ ആദ്യകാല ചരിത്രത്തോടൊപ്പം സലിമിന്റെ പ്രവർത്തനചരിത്രവും ചേർന്നു നിൽക്കുന്നു. സംഘടനയുടെ രൂപീകരണ കാലത്തെ വെല്ലുവിളികളിൽ നിന്ന് ഇന്ന് ഫോമാ കൈവരിച്ച വളർച്ചയിലേക്കുള്ള യാത്രയിൽ വിവിധ ഉത്തരവാദിത്വങ്ങളിലൂടെ അദ്ദേഹം നല്കിയ സംഭാവനകൾ വിലപ്പെട്ടതാണ്.

ഒരു സംഘടനയെ കെട്ടിപ്പടുക്കുന്നത് പദവികളിലൂടെയല്ല, മറിച്ച് വർഷങ്ങളോളം ആത്മാർത്ഥമായി പ്രവർത്തിക്കുന്ന മനുഷ്യരിലൂടെയാണ്. അത്തരത്തിൽ ഫോമായ്ക്കും അമേരിക്കൻ മലയാളി സമൂഹത്തിനും തന്റെ സമയവും നേതൃത്വവും അനുഭവസമ്പത്തും സമർപ്പിച്ച വ്യക്തിയാണ് ജോൺ സി. വർഗീസ് എന്ന സലിം.

അദ്ദേഹത്തിനു ലഭിച്ച ഫോമാ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഒരു വ്യക്തിക്കുള്ള പുരസ്കാരം എന്നതിലുപരി, ദീർഘകാലം സംഘടനാ-സാമൂഹിക രംഗത്ത് പ്രവർത്തിച്ച ഒരു നേതാവിനുള്ള ആദരവായി മാറുകയാണ്. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വളർച്ചയ്ക്കായി സലിം നടത്തിയ പ്രവർത്തനങ്ങൾക്ക് ലഭിച്ച ഈ അംഗീകാരം അദ്ദേഹത്തിന്റെ സേവനയാത്രയിലെ മറ്റൊരു അഭിമാനകരമായ അദ്ധ്യായമാണ്.

## ഐപിസി കുടുംബ സംഗമം പ്രയർ ലൈനിൽ പാസ്റ്റർ കെ.ജെ. കുറിയാക്കോസ് പ്രസംഗിക്കും

നിബു വെള്ളവന്താനം

ഫ്ളോറിഡ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ 21-ാമത് നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രാർത്ഥനാ സഹകാരികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ച പ്രയർ ലൈനിൽ ഐപിസി ലേക്ക് ലാൻഡ് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ കെ.ജെ. കുറിയാക്കോസ് മുഖ്യപ്രഭാഷണം നടത്തും. ആത്മീയ സംഗീത ശുശ്രൂഷകൾക്ക് ഐപിസി ലേക്ക് ലാൻഡ് ചർച്ച് ക്വയർ നേതൃത്വം നല്കും.




പ്രാർത്ഥനാ വിഷയങ്ങൾക്കായുള്ള പ്രയർ ലൈൻ ഒക്ടോബർ 15-ന് വ്യാഴാഴ്ച ഈസ്റ്റേൺ ടൈം വൈകിട്ട് 9 മുതൽ 10 വരെ നടത്തപ്പെടുമെന്ന് നാഷണൽ പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ ഏബ്രഹാം മാത്യു അറിയിച്ചു. സൂം പ്ലാറ്റ്ഫോമിലൂടെ നടത്തപ്പെടുന്ന പ്രാർത്ഥനാ യോഗത്തിൽ 4052 094 084 എന്ന നമ്പറിൽ ഐപിസി എന്ന പാസ് വേഡ് ഉപയോഗിച്ച് പ്രവേശിക്കാവുന്നതാണ്. അമേരിക്കയിലും കാനഡയിലുമുള്ള നിരവധി പ്രാർത്ഥനാ സഹകാരികൾ പങ്കെടുക്കും. 'ആത്മനിറവിൽ ജീവിതം' എന്നതാണ് കോൺഫറൻസിന്റെ ചിന്താവിഷയമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ലോക വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട ഫ്ളോറിഡയിലെ ഒർലാന്റോ പട്ടണത്തിൽ വെച്ചാണ് 2027 ജൂലൈ ഒന്നു മുതൽ നാല് വരെ ഐപിസി ഫാമിലി കോൺഫറൻസ് നടത്തപ്പെടുന്നത്. കോൺഫറൻസിന്റെ ദേശീയ ഭാരവാഹികളായി പാസ്റ്റർ റോയി വാകത്താനം (നാഷണൽ ചെയർമാൻ), ബ്രദർ രാജൻ ആര്യപ്പള്ളിൽ (നാഷണൽ സെക്രട്ടറി), ബ്രദർ സാക് ചെറിയാൻ (നാഷണൽ ട്രഷറർ), സിസ്റ്റർ കൊച്ചുമോൾ ജെയിംസ് (ലേഡീസ് കോ-ഓർഡിനേറ്റർ), ജോമി ജോർജ് (യൂത്ത് കോ-ഓർഡിനേറ്റർ), ബ്രദർ നിബു വെള്ളവന്താനം (മീഡിയ കോ-ഓർഡിനേറ്റർ), പാസ്റ്റർ ഏബ്രഹാം മാത്യു (പ്രയർ കോ-ഓർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ഏബ്രഹാം മാത്യു 267 575 2555 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കാൻബറാ ക്നാനായ മിഷനിൽ തിരുഹൃദയ തിരുനാൾ ഒക്ടോബർ 16 മുതൽ 18 വരെ

കാൻബറാ: തിരുഹൃദയത്തിന്റെ നാമധേയത്തിലുള്ള കാൻബറാ ക്നാനായ മിഷനിൽ ഈ വർഷത്തെ തിരുനാൾ ഒക്ടോബർ 16-ന് വെള്ളിയാഴ്ച കൊടിയേറും. 17-ന് ശനിയാഴ്ച വൈകുന്നേരം കാൻബറാ ക്നാനായ കാത്തലിക് അസോസിയേഷൻ (CKCA) യുടെ ആഭിമുഖ്യത്തിൽ കലാസന്ധ്യയും നടത്തും. പ്രധാന തിരുനാൾ ദിവസമായ 18-ന് ഞായറാഴ്ച മുൻ മുൻ ചാപ്ലിൻ റവ.ഫാ. ഡാലിഷ് കോച്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ റാസ കുർബാന അർപ്പിക്കും. തിരുനാളിന്റെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാൻ ഏവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നതായി മിഷൻ ചാപ്ലിൻ റവ.ഫാ. പ്രിൻസ് തൈപ്പുരയിടത്തിൽ അറിയിച്ചു.



# ഫൊക്കാന കേരള കൺവൻഷൻ 2027; രജിസ്ട്രേഷൻ ആരംഭിച്ചു

**ജിജി ടോം**

ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ കേരള കൺവൻഷൻ 2027 ജനുവരി 11 മുതൽ 13 വരെ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കും.

കൺവൻഷനിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചതായി ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പും ഭാരവാഹികളും അറിയിച്ചു. അമേരിക്കയിലും കാനഡയിലുമായി നൂറിലധികം അംഗസംഘടനകളുള്ള ഫൊക്കാന അഞ്ചു ലക്ഷത്തിലധികം പ്രവാസി മലയാളികളെ പ്രതിനിധീകരിക്കുന്ന വടക്കെ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളുടെ കൂട്ടായ്മയാണ്. 1983 -ൽ രൂപംകൊണ്ട ഫൊക്കാന നാല് പതിറ്റാണ്ടിലേറെയായി കേരളത്തിന്റെ സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും പ്രവാസി മലയാളികളുടെ ക്ഷേമത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിവരുന്നു.

ഫൊക്കാന കേരള കൺവൻഷനിൽ കേരള ഗവർണർ, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, കേരളത്തിലെ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളും വ്യവസായികളും സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും സ്വാധീനമുള്ള പ്രവാസി മലയാളികളും പങ്കെടുക്കും. പ്രമുഖ വ്യവസായ, സാമൂഹിക, ജീവകാരുണ്യ പദ്ധതികൾക്കും കൺവൻഷനിൽ തുടക്കം കുറിക്കും. അർഹരായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, ദുരിതമനുഭവിക്കുന്നവർക്ക് മെഡിക്കൽ സഹായം, ഭവനനിർമ്മാണ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും. കേരള സർക്കാരിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കുന്നതിനായി ഓപ്പറേഷൻ തൂഫാൻ പദ്ധതിയിലും ഫൊക്കാന പങ്കാളികളാകും. വിവിധ ബിസിനസ് സ്ഥാപനങ്ങൾക്ക് തങ്ങളുടെ ബ്രാൻഡുകൾ പരിചയപ്പെടുത്തുന്നതിനും ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കുന്നതിനുമുള്ള അവസരവും കൺവൻഷനിൽ ഒരുക്കും.

കേരളത്തിലും വടക്കെ അമേരിക്കയിലുമുള്ള മലയാളി സമൂഹത്തിന്റെ സൗഹൃദവും സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി കേരള കൺവൻഷൻ 2027 മാറുമെന്ന് സംഘാടകർ അറിയിച്ചു.

കേരള കൺവൻഷൻ ചെയർമാനായി ഫൊക്കാന മുൻ പ്രസിഡണ്ട് ജോർജി വർഗീസ് (ഫ്ളോറിഡ), കോ-ഓർഡിനേറ്ററായി ഫൊക്കാന മുൻ പ്രസിഡണ്ട് പോൾ കറുകപ്പിള്ളിൽ, രജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരും ഫ്രാൻസിസ് കിഴക്കേക്കുറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാൻ, ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കുന്നു.

ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ലിൻഡോ ജോളി, വൈസ് പ്രസിഡണ്ട് ജോസി കരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി ഡോ. അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മറിയാ ജോസഫ്, വിമൻസ് ഫോറം ചെയർ ഡോ. ഷൈനി രാജു, ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ സജിമോൻ ആന്റണി എന്നിവരോടൊപ്പം ഫൊക്കാനയുടെ വിവിധ കമ്മിറ്റി അംഗങ്ങളും കൺവൻഷന്റെ വിജയത്തിനായി എല്ലാവരുടെയും പിന്തുണയും പങ്കാളിത്തവും അഭ്യർത്ഥിക്കുന്നു.




# ആദ്യ അണ്ടർവാട്ടർ റോബോട്ട് നാവികസേനയ്ക്ക് കൈമാറി

കൊച്ചി: കേരളം ആസ്ഥാനമായുള്ള ഡീപ്-ടെക് സ്റ്റാർട്ടപ്പായ 'ഐറോവ്' ഇന്ത്യൻ നാവികസേനയ്ക്കായി തദ്ദേശീയമായി വികസിപ്പിച്ച ആദ്യ മിലിറ്ററി-ഗ്രേഡ് അണ്ടർവാട്ടർ റോബോട്ടിക് സംവിധാനം കൈമാറി. 'ഐറോവ് ട്രൗട്ട്' എന്നാണ് ഇതിന്റെ പേര്. ഇന്ത്യയിൽ ആദ്യമായി സൈനിക മാനദണ്ഡങ്ങൾക്ക് അനുസൃതമായി രൂപകല്പന ചെയ്ത് നിർമിച്ച രണ്ട് ട്രൗട്ട് റിമോട്ട്ലി ഓപ്പറേറ്റഡ് വെഹിക്കിൾ സംവിധാനങ്ങളാണ് പ്രാഥമികഘട്ടത്തിൽ സേനയ്ക്ക് ലഭ്യമാക്കിയത്.

നൂതന അണ്ടർവാട്ടർ റോബോട്ടിക് സാങ്കേതികവിദ്യയിൽ ഇന്ത്യയുടെ സ്വയംപര്യാപ്തത ശക്തിപ്പെടുത്തുന്നതിൽ നിർണായക ചുവടുവെപ്പാണ് ഈ നേട്ടം. നാവികസേന നൽകിയ അഞ്ച് ട്രൗട്ടുകൾക്കുള്ള ഓർഡറിന്റെ ഭാഗമാണ് ഈ കൈമാറ്റം. പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഇനവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ് (ഐഡെക്സ്) പദ്ധതിയിലൂടെയാണ് തദ്ദേശീയ പ്രതിരോധ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. സായുധ സേനകൾക്കായി തന്ത്രപ്രധാനമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഐഡെക്സ് ഡിസ്ക് 7 സ്പ്രിന്റ് ചലഞ്ചിന്റെ ഭാഗമാണിത്.

വെള്ളത്തിനടിയിലെ പരിശോധന, നിരീക്ഷണം, തിരച്ചിൽ, രക്ഷപ്പെടുത്തൽ, വസ്തുക്കൾ കണ്ടെത്തൽ, റോബോട്ടിക് നിയന്ത്രണം തുടങ്ങിയ നിർണായക ദൗത്യങ്ങൾ കൃത്യതയോടെ നിർവഹിക്കാൻ ശേഷിയുള്ളതാണ് ഐറോവ് ട്രൗട്ടെന്ന് ഐറോവ് സി.ഇ.ഒയും സഹസ്ഥാപകനുമായ ജോൺസ് ടി. മത്തായി പറഞ്ഞു.

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐറോവ്, അണ്ടർവാട്ടർ ഡ്രോണുകൾ, ആളില്ലാ ബോട്ടുകൾ, ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിളുകൾ, എ.ഐ. അധിഷ്ഠിത വിശകലന സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിൽ ആഗോളതലത്തിൽ ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തുന്നത്.

## ക്യാപ്റ്റൻ മച്ചരാറിന് ഇസ്രയേൽ ബഹുമതി

ടെൽ അവീവ്: ഫ്ളൈദുബായ് വിമാനത്തിൽ സഹപൈലറ്റിന്റെ ആക്രമണത്തെ ചെറുത്ത് വൻ ദുരന്തം ഒഴിവാക്കിയ ഇന്ത്യൻ ക്യാപ്റ്റൻ സ്മിത് മച്ചരാറിന് ഇസ്രയേലിന്റെ പരമോന്നത സിവിലിയൻ ധീരതാപുരസ്കാരമായ 'പ്രസിഡൻഷ്യൽ അവാർഡ് ഫോർ സിവിലിയൻ ഹീറോയിസം'. പൂർണമായി സുഖം പ്രാപിച്ചശേഷം പുരസ്കാരം നേരിട്ട് സമ്മാനിക്കുമെന്ന് ഇസ്രയേൽ പ്രസിഡന്റ് ഐസക് ഹെർസോഗ് അറിയിച്ചു. ഒമാൻ സ്വദേശിയായ സഹപൈലറ്റ് കോക്പിറ്റിനുള്ളിൽ മച്ചരാറിനെ കുത്തിപ്പരുക്കേൽപ്പിക്കുകയായിരുന്നു. ഗുരുതരമായി പരുക്കേറ്റിട്ടും മച്ചരാറിന് കോക്പിറ്റ് വാതിൽ തുറക്കാൻ കഴിഞ്ഞത് വിമാനത്തിലുണ്ടായിരുന്ന 172 യാത്രക്കാരുടെ ജീവൻ രക്ഷിക്കാൻ സഹായിച്ചു. വാതിൽ തുറന്നതോടെ യാത്രക്കാർ അക്രമിയായ പൈലറ്റിന് കീഴ്പ്പെടുത്തുകയായിരുന്നു. അക്രമിയെ കീഴ്പെടുത്താൻ സഹായിച്ച വിമാനത്തിലെ മറ്റ് ആറു പേർക്കും ഹെർസോഗ് പുരസ്കാരം സമ്മാനിച്ചു.

# വിക്ടറി വിമൻസ് കോൺഫറൻസിന് അനുഗ്രഹീത സമാപനം

**ചാക്കോ കെ. തോമസ്**

ബെംഗളൂരു: കർണാടകയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പെന്തെക്കോസ്തു വനിതകളെ ഒന്നിപ്പിച്ചുകൊണ്ടു സംഘടിപ്പിച്ച 'വിക്ടറി വിമൻസ് കോൺഫറൻസ്' ശ്രദ്ധേയമായ പങ്കാളിത്തത്തോടെ സമാപിച്ചു. ബാംഗ്ലൂർ വിക്ടറി ഇന്റർനാഷണൽ എ.ജി വർഷിപ്പ് സെന്ററിൽ നടന്ന സമ്മേളനം വിക്ടറി ഇന്റർനാഷണൽ എ.ജി വർഷിപ്പ് സെന്റർ സീനിയർ ശുശ്രൂഷകനും എസ്ഐഎജി അസിസ്റ്റന്റ് സൂപ്രണ്ടുമായ പാസ്റ്റർ ഡോ. രവി മണി ഉദ്ഘാടനം ചെയ്തു. സിസ്റ്റർ റീബ ഗോഡ്‌ലി മുഖ്യ സന്ദേശം നൽകി. ദൈവവുമായുള്ള ബന്ധം ആഴപ്പെടുത്താനും, തങ്ങളുടെ വിളിക്കനുസരിച്ച് ധൈര്യത്തോടും ലക്ഷ്യബോധത്തോടും കൂടി ജീവിക്കാനും സ്ത്രീകൾ മുന്നോട്ടു വരണമെന്നു സിസ്റ്റർ റീബ പ്രസംഗത്തിൽ പറഞ്ഞു. സിസ്റ്റർ ലീന പ്രശാന്ത് ആരാധനയ്ക്കു നേതൃത്വം നൽകി.

പാസ്റ്റർ സൂസൻ രവിയായിരുന്നു മുഖ്യ സംഘാടക. ഐക്യം, വിശ്വാസം, പ്രത്യാശ എന്നിവയിൽ അധിഷ്ഠിതമായി സ്ത്രീകൾ മുന്നോട്ടു വരണമെന്ന് സ്വാഗതപ്രസംഗത്തിൽ പാസ്റ്റർ സൂസൻ പങ്കെടുത്തവരെ ആഹ്വാനം ചെയ്തു. "കർത്താവിൽ ഏക മനസ്സുള്ളവരായിരിപ്പിൻ" (ഫിലിപ്പിയർ 4:2) എന്നതായിരുന്നു ചിന്താവിഷയം.

കർണ്ണാടകയിലുടനീളമുള്ള സ്ത്രീകളുടെ സജീവ പങ്കാളിത്തം കോൺഫറൻസിനെ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും ശ്രദ്ധേയമായ ഒത്തുചേരലാക്കി. ആത്മികപ്രചോദനവും പരിശുദ്ധാത്മശക്തിയും പ്രാപിച്ചാണു പങ്കെടുത്തവർ മടങ്ങിയത്.



വിക്ടറി വിമൻസ് കോൺഫറൻസിൽ പാസ്റ്റർ സൂസൻ രവി പ്രസംഗിക്കുന്നു.




ബാംഗ്ലൂർ വി.ഐ. എ.ജിയിൽ നടന്ന വിക്ടറി വിമൻസ് കോൺഫറൻസിൽ സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ നിന്ന് പങ്കെടുത്ത വനിതകൾ.

# സ്പാർക്ക് ഓഫ് കേരള

# ഹൂസ്റ്റൺ കെ.സി.എസിന്റെ സ്വപ്നത്തിന് കരുത്തേകി സമൂഹം 1.2 ലക്ഷം ഡോളർ സമാഹരിച്ചു

**സാജൻ കണ്ണാലിൽ**

ഹൂസ്റ്റൺ: സ്വപ്ന പദ്ധതിയായ സ്പോർട്സ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുന്നതിനായി ഹൂസ്റ്റൺ കെ.സി.എസ് സംഘടിപ്പിച്ച സ്പാർക്ക് ഓഫ് കേരള സീസൺ 2 ധനസമാഹരണ പരിപാടി വൻ വിജയമായി. ഒക്ടോബർ 3-ന് മിസോറി സിറ്റിയിലെ ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി കമ്യൂണിറ്റി സെന്ററിൽ നടന്ന പരിപാടിയിൽ 800-ലേറെപ്പേർ പങ്കെടുത്തു. പദ്ധതിക്കായി ഏകദേശം 1.2 ലക്ഷം ഡോളർ സമാഹരിച്ചതായി സംഘാടകർ അറിയിച്ചു.








പ്രശസ്ത പിന്നണി ഗായകൻ ബിജു നാരായണനും സംഘവും അവതരിപ്പിച്ച സംഗീതപരിപാടി സദസ്സിന് അവിസ്മരണീയമായ അനുഭവമായി. സംഗീതവും കലാപ്രകടനങ്ങളും താളവും സമന്വയിപ്പിച്ച പരിപാടി നിറഞ്ഞ കൈയ്യടികളോടെയാണ് സമൂഹം ഏറ്റുവാങ്ങിയത്. നിരവധി കലാകാരന്മാരും ഗായകരും അണിനിരന്ന വേദി ഹൂസ്റ്റണിലെ മലയാളി സമൂഹത്തിന്റെ കലാ-സാംസ്കാരിക കൂട്ടായ്മയുടെ മനോഹരമായ പ്രതിഫലനമായി.

സമൂഹത്തിലെ കുട്ടികൾക്കും പുതുതലമുറയ്ക്കും കായിക പരിശീലനത്തിനും കൂട്ടായ്മയ്ക്കും കൂടുതൽ അവസരങ്ങൾ ഒരുക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായാണ് ധനസമാഹരണത്തിന്റെ പ്രധാന ഭാഗം വിനിയോഗിക്കുക. നിലവിലെ കമ്യൂണിറ്റി സെന്ററിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കും ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഹൂസ്റ്റണിൽ നിന്നും പുറത്തുനിന്നുമായി നിരവധി സ്പോൺസർമാരാണ് പരിപാടിക്ക് പിന്തുണ നല്കിയത്. ഇതോടൊപ്പം നിരവധി കുടുംബങ്ങളും വ്യക്തികളും സുഹൃത്തുക്കളും ഉദാരമായ സംഭാവനകളുമായി മുന്നോട്ടുവന്നു. സമൂഹത്തിന്റെ അഭ്യർത്ഥന ഏറ്റെടുത്ത് പദ്ധതിക്കായി കൈകോർത്ത എല്ലാവരുടെയും പിന്തുണയാണ് ധനസമാഹരണത്തിന്റെ വിജയത്തിനു പിന്നിലെ പ്രധാന ശക്തിയെന്ന് സംഘാടകർ പറഞ്ഞു.

ഹൂസ്റ്റൺ കെ.സി.എസ് പ്രസിഡണ്ട് സാബു മുളയാനിക്കുന്നേൽ പരിപാടിക്ക് പിന്തുണ നല്കിയ എല്ലാ സ്പോൺസർമാർക്കും കുടുംബങ്ങൾക്കും സമൂഹാംഗങ്ങൾക്കും നന്ദി അറിയിച്ചു. പരിപാടിയുടെ വിജയത്തിനായി പിന്നണിയിൽ അക്ഷീണം പ്രവർത്തിച്ച വോളണ്ടിയർമാരെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. അമ്പതോളം വോളണ്ടിയർമാരുടെ നേതൃത്വത്തിലുള്ള കൂട്ടായ പ്രവർത്തനമാണ് പരിപാടിയുടെ വിജയത്തിനു വഴിയൊരുക്കിയത്. പരിപാടിയുടെ വിവിധ വിഭാഗങ്ങളുടെ ഏകോപനം, വേദി-സാങ്കേതിക സംവിധാനങ്ങൾ, സ്വീകരണം തുടങ്ങി വിവിധ മേഖലകളിൽ വോളണ്ടിയർമാർ നടത്തിയ പ്രവർത്തനം ശ്രദ്ധേയമായി.

കലയും സംഗീതവും ആഘോഷമാക്കിയ ഒരു സായാഹനത്തെ കമ്യൂണിറ്റിയുടെ ഭാവി സ്വപ്നത്തിനുള്ള കൈത്താങ്ങാക്കി മാറ്റുകയായിരുന്നു സ്പാർക്ക് ഓഫ് കേരള സീസൺ-2. നിരവധി പേരുടെ സാന്നിദ്ധ്യവും ഏകദേശം 1.2 ലക്ഷം ഡോളറിന്റെ ധനസമാഹരണവും ഹൂസ്റ്റൺ കെ.സി.എസ് സമൂഹത്തിന്റെ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും കാരുണ്യത്തിന്റെയും ശക്തമായ തെളിവായി മാറി.
























# പന്തളം സുധാകരൻ: എഴുത്തിനെ സ്നേഹിക്കുന്ന രാഷ്ട്രീയക്കാരൻ





അഭിമുഖം: ജോസ് കണിയാലി

**കേ**രള രാഷ്ട്രീയത്തിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ തീക്ഷ്ണമായ കാലങ്ങളിൽ നിന്ന് ജനപ്രതിനിധിയിലേക്കും, മന്ത്രി പദത്തിലേക്കും വളർന്നുവന്ന നേതാവാണ് പന്തളം സുധാകരൻ. വണ്ടൂർ മണ്ഡലത്തിൽ നിന്ന് നിയമസഭയിലെത്തിയ അദ്ദേഹം മന്ത്രിയായും പാർലമെന്ററി രംഗത്തെ സജീവ സാന്നിധ്യമായും പ്രവർത്തിച്ചു. രാഷ്ട്രീയത്തിനപ്പുറം കവിതയിലും ഗാനരചനയിലും തന്റേതായ ഇടം കണ്ടെത്തിയ പന്തളം സുധാകരന്റെ പൊതുജീവിതം വ്യത്യസ്ത അനുഭവങ്ങളുടെയും നിലപാടുകളുടെയും അടയാളപ്പെടുത്തലുകൾ കൂടിയാണ്.

കാലം മാറിയിട്ടും കേരള രാഷ്ട്രീയത്തെയും അതിന്റെ മാറുന്ന മുഖങ്ങളെയും അടുത്തുനിന്ന് കണ്ടറിഞ്ഞ അനുഭവ സമ്പത്തുമായാണ് അദ്ദേഹം ഇന്ന് സംസാരിക്കുന്നത്. രാഷ്ട്രീയത്തിലെ ഇന്നലെകളെയും ഇന്നിന്റെ യാഥാർത്ഥ്യങ്ങളെയും നാളെയുടെ സാധ്യതകളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾക്ക് ആ അനുഭവങ്ങളുടെ ആഴമുണ്ട്.

**തന്റെ രാഷ്ട്രീയ യാത്രയിലൂടെയും സമകാലിക കേരള രാഷ്ട്രീയത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ചിന്തകൾ ചിക്കാഗോയിൽ കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി പങ്കുവെക്കുന്നു.**

**രാഷ്ട്രീയത്തിലേക്ക് എത്തിപ്പെടാനുള്ള സാഹചര്യം എങ്ങനെയായിരുന്നു?**

ഞാനൊരു പന്തളത്തുകാരനാണ്. എന്റെ എല്ലാ ഭാഗ്യങ്ങളുടെയും ഒരു പ്രധാന കാരണം എന്റെ നാടാണ്. "പന്തളം സുധാകരൻ" എന്ന പേര് എനിക്കൊപ്പം നിൽക്കുന്നതും അതുകൊണ്ടുതന്നെയാണ്.

ഞാൻ പൊതുരംഗത്തേക്ക് യഥാർത്ഥത്തിൽ വരുന്നത് ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ്. അതിന് പ്രധാന കാരണം അഖില കേരള ബാലജനസഖ്യമാണ്. ബാലജനസഖ്യത്തിന്റെ പ്ലാറ്റ്ഫോമിലൂടെയാണ് ഞാൻ പൊതുരംഗത്തേക്ക് എത്തുന്നത്. ഞാൻ മാവേലിക്കര താലൂക്കുകാരനാണ്. ഹൈസ്കൂൾ ക്ലാസിൽ പഠിക്കുമ്പോഴാണ് രമേശ് ചെന്നിത്തലയെ പരിചയപ്പെടുന്നത്. അന്ന് ബാലജനസഖ്യത്തിലെ ഏറ്റവും ശ്രദ്ധേയനായ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. കേരളത്തിന് നിരവധി പൊതുപ്രവർത്തകരെ സംഭാവന ചെയ്ത നല്ലൊരു പ്ലാറ്റ്ഫോമായിരുന്നു ബാലജനസഖ്യം.

അവിടെവച്ചാണ് എന്റെ പേര് ആദ്യമായി മലയാള മനോരമയിൽ "പന്തളം സുധാകരൻ" എന്ന പേരിൽ അച്ചടിച്ചുവരുന്നത്. പിന്നീട് പന്തളം എൻ.എസ്.എസ്. സ്കൂളിലും കോളേജിലും പഠിക്കുന്ന കാലത്ത് കെ.എസ്.യുവിന്റെ യൂണിയൻ ഭാരവാഹിയായി. അതിനു ശേഷം മണ്ഡലം പ്രസിഡന്റ് എന്ന നിലയിൽ തുടങ്ങി പടിപടിയായി ഉയർന്ന് സംസ്ഥാന യൂത്ത് കോൺഗ്രസ് പ്രസിഡന്റാകാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. ഇതിനിടയിൽ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു ആഗ്രഹം പട്ടാളക്കാരനാകണമെന്നതായിരുന്നു. പക്ഷേ ശരീരത്തിന്റെ ഉയരക്കുറവ് കാരണം അതിന് കഴിഞ്ഞില്ല. എന്നാൽ മനസ്സിൽ എപ്പോഴും ഒരു എഴുത്തുകാരനാകണം, കവിയാകണം എന്ന ആഗ്രഹമുണ്ടായിരുന്നു.

സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഞാൻ സ്വന്തമായി നാടകം എഴുതുകയും സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ്തിരുന്നു. സമ്മാനങ്ങളും ലഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി തലത്തിൽ വരെ എന്റെ നാടകം അവതരിപ്പിക്കാൻ ഭാഗ്യം ലഭിച്ചു. അങ്ങനെ നാടകവും സിനിമയുമൊക്കെയായി മുന്നോട്ടു പോകുന്നതിനിടെ, പ്രാദേശിക പ്രസിദ്ധീകരണങ്ങളിലൂടെയും പ്രത്യേകിച്ച് മലയാള മനോരമയുടെ പ്രസിദ്ധീകരണങ്ങളിലൂടെയുമാണ് ഞാൻ ആദ്യമായി കവിതയെഴുതി തുടങ്ങുന്നത്. കോളേജിൽ പഠിക്കുമ്പോൾ തന്നെ ഒരു ചെറിയ കവിയെന്ന നിലയിൽ എനിക്ക് ഒരു വിലാസം ലഭിച്ചിരുന്നു. പിന്നീട് കെ.എസ്.യുവിന്റെ നേതൃനിരയിലേക്ക് എത്തി. ജി. കാർത്തികേയൻ, രമേശ് ചെന്നിത്തല, ജോർജ് ഈഡൻ തുടങ്ങിയവരോടൊപ്പം പ്രവർത്തിച്ച ഒരു കാലഘട്ടമായിരുന്നു അത്.

**ലീഡർ കെ. കരുണാകരനുമായുള്ള ബന്ധം എങ്ങനെ ആയിരുന്നു?**

എന്റെ മറ്റൊരു വലിയ ഭാഗ്യം കെ. കരുണാകരനെ പരിചയപ്പെടാൻ കഴിഞ്ഞതാണ്. അദ്ദേഹമാണ് യഥാർത്ഥത്തിൽ ജി. കാർത്തികേയനെയും രമേശ് ചെന്നിത്തലയെയും എന്നെയും കണ്ടെത്തിയത്. മാധ്യമങ്ങൾ അന്ന് ഞങ്ങളെ "കെ. കരുണാകരന്റെ ത്രിമൂർത്തികൾ" എന്നുപോലും വിശേഷിപ്പിച്ചിരുന്നു.

ഞങ്ങൾക്ക് ഇത്രയധികം പ്രോത്സാഹനം നൽകിയ മറ്റൊരു നേതാവിനെ കാണാൻ പ്രയാസമാണ്. അതോടൊപ്പം തന്നെ ആദർശധീരനായ ഒരു വലിയ മാതൃകയായിരുന്നു എ.കെ. ആന്റണി. ഉമ്മൻ ചാണ്ടിയും ഞങ്ങളുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു. അങ്ങനെയുള്ള ഒരു കാലഘട്ടത്തിലൂടെയാണ് ഞങ്ങൾ വളർന്നുവന്നത്.

1978-ൽ കോൺഗ്രസ് പിളർന്ന് ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് (ഐ) രൂപം കൊണ്ടപ്പോൾ ഞങ്ങളെല്ലാവരും ഇന്ദിരാഗാന്ധിയോടും കരുണാകരൻ ലീഡറോടും ഒപ്പം നിന്നു. പിന്നീട് കെ.എസ്.യുവിന്റെയും യൂത്ത് കോൺഗ്രസിന്റെയും വിവിധ ഭാരവാഹിത്വങ്ങളിലേക്ക് എത്തി.

1982-ൽ 25 വയസ്സ് കഴിഞ്ഞപ്പോൾ ഞാൻ നിയമസഭയിലെത്തി. അതേ കാലഘട്ടത്തിൽ തന്നെ രമേശ് ചെന്നിത്തലയും ജി. കാർത്തികേയനും നിയമസഭയിലെത്തി. കെ. കരുണാകരൻ കണ്ടെത്തിയ ഞങ്ങൾ മൂന്നു പേരും ഒരുമിച്ച് നിയമസഭയിലെത്തിയത് അന്ന് മാധ്യമങ്ങൾക്കിടയിലും വലിയ കൗതുകമായിരുന്നു. ഇതിനിടയിലാണ് സിനിമയിലേക്കും എത്തുന്നത്.

**സിനിമയിലേക്ക് വരാനുള്ള സാഹചര്യം എന്തായിരുന്നു?**

പ്രിയദർശൻ, മോഹൻലാൽ, സുരേഷ് കുമാർ, ശ്രീനിവാസൻ തുടങ്ങി സിനിമയോട് വലിയ പാഷനുണ്ടായിരുന്ന നിരവധി സുഹൃത്തുക്കളുടെ പ്രോത്സാഹനമാണ് എന്നെ സിനിമാരംഗത്തേക്ക് എത്തിച്ചത്. അങ്ങനെ പത്തോളം സിനിമകളിലും ടെലിവിഷൻ സീരിയലുകളിലും ഗാനങ്ങൾ എഴുതാൻ അവസരം ലഭിച്ചു. ഇന്ത്യയിലെ പ്രമുഖ ഗായകരായ യേശുദാസ്, എസ്. ജാനകി, വാണി ജയറാം, ജയചന്ദ്രൻ, എം.ജി. ശ്രീകുമാർ, സുജാത, ചിത്ര തുടങ്ങിയവർ എന്റെ ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ ഒട്ടുമിക്ക പ്രമുഖ ഗായകരും എന്റെ ഗാനങ്ങൾ പാടിയിട്ടുണ്ട്.

**നിയമസഭയിലേക്ക് വന്ന സാഹചര്യം എന്തായിരുന്നു?**

ഇതേ കാലഘട്ടത്തിലാണ് ഞാൻ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്നത്. അതിനു ശേഷം വണ്ടൂരിൽ നിന്ന് മൂന്ന് തവണ ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു. മലപ്പുറം ജില്ലയിൽ ജീവിക്കുന്ന ജനങ്ങളുടെ സ്നേഹവും നന്മയും ഞാൻ ഒരിക്കലും മറക്കില്ല. ദേശീയ കാഴ്ചപ്പാടുള്ള, നിഷ്കളങ്കരായ മനുഷ്യരാണ് അവിടെയുള്ളത്. 1982-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ യാത്രയിൽ വളർന്ന ഞങ്ങൾ മൂന്നുപേരും ഒരുമിച്ച് നിയമസഭയിലെത്തി. പിന്നീട് 1991-ൽ കെ. കരുണാകരൻ മന്ത്രിസഭ രൂപീകരിച്ചപ്പോൾ അദ്ദേഹം എന്നെ മന്ത്രിയാക്കി.









**യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരിക്കെ മന്ത്രിയായല്ലോ?**

അതെ. കേരളത്തിൽ യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരിക്കെ മന്ത്രിയായ ഒരാൾ എന്ന നിലയിൽ എനിക്ക് അതൊരു വലിയ ഭാഗ്യമായിരുന്നു. രമേശ് ചെന്നിത്തല അതിന് മുമ്പ് മന്ത്രിയായിട്ടുണ്ട്. പിന്നീട് അദ്ദേഹം ദേശീയ നേതൃത്വത്തിലേക്ക് പോയി. ഏകദേശം ആറുമാസത്തിനുശേഷം ഞാൻ യൂത്ത് കോൺഗ്രസ് പ്രസിഡന്റ് സ്ഥാനം രാജിവച്ചു. പിന്നീട് കെ.സി. വേണുഗോപാൽ ആ സ്ഥാനത്തേക്ക് വന്നു.

സിനിമയിലും വിവിധ ഔദ്യോഗിക മേഖലകളിലും പ്രവർത്തിക്കാൻ അവസരം ലഭിച്ചു. കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ ഡയറക്ടറായിരുന്നു. രണ്ട് തവണ അവാർഡ് കമ്മിറ്റിയിൽ ജൂറിയായിട്ടുണ്ട്. സിനിമയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രവർത്തിക്കുകയും മാക്ടയുടെ വൈസ് ചെയർമാനാകുകയും ചെയ്തു.

മന്ത്രിസ്ഥാനം ഉൾപ്പെടെ പല ഉത്തരവാദിത്വങ്ങളും വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1995–ൽ കെ. കരുണാകരൻ മാറി എ.കെ. ആന്റണി മുഖ്യമന്ത്രിയായപ്പോൾ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചു. അന്ന് ഞാൻ എക്സൈസ് മന്ത്രിയായിരുന്നു. അത് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ചരിത്രത്തിൽ ആദ്യമായി ചാരായനിരോധനത്തിനുള്ള നിയമം നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞ മന്ത്രിയാണ് ഞാൻ. ചാരായം നിരോധിച്ചുകൊണ്ടുള്ള ഉത്തരവിൽ ഒപ്പുവെച്ചതും ഞാനാണ്. അതിന് നേതൃത്വം നൽകിയത് എ.കെ. ആന്റണിയായിരുന്നു. അത് അദ്ദേഹത്തിന്റെ വലിയൊരു സ്വപ്നമായിരുന്നു.

**ഇത്രയും വർഷങ്ങൾ പിന്നിട്ടിട്ടും പൊതുരംഗത്ത് തുടരാൻ താങ്കൾക്ക് പ്രചോദനമാകുന്നത് എന്താണ്?**

പൊതുരംഗത്ത് തുടരാൻ പ്രത്യേകിച്ച് ഒരു പ്രചോദനത്തിന്റെ ആവശ്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്. പൊതുരംഗം ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെടുന്ന മേഖലയാണ്. ഒരു പൊതുപ്രവർത്തകൻ എന്നത് സത്യത്തിൽ നമ്മൾ അങ്ങേയറ്റം ബഹുമാനിക്കേണ്ട ഒന്നാണ്. 24 മണിക്കൂറും ഫോൺ പ്രവർത്തിക്കുന്ന ഒരു വിഭാഗം വേറെയില്ല. ഏറ്റവും കൂടുതൽ തെറിവിളി കേൾക്കുന്നതും രാഷ്ട്രീയക്കാരാണ്. എന്നാൽ ആ തെറിവിളിക്കുന്ന വ്യക്തിക്ക് പോലും ആപത്ത് വരുമ്പോൾ ഓടിച്ചെല്ലാൻ ധൈര്യം കാണിക്കുന്നതും പലപ്പോഴും രാഷ്ട്രീയക്കാരാണ്. അതുകൊണ്ട് പൊതുപ്രവർത്തനം വലിയ മഹത്വമുള്ള കാര്യമായിട്ടാണ് ഞാൻ കാണുന്നത്. അതിൽ ആത്മാർത്ഥമായ ഇടപെടലും പങ്കാളിത്തവും വേണം.

**കോൺഗ്രസിന്റെ പഴയ നേതാവ് എന്ന നിലയിൽ ഇന്നത്തെ കോൺഗ്രസിന്റെ ശൈലിയിലും നേതൃത്വത്തിലും എന്തെങ്കിലും മാറ്റങ്ങൾ വരണമെന്ന് കരുതുന്നുണ്ടോ?**

മാറ്റങ്ങൾ വരണമെന്ന് പറയുമ്പോൾ, കോൺഗ്രസ് ഒരു രാഷ്ട്രീയ പാർട്ടിയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഒരു ആശയധാരയുണ്ട്. അതിൽ നിന്ന് വ്യതിചലിക്കാൻ പാടില്ല. എന്നാൽ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തുകയും വേണം. ഇന്ന് ആശയവിനിമയ രംഗത്ത് വലിയ വിപ്ലവമാണ് ഉണ്ടായിരിക്കുന്നത്. വിരൽത്തുമ്പിലൂടെ എല്ലാം ചെയ്യാൻ കഴിയുന്ന കാലമാണിത്. അതിന് വലിയ സാമ്പത്തിക ചെലവും ആവശ്യമില്ല. തലച്ചോർ സജീവമായാൽ മതി.

**ഇപ്പോഴും വായനയിലും എഴുത്തിലും സജീവമാണോ?**

ഞാൻ കുറച്ചൊന്ന് പിന്നോട്ടുപോയിട്ടുണ്ട്. സിനിമയുടെ ഒരു കാലഘട്ടം കഴിഞ്ഞപ്പോൾ പലരും മാറിപ്പോയി. പ്രിയൻ ബോംബെയിലേക്ക് പോയി. അങ്ങനെ ഓരോരുത്തരും ഓരോ വഴികളിലേക്ക് പോയെങ്കിലും വ്യക്തിപരമായ ബന്ധങ്ങൾ ഇപ്പോഴുമുണ്ട്. അടുത്ത കാലത്തായി കവിതയെഴുത്തിൽ അത്ര സജീവമല്ല. പക്ഷേ എനിക്ക് വളരെ അഭിമാനത്തോടെ ഓർക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്. എന്റെ കുറേ സഹപ്രവർത്തകരും എന്നെ ഇഷ്ടപ്പെടുന്നവരുമുണ്ട്. അവർ എന്നെ കാണുമ്പോൾ "മന്ത്രി ആയോ, എം.എൽ.എ ആയോ, തോറ്റോ, ജയിച്ചോ?" എന്നൊന്നുമല്ല ചോദിക്കുന്നത്. "എന്താണ് ഇപ്പോൾ എഴുതാത്തത്?" എന്നാണ് ചോദിക്കുന്നത്.

**അടുത്തകാലത്ത് പുതിയ ഗാനങ്ങൾ എഴുതിയിട്ടുണ്ടോ? അതോ എഴുത്തിൽ നിന്ന് ഒരു ഇടവേള എടുത്തിരിക്കുകയാണോ?**

കുറച്ചൊരു ബ്രേക്കിലാണ്. കുറേ പേർ എന്നെ സമീപിച്ചിട്ടുണ്ട്. എഴുതാത്തതിൽ എനിക്ക് തന്നെ ഒരു സങ്കടമുണ്ട്. ആ മടി മാറ്റിയാൽ ഇഷ്ടംപോലെ അവസരങ്ങളുണ്ട്. സുഹൃത്തുക്കളൊക്കെ ഇപ്പോഴും എന്നെ എഴുതാൻ പ്രേരിപ്പിക്കുന്നുണ്ട്. പക്ഷേ ഈ മടി മനസ്സിലേക്ക് കയറിക്കഴിഞ്ഞാൽ പല കാരണങ്ങളും നമ്മൾ കണ്ടെത്തും. അതിനൊപ്പം കുടുംബജീവിതവും മറ്റ് തിരക്കുകളും ഉണ്ടല്ലോ.

**കെ. കരുണാകരന്റെയും എ.കെ. ആന്റണിയുടെയും കൂടെ പ്രവർത്തിച്ച അനുഭവമുള്ള വ്യക്തിയാണ് താങ്കൾ. ആ നിലയിൽ ഇപ്പോഴത്തെ മുഖ്യമന്ത്രി വി.ഡി. സതീശനെ എങ്ങനെ വിലയിരുത്തുന്നു?**

അദ്ദേഹം ആദ്യമായിട്ടാണ് ഒരു ഭരണപരമായ നേതൃത്വത്തിലേക്ക് വരുന്നത്. പക്ഷേ സത്യത്തിൽ അദ്ദേഹത്തോട് എനിക്ക് വലിയ ആരാധനയുണ്ട്. കെ.എസ്.യു. കാലം മുതലേ ഞങ്ങൾക്ക് അദ്ദേഹത്തെ അറിയാം. അദ്ദേഹം വളരെ ഊർജസ്വലനായ വ്യക്തിയാണ്. യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനായിരുന്ന കാലത്തും നിയമസഭയിലെ പ്രസംഗങ്ങളിലും പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ ചടുലത കാണാൻ കഴിഞ്ഞിട്ടുണ്ട്. വളരെ പ്രതീക്ഷ നൽകുന്ന വ്യക്തിയാണ് വി.ഡി. സതീശൻ. അദ്ദേഹത്തിൽ എനിക്ക് ഒരുപാട് പ്രതീക്ഷയുണ്ട്.

**ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പുതിയ നിയമ ലഹരിവിരുദ്ധ നടപടി വലിയൊരു മാറ്റത്തിന്റെ തുടക്കമാണെന്ന് വിലയിരുത്തുന്നുണ്ടോ?**

എല്ലാവരാലും ശ്രദ്ധിക്കപ്പെടുന്ന ഒരു തീരുമാനമെന്ന് പറയുമ്പോൾ, ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പിന്റെ ഈ നടപടിയെ പ്രത്യേകം പരാമർശിക്കേണ്ടിവരും. മുമ്പും ഇതുപോലുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തവണ അതിന്റെ വ്യാപ്തിയും ശക്തിയും ഒരു കൊടുങ്കാറ്റ് പോലെ വലിയ ചർച്ചയ്ക്ക് വഴിവെച്ചിരിക്കുകയാണ്. ആർക്കും എതിർപ്പ് പറയാൻ കഴിയാത്ത തരത്തിലുള്ള ഒരു പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നു എന്നത് ശ്രദ്ധേയമാണ്.

ഞാൻ എക്സൈസ് മന്ത്രിയായിരുന്ന കാലത്ത് കോവളത്ത് എത്തുന്ന വിദേശികൾ ബിയർ കഴിക്കുന്നതിനെക്കുറിച്ച് പരാതികൾ ലഭിച്ചിരുന്നു. അത് നിരോധിക്കണമെന്ന ആവശ്യമുണ്ടായി. എന്നാൽ അമേരിക്കയിൽ നിന്നോ മറ്റു രാജ്യങ്ങളിൽ നിന്നോ എത്തുന്ന വിനോദസഞ്ചാരികൾക്ക് ബിയർ അവരുടെ സാധാരണ പാനീയമാണ്. അതുകൊണ്ടുതന്നെ അത് പൂർണമായി തടയുന്നത് പ്രായോഗികമല്ലെന്നായിരുന്നു എന്റെ നിലപാട്.

നിയന്ത്രണങ്ങളോടൊപ്പം ടൂറിസത്തെ പ്രോത്സാഹിപ്പിക്കണമെങ്കിൽ, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന ബാറുകൾക്ക് അനുമതി നൽകേണ്ടതുണ്ട്. ഓരോ കാര്യവും ഒളിപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അഞ്ച് സ്റ്റാർ സൗകര്യങ്ങളുള്ള ഒരു ഹോട്ടലിൽ ബാർ പാടില്ലെന്ന് പറയുന്നത് എത്രത്തോളം പ്രായോഗികമാണെന്നതും ചിന്തിക്കണം.

**അമേരിക്കയിൽ ഇതിനു മുമ്പും വന്നിട്ടുണ്ടല്ലോ. ഇത്തവണ എന്തെങ്കിലും പുതിയ മാറ്റങ്ങളോ പ്രത്യേക അനുഭവങ്ങളോ ശ്രദ്ധയിൽപ്പെട്ടോ?**

എനിക്ക് യാത്രകൾ ഭയങ്കര ഇഷ്ടമാണ്. കെ.ടി.ഡി.സി. ചെയർമാനായിരുന്ന കാലത്തും അതിനു മുമ്പ് യൂത്ത് കോൺഗ്രസിന്റെ ഡെലിഗേഷനുകളോടൊപ്പവും വിവിധ രാജ്യങ്ങൾ സന്ദർശിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഓരോ രാജ്യവും കാണുമ്പോഴും ഓരോ പുതിയ അനുഭവങ്ങളാണ് ലഭിക്കുന്നത്.

അമേരിക്ക എന്ന് പറയുന്നത് എനിക്ക് ഒരു രാജ്യത്തിനപ്പുറം വലിയൊരു വികാരമാണ്. നിയമാനുസൃതമായി ആർക്കും അവരവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു രാജ്യമാണ് അത്. അതുകൊണ്ട് അമേരിക്കയോട് ഞങ്ങൾക്ക് വലിയ ബഹുമാനമുണ്ട്. അതേസമയം ഇന്ത്യയോട് അതിലും വലിയ ബഹുമാനമുണ്ട്. ഇന്ത്യ ഒരു വലിയ ജനാധിപത്യ രാജ്യമാണ്. മാതൃരാജ്യം എന്ന നിലയിൽ ഇന്ത്യയ്ക്ക് നമ്മുടെയൊക്കെ മനസ്സിൽ പ്രത്യേക സ്ഥാനമുണ്ട്.

**അമേരിക്കൻ മലയാളികളോട് പ്രത്യേകിച്ച് എന്താണ് പറയാനുള്ളത്?**

"അമേരിക്കൻ മലയാളി" എന്ന പ്രത്യേക വിഭാഗമൊന്നില്ല എന്നാണ് എന്റെ വിശ്വാസം. കാരണം ഇന്നത്തെ ആശയവിനിമയത്തിന്റെ കാലത്ത് ലോകത്തിന്റെ ഏത് ഭാഗത്തും നടക്കുന്ന കാര്യങ്ങൾ നിമിഷങ്ങൾക്കകം നമ്മളറിയുന്നു. അടുക്കളയിൽ നിൽക്കുന്ന സഹോദരിമാർക്കുപോലും ആ നിമിഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന കാര്യങ്ങൾ അറിയാൻ കഴിയുന്ന കാലമാണിത്. എല്ലാം ലൈവാണ്. അതുകൊണ്ട് പ്രത്യേകിച്ച് മലയാളിയാണെന്ന് പറയേണ്ടതില്ല. ഏറ്റവും നന്മയോടെ ജീവിക്കുക. നിങ്ങൾ ജീവിക്കുന്ന രാജ്യത്തോട് കൂറുപുലർത്തുക. അതാണ് എനിക്ക് പറയാനുള്ളത്.



# സജിമോൻ ആന്റണി ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, തോമസ് തോമസ് വൈസ് ചെയർ, ബിജു ജോൺ കൊട്ടാരക്കര സെക്രട്ടറി

ന്യൂയോർക്ക്: ഫൊക്കാനയുടെ 2026–28 കാലഘട്ടത്തിലേക്കുള്ള ട്രസ്റ്റി ബോർഡ് ചെയർമാനായി മുൻ പ്രസിഡണ്ട് സജിമോൻ ആന്റണിയെയും വൈസ് ചെയറായി തോമസ് തോമസിനെയും സെക്രട്ടറിയായി ബിജു ജോൺ കൊട്ടാരക്കരയെയും എതിരില്ലാതെ തെരഞ്ഞെടുത്തു.

ട്രസ്റ്റി ബോർഡ് ചെയർമാനായിരുന്ന ജോജി തോമസിന്റെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ഫൊക്കാന പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പും ജനറൽ സെക്രട്ടറി സന്തോഷ് നായരും യോഗത്തിൽ സന്നിഹിതരായിരുന്നു.

ട്രസ്റ്റി ബോർഡ് അംഗങ്ങളായ മുൻ പ്രസിഡണ്ട് സജിമോൻ ആന്റണി, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ, മാമ്മൻ സി. ജേക്കബ്, സതീശൻ നായർ, ബിജു ജോൺ, തോമസ് തോമസ്, മനോജ് ഇടമന, കെവിൻ ജോസഫ് തുടങ്ങിയ എല്ലാ ട്രസ്റ്റി ബോർഡ് മെംബേഴ്സും യോഗത്തിൽ പങ്കെടുത്തു.

**സജിമോൻ ആന്റണി:** വിവിധ തലങ്ങളിൽ പ്രവർത്തിച്ച് ദേശീയ നേതൃത്വത്തിലേക്ക് ഉയർന്നുവന്ന സജിമോൻ ആന്റണി സംഘടനാ രംഗത്തെ പരിചയസമ്പന്നനായ നേതാവാണ്. ഫൊക്കാന നാഷണൽ കമ്മിറ്റി അംഗം, ട്രഷറർ, ജനറൽ സെക്രട്ടറി, പ്രസിഡണ്ട് എന്നീ വിവിധ ഉത്തരവാദിത്വങ്ങൾ വിജയകരമായി നിർവഹിച്ച ശേഷമാണ് അദ്ദേഹം ഇപ്പോൾ ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാനായി ചുമതലയേൽക്കുന്നത്.

പരിമിതികളെ അവസരങ്ങളാക്കി മാറ്റുകയും പുതുമയാർന്ന ആശയങ്ങളെ പ്രായോഗിക പദ്ധതികളാക്കി മാറ്റുകയും ചെയ്യുന്ന പ്രവർത്തനശൈലിയാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിന്റെ പ്രധാന പ്രത്യേകത. ഫൊക്കാന മെഡിക്കൽ കാർഡ്, ഫൊക്കാന പ്രിവിലേജ് കാർഡ്, ഫൊക്കാന ഹെൽത്ത് ക്ലിനിക്, ഫൊക്കാനയുടെ ഗിന്നസ് വേൾഡ് റെക്കോർഡ് പരിപാ







ടികൾ തുടങ്ങി നിരവധി നൂതന പദ്ധതികൾ ആവിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്യുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. ഫൊക്കാന ഗ്ലോബൽ എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിലും പ്രൊഫഷണൽ സംഘടനകൾക്ക് ഫൊക്കാനയിൽ അംഗത്വം നല്കുന്നതിലും ഉൾപ്പെടെ നിരവധി ചരിത്രപരമായ തീരുമാനങ്ങൾക്ക് നേതൃത്വം നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ സംഘടനയുടെ ഭര

**ബിജു ജോൺ**

ണനിർവഹണത്തിലും വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും ശ്രദ്ധേയമായ സംഭാവനകളായി മാറി.

കാര്യക്ഷമമായ ഭരണനിർവഹണം, സുതാര്യമായ പ്രവർത്തന ശൈലി, നവീന ആശയങ്ങൾ, സമയബന്ധിതമായ പദ്ധതികളുടെ നടപ്പാക്കൽ എന്നിവയിലൂടെ ഫൊക്കാനയുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവവും ജനകീയവുമാക്കുന്നതിൽ സജിമോൻ ആന്റണി നിർണായക പങ്കുവഹിച്ചു. കഴിഞ്ഞവർഷങ്ങളിലെ ഫൊക്കാനയുടെ വളർച്ചയിലും സംഘടനയുടെ പ്രവർത്തന മികവിലും അദ്ദേഹത്തിന്റെ നേതൃത്വത്തിന് ശ്രദ്ധേയമായ സ്ഥാനമാണുള്ളത്.

ന്യൂജേഴ്സിയിലെ മലയാളി അസോസിയേഷൻ ഓഫ് ന്യൂജേഴ്സിയുടെ പ്രസിഡണ്ടായിരിക്കെ സംഘടനയെ കൂടുതൽ സജീവമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുതിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനും സജിമോൻ ആന്റണി ശ്രദ്ധേയമായ പങ്കുവഹിച്ചു. സംഘടനാപ്രവർത്തനങ്ങളിലെ അദ്ദേഹത്തിന്റെ പരിചയസമ്പത്തും വിവിധതലങ്ങളിൽ പ്രവർത്തിച്ചുള്ള നേതൃത്വപാടവവും ഫൊക്കാനയുടെ ട്രസ്റ്റിബോർഡിന് പുതിയ ദിശാബോധം നല്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സംഘടനാ രംഗത്തിനൊപ്പം മാധ്യമരംഗത്തും സജിമോൻ ആന്റണി സജീവ സാന്നിധ്യമാണ്. ന്യൂസ് 18, ചാനൽ 24, മനോരമ ന്യൂസ് തുടങ്ങിയ ടെലിവിഷൻ ചാനലുകളിലെ ചർച്ചകളിൽ പങ്കെടുത്ത് സാമൂഹികവും പൊതുപ്രാധാന്യമുള്ളതുമായ വിഷയങ്ങളിൽ തന്റെ നിലപാടുകളും അഭിപ്രായങ്ങളും അദ്ദേഹം അവതരിപ്പിച്ചുവരുന്നു.

വർഷങ്ങളായുള്ള സംഘടനാപരിചയവും ഭരണനൈപുണ്യവും പുതിയ ആശയങ്ങളെ പ്രാവർത്തികമാക്കാനുള്ള കഴിവും കൈമുതലാക്കി ട്രസ്റ്റി ബോർഡ് ചെയർമാനെന്ന പുതിയ ഉത്തരവാദിത്വത്തിലേക്ക് കടക്കുന്ന സജിമോൻ ആന്റണിയിൽ നിന്ന് ഫൊക്കാന കൂടുതൽ ശക്തമായ പ്രവർത്തനങ്ങളും ദീർഘവീക്ഷണമുള്ള തീരുമാനങ്ങളും പ്രതീക്ഷിക്കുന്നു.

**തോമസ് തോമസ്:** ഫൊക്കാനയുടെ രൂപീകരണ കാലം മുതൽ സംഘടനയോടൊപ്പം സജീവമായി പ്രവർത്തിച്ചുവരുന്ന മുതിർന്ന നേതാക്കളിൽ ഒരാളാണ് തോമസ് തോമസ്. ഫൊക്കാനയുടെ ആദ്യകാല ട്രഷററായിരുന്ന അദ്ദേഹം സംഘടനയുടെ സ്ഥാപക നേതൃനിരയിലെ പ്രധാന വ്യക്തികളിലൊരാളാണ്.

ഫൊക്കാനയോടൊപ്പം ഏകദേശം നാല് പതിറ്റാണ്ടായി സഞ്ചരിക്കുന്ന തോമസ് തോമസ് സംഘടനയുടെ ഇതുവരെയുള്ള കൺവൻഷനുകളിൽ തുടർച്ചയായി പങ്കെടുത്ത അപൂർവം വ്യക്തികളിൽ ഒരാളാണ്. ഫൊക്കാന കൺവൻഷൻ വേദികളിലും സംഘടനയുടെ വിവിധ പ്രവർത്തനങ്ങളിലും അദ്ദേഹം എന്നും സജീവസാന്നിധ്യമാണ്.

ജോർജി വർഗീസ് പ്രസിഡണ്ടായിരുന്ന കാലത്ത് വൈസ് പ്രസിഡണ്ടായും അദ്ദേഹം ഫൊക്കാനയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലേക്കുള്ള മലയാളികളുടെ കുടിയേറ്റം ശക്തമായിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഡോ. എം. അനിരുദ്ധന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഫൊക്കാന എന്ന ആശയത്തിന് പിന്നിലെ ആദ്യകാല പ്രവർത്തകരിൽ തോമസ് തോമസിനും പ്രധാന പങ്കുണ്ടായിരുന്നു.

ഹോട്ടൽ മാനേജ്മെന്റിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ അദ്ദേഹം അമേരിക്കയിലെ പ്രമുഖ ഹോട്ടലുകളിൽ പ്രവർത്തിക്കുകയും ഹോളണ്ട് ഹോട്ടലിന്റെ ജനറൽ മാനേജർ പദവിയിലെത്തുകയും ചെയ്തു. 2000-ൽ ട്രോഫി വേൾഡ് എന്ന സ്ഥാപനം ആരംഭിച്ചതോടെ ബിസിനസ് രംഗത്ത് പൂർണമായി ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ന് അമേരിക്കയിലെ മലയാളി ഉടമസ്ഥതയിലുള്ള ശ്രദ്ധേയമായ ട്രോഫി സ്ഥാപനങ്ങളിലൊന്നായി ട്രോഫി വേൾഡ് അറിയപ്പെടുന്നു. സാമൂഹിക, സാംസ്കാരിക മേഖലകളിലും അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിലും തോമസ് തോമസ് സജീവ സാന്നിദ്ധ്യമാണ്.

**ബിജു ജോൺ:** ഫൊക്കാനയുടെ 2022–24 ഭരണസമിതിയിൽ ട്രഷററായി പ്രവർത്തിച്ച ബിജു ജോൺ കൊട്ടാരക്കര സാമ്പത്തിക കാര്യനിർവഹണത്തിലും സംഘടനാ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ പരിചയസമ്പത്തുള്ള നേതാവാണ്.

മുൻ അഡീഷണൽ അസോസിയേറ്റ് ട്രഷറർ, ട്രസ്റ്റി ബോർഡ് സെക്രട്ടറി എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിച്ച ബിജു, സംഘടനയുടെ ഭരണപരമായ വിവിധ മേഖലകളിൽ തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. നിലവിൽ ലോക കേരളസഭാംഗം കൂടിയാണ്.

മാധ്യമ പ്രവർത്തകനായ ബിജു ജോൺ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) ന്യൂയോർക്ക് ചാപ്റ്റർ ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. ഫൊക്കാനയുടെ ത്രൈമാസികയായ ഫൊക്കാന ടുഡേയുടെ ചീഫ് എഡിറ്റർ, ഫൊക്കാന കൺവൻഷൻ മാഗസിന്റെ ചീഫ് എഡിറ്റർ, കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ സിൽവർ ജൂബിലി സുവനീറിന്റെ ചീഫ് എഡിറ്റർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ് അസോസിയേഷൻ ഇൻ നോർത്ത് അമേരിക്കയുടെ (കെഇഎഎൻ) ന്യൂസ് ലെറ്റർ ആൻഡ് പബ്ലിക്കേഷൻസ് കോ-ഓർഡിനേറ്ററായും കെഇഎഎൻ-ന്റെ ലോങ് ഐലൻഡ് റീജിയണൽ വൈസ് പ്രസിഡണ്ട്, പബ്ലിക് റിലേഷൻസ് കോ-ഓർഡിനേറ്റർ എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

എൻജിനീയറിങ് എംബിഎ ബിരുദധാരിയായ ബിജു ജോൺ കൊട്ടാരക്കര ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിലെ ജോലിയോടൊപ്പം വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്.

ഫൊക്കാനയുടെ പുതിയ ട്രസ്റ്റി ബോർഡ് നേതൃത്വം സംഘടനയുടെ ഭരണപരമായ തുടർച്ചയ്ക്കും ഭാവി പ്രവർത്തനങ്ങൾക്കും കൂടുതൽ ഊർജ്ജം പകരുമെന്ന പ്രതീക്ഷയിലാണ് ഫൊക്കാന പ്രവർത്തകർ.

## സംഗീതജ്ഞൻ ജെ.വി. പീറ്ററിന്റെയും സാങ്കി പീറ്ററിന്റെയും ഓർമ്മയ്ക്കായി ഡാളസിൽ സംഗീത സായാഹ്നം




**പി.പി. ചെറിയാൻ**

ഡാളസ്: ക്രൈസ്തവ സംഗീത ലോകത്തിന് സമാനതകളില്ലാത്ത സംഭാവനകൾ നല്കിയ പ്രശസ്ത സംഗീതജ്ഞൻ ഇവാ. ജെ.വി. പീറ്ററിന്റെയും അദ്ദേഹത്തിന്റെ മകൻ സാങ്കി പീറ്ററിന്റെയും സ്മരണാർത്ഥം ഡാളസിൽ പ്രത്യേക സംഗീത സായാഹ്നം സംഘടിപ്പിക്കുന്നു.

'എണ്ണി എണ്ണി സ്തുതിക്കുവാൻ', 'നീയെൻ സ്വന്തം നീയെൻ പക്ഷം', 'നിനക്കായ് കരുതും അവൻ', 'പിളർന്നതാം പാറയെ' തുടങ്ങിയ അഞ്ഞൂറോളം ആത്മീയ ഗാനങ്ങളുടെ രചയിതാവാണ് ജെ.വി. പീറ്റർ. അനേകം പ്രതിഭകളെ വാർത്തെടുത്ത ഗോസ്പൽ ട്യൂണേഴ്സ് എന്ന ക്രിസ്തീയ മ്യൂസിക്കൽ ബാൻഡിന്റെ സാരഥിയായിരുന്നു അദ്ദേഹം. ജെ.വി. പീറ്ററിന്റെയും സാങ്കി പീറ്ററിന്റെയും ജീവിതത്തെയും സംഗീത പൈതൃകത്തെയും ആദരിച്ചുകൊണ്ട് ക്രിസ്ത്യൻ ക്ലാസിക്കൽ മ്യൂസിക് ബാൻഡായ 'ക്രോസ്റിവർ വോയിസ് ഡാളസ്' ആണ് ഈ സ്മരണാഞ്ജലി ഒരുക്കുന്നത്.

നവംബർ 8-ന് ഞായറാഴ്ച ഡാളസിലെ റോലറ്റിലുള്ള ഫിലാഡൽഫിയ പെന്തെക്കോസ്തൽ ചർച്ചിൽ വെച്ചാണ് പരിപാടി നടക്കുന്നത്. ജെ.വി. പീറ്ററിന്റെയും സാങ്കി പീറ്ററിന്റെയും പ്രശസ്ത ഗാനങ്ങളും അവയുടെ പിറകിലുള്ള പശ്ചാത്തല സാക്ഷ്യങ്ങളും മാത്രമായിരിക്കും ഈ സംഗീത സായാഹ്നത്തിന്റെ പ്രധാന ആകർഷണം. ഗോസ്പൽ ട്യൂണേഴ്സുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച പ്രമുഖ ഗായകരും കലാകാരന്മാരും ഈ സ്മരണാഞ്ജലി സംഗീതവിരുന്നിൽ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ജോൺ പി. മാത്യൂസ് 214 298 5415, മാത്യു കോശി 972415 6587.

# ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ ഓൾ അമേരിക്കൻ ബാഡ്മിന്റൺ ടൂർണമെന്റ് 2026 വൻ വിജയമായി



ചിക്കാഗോ: ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (GCMA) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മൂന്നാമത് ഓൾ അമേരിക്കൻ ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റ് 2026 ഒക്ടോബർ 3-ന് ശനിയാഴ്ച ഷാംബർഗിലെ പ്ലേ ആൻഡ് ഡ്രൈവ് ബാഡ്മിന്റൺ അരീനയിൽ വെച്ച് അത്യന്തം വാശിയേറിയ മത്സരങ്ങളോടെ വിജയകരമായി പൂർത്തിയായി. വടക്കെ അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ താരങ്ങൾ പങ്കെടുത്ത ടൂർണമെന്റിൽ വൻ ജനപങ്കാളിത്തമാണ് ദൃശ്യമായത്. 45 ടീമുകൾ വിവിധ വിഭാഗങ്ങളിൽ മത്സരിച്ചു. 12 മണിക്കൂർ തുടർച്ചയായി നടന്ന മത്സരങ്ങളിൽ 90-ൽ അധികം കായികതാരങ്ങൾ പങ്കെടുത്തു.

ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ നടത്തിയ ബാഡ്മിന്റൺ ടൂർണമെന്റിൽ മെൻസ് ഓപ്പൺ വിഭാഗത്തിൽ ജുബിൻ വെട്ടിക്കാട്ട് & ആരോൺ ബ്രിജേഷ് ടീം വിജയികളായി. വിജയപരാജയങ്ങൾ മിന്നിമറഞ്ഞ ഫൈനൽ മത്സരത്തിൽ കാദർ ജൽവാനി & അബ്ദുൾ ജബ്ബാർ ടീമിനെയാണ് പരാജയപ്പെടുത്തിയത്.

വിവിധ വിഭാഗങ്ങളിലായി നടന്ന മത്സരങ്ങളിൽ വിജയികളായവരുടെ വിവരങ്ങൾ താഴെ നല്കുന്നു.

വിമൻസ് ഓപ്പൺ വിജയികൾ: നിക്കി റപ്രിയ & നിഷു റപ്രിയ. റണ്ണേഴ്സ് അപ്പ്-സുനിത ജോൺ & റസ്നിൻ റഷീദ്.

ജൂണിയർ ഓപ്പൺ വിജയികൾ: കുഷ് & ദിയ, റണ്ണേഴ്സ് അപ്പ്-വൈഭവ് റപ്രിയ & അദ്വൈത്.

പൂൾ ബി മെൻസ് ഓപ്പൺ വിജയികൾ: മെൽവിൻ & ഡെക്സ്റ്റർ, റണ്ണേഴ്സ് അപ്പ്-വരുൺ & റോബിൻ.

മെൻസ് 45 പ്ലസ് വിജയികൾ: അനീഷ് ആന്റോ & ഷിബു നായർ, റണ്ണേഴ്സ് അപ്പ്-ഷാബിൻ മാത്യു & സന്തോഷ് ജോർജ്.

മെൻസ് 100 കംബൈൻഡ് വിജയികൾ: ഡിഷു തോമസ് & ജോബ്മൺ മാത്യു, റണ്ണേഴ്സ് അപ്പ്-സന്തോഷ് ജോർജ് & ജെയിംസ്.

മെൻസ് ഓപ്പൺ വിജയികൾ: ആരോൺ ബ്രിജേഷ് & ജുബിൻ വെട്ടിക്കാട്ട്, റണ്ണേഴ്സ് അപ്പ്-കാദർ ജൽവാനി & അബ്ദുൾ ജബ്ബാർ.

കായികപ്രേമികളുടെ സജീവ പങ്കാളിത്തവും സംഘാടകരുടെ മികച്ച പ്രവർത്തനവും ടൂർണമെന്റിനെ വലിയ വിജയമാക്കി മാറ്റി. വിജയികൾക്കും റണ്ണേഴ്സ് അപ്പിനും ജി.സി.എം.എ ഭാരവാഹികൾ ട്രോഫികളും ക്യാഷ് അവാർഡുകളും വിതരണം ചെയ്തു. സൈമൺ കോട്ടൂർ, യൂണിവേഴ്സൽ മെട്രോ ഏജിങ് സർവീസസ്, (UM-AS) പ്ലൂമ ബാഡ്മിന്റൺ ക്ലബ്, കേരള സണ്ണി ജോൺസൻ കാരിക്കൽ, ടെംപ്ട് ഇൻ ഫ്യൂഷൻ കിച്ചൻ-നേപെർവിൽ, ടോമി മെതിപാറ, ജിജു സ്റ്റീഫൻ, ഡോ. എഡ്വിൻ കാച്ചപ്പള്ളി, ജോഷി മാത്യു (Prudential Financial), ലീസ് ടോം മാത്യു എന്നിവർ സ്പോൺസർമാരായിരുന്നു.

മത്സരങ്ങൾക്ക് ജോൺ കൂള, സന്തോഷ് കാട്ടൂക്കാരൻ, അനീഷ് ആന്റോ, ജിതേഷ് ചുങ്കത്ത്, സുബാഷ് ജോർജ്, മനോജ് കോട്ടപ്പുറം, ബോബി സെബാസ്റ്റ്യൻ, വിജയ് പുത്തൻവീട്ടിൽ, അരുൺ മാത്യു, സന്തോഷ് നായർ, ജിജു സ്റ്റീഫൻ, സുജിത് കേനോത്ത്, ജോൺസൺ കാരിക്കൻ, ജിനേഷ് മാത്യു, റോഷ്നി ബിജു, ജിനേഷ് മാത്യു, അനിൽ കൃഷ്ണൻ, ടോമി മെതിപാറ, ജിജു സ്റ്റീഫൻ, രൺജിത് ചെറുവള്ളി, ഫിലിപ്പ് പൗവത്തിൽ, രവീന്ദ്രൻ കുട്ടപ്പൻ, ബോബി വർഗീസ്, ഡോ. എഡ്വിൻ കാച്ചപ്പള്ളി, മഞ്ജു കൊല്ലപ്പള്ളിൽ എന്നിവർ നേതൃത്വം കൊടുത്തു.












KERALA EXPRESS
പ്രവാസി താളുകൾ

# മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയറിന് രജതശോഭ; സിൽവർ ജൂബിലി ആഘോഷങ്ങൾ ഒക്ടോബർ 17-ന്

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: സേവനത്തിന്റെയും സൗഹൃദത്തിന്റെയും പ്രൊഫഷണൽ മികവിന്റെയും കാൽനൂറ്റാണ്ട് പിന്നിടുന്ന മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (MARC) രജതജൂബിലി നിറവിൽ.

2001-ൽ ചിക്കാഗോയിലെ മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ പ്രാക്ടീഷണർമാരുടെ കൂട്ടായ്മയായി രൂപംകൊണ്ട സംഘടനയുടെ ഒരുവർഷം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം 2026 ഒക്ടോബർ 17-ന് ശനിയാഴ്ച വൈകിട്ട് ആറിന് മൗണ്ട് പ്രോസ്പെക്ടിലെ ഒലീവ് പാലസ് ബാങ്ക്വറ്റ്ഹാളിൽ വിപുലമായ പരിപാടികളോടെ നടക്കും.

അമേരിക്കൻ അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (AARC) പ്രസിഡണ്ട് ഡാന ഇവാൻസ് ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. ഇല്ലിനോയ് സൊസൈറ്റി ഫോർ റെസ്പിറേറ്ററി കെയർ (ISRC) പ്രസിഡണ്ട് ജീന ഹട്സ് മുഖ്യപ്രഭാഷണം നടത്തും. ആർക് ഡയറക്ടർ അറ്റ് ലാർജ് ആൻ ഗീസ്റ്റ്കെമ്പറും ചിക്കാഗോയിലെ വിവിധ പ്രൊഫഷണൽ സംഘടനകളായ INAI, ISWAI, ARPKO, MRA എന്നിവയുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

രജതജൂബിലി ആഘോഷങ്ങൾക്ക് സാമൂഹിക പ്രതിബദ്ധതയുടെ തിളക്കമേകുന്ന ശ്രദ്ധേയമായ നേട്ടമാണ് കേരളത്തിലെ അർഹരായ മൂന്ന് കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നല്കി കൈമാറിയ പദ്ധതി. സാമൂഹിക പ്രവർത്തക ഡോ. എം.എസ്. സുനിലിന്റെ നേതൃത്വത്തിലും MARC അംഗങ്ങളുടെ കൂട്ടായ സഹകരണത്തിലുമാണ് ഈ മഹത്തായ സംരംഭം യാഥാർത്ഥ്യമായത്. ആഘോഷങ്ങളുടെ ആരവങ്ങൾക്കപ്പുറം ജീവിതത്തിന്റെ പ്രതിസന്ധികളിൽ കഴിയുന്ന കുടുംബങ്ങൾക്ക് സുരക്ഷിതമായൊരു ഭവനവും പ്രതീക്ഷയുടെ പുതിയ വെളിച്ചവും സമ്മാനിക്കാൻ കഴിഞ്ഞത് സംഘടനയുടെ മാനുഷിക മുഖത്തിന് കൂടുതൽ തിളക്കമേകുന്നു.

സംഘടനയുടെ രൂപീകരണം മുതൽ വളർച്ചയുടെയും നേട്ടങ്ങളുടെയും വിവിധ ഘട്ടങ്ങളിലൂടെ പിന്നിട്ട കാൽനൂറ്റാണ്ടിന്റെ ചരിത്രം അടയാളപ്പെടുത്തുന്ന സിൽവർ ജൂബിലി സുവനീർ ചടങ്ങിൽ വെച്ച് ISRC പ്രസിഡണ്ട് ജീന ഹട്സ് പ്രകാശനം ചെയ്യും. ശ്രദ്ധേയമായ ലേഖനങ്ങൾ, ഹൃദയസ്പർശിയായ സാഹിത്യ സൃഷ്ടികൾ, ഓർമ്മക്കുറിപ്പുകൾ, സംഘടനയുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും അടയാളപ്പെടുത്തുന്ന രചനകൾ എന്നിവയാൽ സമ്പന്നമായ ഈ പ്രസിദ്ധീകരണം MARC-ന്റെ ചരിത്രത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം മാത്രമല്ല, വരും തലമുറകൾക്കായി കരുതിവെക്കുന്ന വിലപ്പെട്ടൊരു രേഖ കൂടിയായിരിക്കുമെന്ന് സുവനീർ കമ്മിറ്റി അറിയിച്ചു.

വ്യക്തികളുടെ അനുഭവങ്ങളും കൂട്ടായ്മയുടെ ഓർമ്മകളും സേവനത്തിന്റെ സന്ദേശവും ഒരേ താളുകളിൽ സംഗമിക്കുന്ന ഈ സുവനീർ വായനക്കാർക്ക് വേറിട്ടൊരു അനുഭവം സമ്മാനിക്കുമെന്നാണ് പ്രതീക്ഷ.

MARC-ന്റെ രൂപീകരണത്തിനു നേതൃത്വം നല്കിയ സ്ഥാപകനേതാക്കളെയും കഴിഞ്ഞ 25 വർഷത്തിനിടെ സംഘടനയെ വിവിധ ഘട്ടങ്ങളിൽ നയിച്ച മുൻ പ്രസിഡണ്ടുമാരെയും സംഘടനയുടെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും അകമഴിഞ്ഞ പിന്തുണ നല്കിയ സ്പോൺസർമാരെയും ചടങ്ങിൽ ആദരിക്കും. സംഘടനയുടെ ഇന്നത്തെ നേട്ടങ്ങൾക്കു പിന്നിൽ പ്രവർത്തിച്ച വ്യക്തികളോടുള്ള നന്ദിയും ആദരവും പ്രകടിപ്പിക്കുന്ന വേദി കൂടിയായി ജൂബിലിസമ്മേളനം മാറും.

അംഗങ്ങളും കുടുംബാംഗങ്ങളും സുഹൃത്തുക്കളും വിശിഷ്ടാതിഥികളും ഒത്തുചേരുന്ന ഈ ആഘോഷസന്ധ്യയെ അവിസ്മരണീയമാക്കുന്നതിനായി വൈവിധ്യമാർന്ന കലാപരിപാടികളും മറ്റ് ആകർഷകമായ പരിപാടികളും ഒരുക്കിയിട്ടുണ്ട്.

ആഘോഷങ്ങളുടെ വിജയത്തിനായി വിപുലമായ തയ്യാറെടുപ്പുകളാണ് നടന്നുവരുന്നതെന്ന് ജൂബിലി കമ്മിറ്റി കോ-ഓർഡിനേറ്റർ സ്കറിയാക്കുട്ടി തോമസ്, സെക്രട്ടറി വിജയൻ വിൻസെന്റ്, ട്രഷറർ രഞ്ജി വർഗീസ് എന്നിവർ അറിയിച്ചു.

അസോസിയേഷന്റെ നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പ്രസിഡണ്ട് ടോം ജോസ്, സെക്രട്ടറി സമയ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, വൈസ് പ്രസിഡണ്ട് സണ്ണി കൊട്ടുകാപ്പള്ളി, ജോയിന്റ് സെക്രട്ടറി റോണിഷ് മാത്യു, ജോയിന്റ് ട്രഷറർ സന്തോഷ് ജോർജ്, ജനറൽ ഓർഗനൈസർ ബിൻസി ഏലിയാസ്, എഡ്യൂക്കേഷണൽ കോ-ഓർഡിനേറ്റർ ട്രീസ ഷെയ്, പിആർഒ ബിജു മുണ്ടക്കൽ എന്നിവർ ആഘോഷങ്ങളുടെ വിജയത്തിനായി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിവരുന്നു.




MARC-ന്റെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്ന് ഈ ചരിത്രനിമിഷത്തിന് സാക്ഷികളാകാൻ അസോസിയേഷന്റെ എല്ലാ അംഗങ്ങളെയും കുടുംബാംഗങ്ങളെയും ക്ഷണിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

# ഐസ്കട്ടകൾക്കിടയിൽ ന്യൂട്രിനോ വേട്ട – സംഘത്തിൽ ഒരു മലയാളിയും

ന്യൂഡൽഹി: പ്രപഞ്ചത്തെ പഠിക്കാൻ ന്യൂട്രിനോകളെ ഉപയോഗിക്കുന്നതിലൂടെ ജ്യോതിശാസ്ത്രമേഖലയ്ക്ക് ഒരു പുതിയ ജാലകം തുറന്നുകൊടുത്തയാളാണ് ഫ്രാൻസിസ് ഹാൽസൻ. ന്യൂട്രിനോകൾ ഗണ്യമായ പിണ്ഡമില്ലാത്ത (മാസ്), വൈദ്യുത ചാർജില്ലാത്ത കണികകളാണ്. പ്രപഞ്ചത്തിലെല്ലായിടത്തും ഇവ ഉൽപാദിപ്പിക്കപ്പെടുന്നു. ന്യൂട്രിനോകൾ മൂന്ന് വ്യത്യസ്ത തരത്തിലുണ്ട് - ഇലക്ട്രോൺ ന്യൂട്രിനോ, മ്യൂവോൺ ന്യൂട്രിനോ, ടാവു ന്യൂട്രിനോ. ഇവ ദുർബല പ്രതിപ്രവർത്തനങ്ങളിൽ (വീക്ക് ഇന്ററാക്ഷൻസ്) മാത്രമാണ് പങ്കെടുക്കുക. അതിനാൽ കണ്ടെത്തുക വളരെ പ്രയാസമാണ്. പുറത്തുനിന്നുള്ള വൈദ്യുതകാന്തിക സ്വാധീനത്തെയും മറ്റും തടയാനാണ് ന്യൂട്രിനോ പരീക്ഷണശാലകൾ ഭൂമിക്കടിയിൽ സ്ഥാപിക്കുന്നത്.

ഹാൽസന്റെ ഐസ്ക്യൂബ് ഡിറ്റക്ടർ ഭൂമിക്കടിയിലല്ല. ഏകദേശം 1.5 മുതൽ 2.5 കിലോമീറ്റർ വരെ ആഴത്തിൽ ദക്ഷിണധ്രുവത്തിലെ മഞ്ഞുപാളിക്കുള്ളിലാണ്. ന്യൂട്രിനോകൾ വളരെ അപൂർവമായേ ഡിറ്റക്ടറിലെ പദാർത്ഥവുമായി ബന്ധപ്പെട്ട് വൈദ്യുതചാർജുള്ള കണികകൾ സൃഷ്ടിക്കൂ. ശൂന്യാകാശത്തിലെ പ്രകാശവേഗത്തിന്റെ 76.34 ശതമാനമാണ് ഹിമത്തിലെ പ്രകാശവേഗം. ന്യൂട്രിനോകൾക്ക് വളരെ ഉയർന്ന ഊർജമുണ്ടെങ്കിൽ, അവ സൃഷ്ടിക്കുന്ന ചാർജുള്ള കണികകൾ ഹിമത്തിലെ പ്രകാശവേഗത്തേക്കാൾ വേഗത്തിൽ സഞ്ചരിക്കാം. അങ്ങനെയൊരു കണിക മഞ്ഞിലൂടെ സഞ്ചരിക്കുമ്പോൾ 'ചെറൻകോവ് ലൈറ്റ്' എന്ന പ്രതിഭാസം ഉണ്ടാകും. നീല അല്ലെങ്കിൽ വയലറ്റ് നിറത്തിലുള്ള പ്രകാശമാണ് ഇത്. ഈ പ്രകാശം കണ്ടെത്താനായി 5000 ഡിറ്റക്ടറുകൾ ഐസ്ക്യൂബ് ന്യൂട്രിനോ നിരീക്ഷണാലയത്തിലുണ്ട്. ഇതിലൂടെ ന്യൂട്രിനോയുടെ ഊർജവും ദിശയും നിർണയിക്കാം.



അന്റാർട്ടിക്കയിലെ ന്യൂട്രിനോ നിരീക്ഷണകേന്ദ്രം.

സൂര്യനിൽനിന്നുള്ള ന്യൂട്രിനോകൾക്ക് ഏകദേശം 10 മില്യൻ ഇലക്ട്രോൺ വോൾട്ട് ഊർജമുണ്ടാകും. ഭൂമിയുടെ അന്തരീക്ഷത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ന്യൂട്രിനോകൾക്ക് സാധാരണയായി ഗിഗാഇലക്ട്രോൺ വോൾട്ട് അഥവാ ജിഇവി നിരയിലെ ഊർജമുണ്ടാകും. എന്നാൽ, സൗരയൂഥത്തിനു പുറത്തുനിന്നുള്ള ന്യൂട്രിനോകൾക്ക് 1,000 ജിഇവി അഥവാ ഒരു ടെറാഇലക്ട്രോൺ വോൾട്ട് മുതൽ ദശലക്ഷക്കണക്കിന് ജിഇവി വരെ ഊർജമുണ്ടാകാം.

ന്യൂട്രിനോയുടെ ഊർജം കൂടുന്തോറും ചെറൻകോവ് പ്രകാശം കൂടുതൽ വ്യക്തമാകും. ന്യൂട്രിനോ വന്ന ഉറവിടം കൂടുതൽ കൃത്യമായി തിരിച്ചറിയാൻ കഴിയും. ഐസ്ക്യൂബ് ഡിറ്റക്ടറിനു വളരെ ഉയർന്ന ഊർജമുള്ള ന്യൂട്രിനോകളെ കണ്ടെത്താനുള്ള ശേഷിയുണ്ടെന്നുള്ളതാണ് ഇതിനെ വ്യത്യസ്തമാക്കുന്ന കാര്യം.

ആദ്യമായി ഭൂമിയിലെ ഒരു ഡിറ്റക്ടറിന് സൗരയൂഥത്തിന് പുറത്തും ക്ഷീരപഥത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന അസ്ട്രോഫിസിക്കൽ ന്യൂട്രിനോകളെ കണ്ടെത്താൻ കഴിഞ്ഞത് ഇതുവഴിയാണ്.

വളരെ ദൂരെയുള്ള ഒരു സജീവ താരാപഥത്തിൽനിന്ന് വന്നതായി തോന്നിക്കുന്ന ന്യൂട്രിനോകളെയും കണ്ടെത്താൻ ഈ നിരീക്ഷണകേന്ദ്രത്തിന് കഴിഞ്ഞിരുന്നു.

# ഡാളസ് ഇടവക മിഷൻ സൺഡേ 'ജോയ് ഫെസ്റ്റ്' ഒക്ടോബർ 18-ന്




**സിറിൾ ആനാലിൽ**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ മിഷൻ സൺഡേയോട് അനുബന്ധിച്ച് എല്ലാ മിനിസ്ട്രികളെയും കോർത്തിണക്കി മിഷൻ സൺഡേ ദിനത്തിൽ 'ജോയ് ഫെസ്റ്റ്' സംഘടിപ്പിക്കുന്നു. മിഷൻ മേഖലകളെ സഹായിക്കുന്നതിന് ലക്ഷ്യംവെച്ച് കുട്ടികളുടെ നേതൃത്വത്തിൽ വിവിധ സ്റ്റാളുകൾ വിശ്വാസി സമൂഹത്തിനായി ഹാളിൽ ക്രമീകരിക്കും. വിവിധ ക്ലാസുകളിലെ അദ്ധ്യാപകരുടെയും കുട്ടികളുടെയും നേതൃത്വത്തിലാണ് ജോയ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. ഇതുവഴി ലഭിക്കുന്ന തുക ചാരിറ്റി പ്രവർത്തനത്തിനായി ചെലവഴിക്കും. സ്കൂൾ പ്രിൻസിപ്പൽ ജോർജ് ചെറുശ്ശേരിലിന്റെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

# വിവാഹത്തിൽ നിന്നുള്ള പിൻമാറ്റം ആത്മഹത്യാപ്രേരണയല്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വിവാഹം കഴിക്കാൻ വിസമ്മതിച്ചതിന്റെ പേരിൽ ആത്മഹത്യ ചെയ്താൽ പ്രേരണക്കുറ്റം ചുമത്താൻ സാധിക്കില്ലെന്നു സുപ്രീംകോടതി വ്യക്തമാക്കി. തെലങ്കാനയിൽ കാമുകൻ വിവാഹം കഴിക്കാൻ വിസമ്മതിച്ചതിനെത്തുടർന്നു യുവതി ജീവനൊടുക്കിയ സംഭവത്തിൽ ആറ് പേർക്കെതിരെ രജിസ്റ്റർ ചെയ്ത നടപടികൾ റദ്ദാക്കിയാണ് ജഡ്ജിമാരായ ജെ.ബി. പർദിവാല, കെ. വിനോദ് ചന്ദ്രൻ എന്നിവരുടെ ബെഞ്ചിന്റെ ഉത്തരവ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 306-ാം വകുപ്പ് പ്രകാരം ആത്മഹത്യാ പ്രേരണയായി ഇതു കണക്കാക്കാൻ സാധിക്കില്ലെന്നു കോടതി പറഞ്ഞു.

യുവതിയുടെ കാമുകനെ ഒന്നാം പ്രതിയാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തത്. യുവാവിന്റെ മാതാപിതാക്കൾ, സഹോദരി, സുഹൃത്ത്, സഹോദരിയുമായി വിവാഹം നിശ്ചയിച്ചിരുന്നയാൾ എന്നിവരെ കൂട്ടുപ്രതികളുമാക്കി.

യുവതിയും കാമുകനും മൂന്ന് മാസത്തോളം ഒരുമിച്ചായിരുന്നു താമസമെന്നും യുവാവിന്റെ കുടുംബം ഈ ബന്ധത്തെ അംഗീകരിച്ചിരുന്നെന്നും കോടതി നിരീക്ഷിച്ചു. പിന്നീടു യുവാവ് വിവാഹത്തിൽനിന്നു പിൻമാറി. മറ്റു പ്രതികൾ ഇതിനു പ്രേരിപ്പിച്ചെന്നായിരുന്നു പ്രോസിക്യൂഷൻ വാദം. എന്നാൽ യുവതി ജീവനൊടുക്കിയത് ഇവർ കാരണമാണെന്നു തെളിയിക്കാൻ സാധിച്ചില്ല.

# എം. ബി. എന്നിന്റെ പുസ്തകം സനാതന ധർമ്മ നിരൂപണത്തിന് പുതിയ ജാലകം തുറക്കുന്നു: മന്ത്രി കെ. മുരളീധരൻ

ജോർജ് നടവയൽ

ന്യൂജേഴ്സി, തിരുവനന്തപുരം: മാധവൻ ബി. നായർ രചിച്ച 'സനാതന ധർമ്മദർശനം' എന്ന പുസ്തകം സനാതന ധർമ നിരൂപണത്തിന് പുതിയ ജാ



ലകം തുറക്കുന്നു എന്ന് മന്ത്രി കെ. മുരളീധരൻ പ്രസ്താവിച്ചു. ഗ്രന്ഥത്തിന്റെ ആദ്യപ്രതി ജഗത്ഗുരു സ്വാമി സത്യാനന്ദസരസ്വതിക്ക് സമർപ്പിച്ച് പുസ്തക പ്രകാശനം നിർവഹിക്കുകയായിരുന്നു മന്ത്രി. 2026 ഒക്ടോബർ 4-ന് ഞായറാഴ്ച തിരുവനന്തപുരത്ത് ചെങ്കോട്ടുകോണം ജ്യോതിക്ഷേത്രവേദിയിൽ വിശ്വശാന്തി സമ്മേളനത്തോട് അനുബന്ധിച്ചായിരുന്നു പുസ്തകപ്രകാശനം.

വേദാന്തം-ഉപനിഷത് തത്വങ്ങളെ പ്രയോഗത്തിലാക്കുന്നതിലൂടെ ആത്മീയാനന്ദം കൈവരിക്കാം എന്ന ദർശനത്തിലൂന്നി മാധവൻ ബി. നായർ രചിച്ച സനാതന ധർമ്മദർശന പുസ്തകം അനുവാചകർക്ക് വെളിച്ചമേകുന്നു എന്നാണ് എം.എൽഎയും മുൻ യൂണിയൻ മന്ത്രിയുമായ വി. മുരളീധരൻ അനുമോദന പ്രസംഗത്തിൽ പ്രസ്താവിച്ചത്.

'ഹരി' പദ്ധതിയെയും ലോക ഹിന്ദു പാർലമെന്റിനെയും കുറിച്ചുകൂടി പ്രതിപാദിക്കുന്ന എംബിഎന്നിന്റെ പുസ്തകം കൃത്യമായ ഘടനയും പരസ്പര ബന്ധവും ഉറപ്പാക്കുന്നതിലൂടെ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സാമ്പത്തിക രാഷ്ട്രീയ, മതപരമായ മേഖലകൾക്ക് അഭിവൃദ്ധി പ്രാപിക്കാനും വളരാനും സാധിക്കും എന്ന് ലോകമെമ്പാടുമുള്ള ജനങ്ങൾക്കായി മനോഹരമായി വിവരിച്ചു നല്കുന്നു എന്നാണ് ജഗത്ഗുരു സ്വാമി സത്യാനന്ദ അനുഗ്രഹപ്രഭാഷണത്തിൽ വ്യക്തമാക്കിയത്.





ജഗത്ഗുരു സ്വാമി സത്യാനന്ദയുടെ ദാർശനിക മൂല്യങ്ങളുടെ പ്രവൃത്തിരൂപങ്ങളാണ് ഹരി പദ്ധതിയും ലോക ഹിന്ദു പാർലമെന്റും.

സത്യാനന്ദസരസ്വതി സ്വാമിജിയുടെ ദർശനങ്ങൾ അറിയാനും മനസ്സിലാക്കാനും നടത്തിയ എളിയ ശ്രമത്തിനിടയിൽ താൻ ഉൾക്കൊണ്ട വസ്തുതകളെ പകർത്തിയതാണ് ഈ പുസ്തകം. ധർമ്മബോധം നഷ്ടപ്പെടാത്ത ശ്രദ്ധയാണ് ഗുരുത്വം എന്ന സ്വാമിജിയുടെ ഉദ്ബോധനമാണ് ഈ രചനയ്ക്ക് പ്രചോദനം എന്നാണ് മാധവൻ നായർ നന്ദിപ്രസംഗത്തിൽ ദീപ്തമാക്കിയത്. പുസ്തകം എഡിറ്റ് ചെയ്ത രമേശ് ബാബു, ലേഔട്ട് ആർട്ടിസ്റ്റ് സുകുമാരൻ, പ്രസാധകരായ അണിയറ പ്രവർത്തകർ എന്നിവരോടുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു എന്നും മാധവൻ നായർ പറഞ്ഞു.

മുൻ എംപി പീതാംബരക്കുറുപ്പ്, മുൻ എംഎൽഎ വഹീദ് എം.എ. എന്നിങ്ങനെ പ്രമുഖ ജനസേവകർ പുസ്തക പ്രകാശന സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

പ്രസാധകവിവരങ്ങൾ: (Publisher Details) Published by MBN FOUNDATION 1107 St. Georges Ave, Colonia, New Jersey 07067 USA. Tel: 732 325 3952.

E-mail: madhavanbnair@yahoo.-com,

www.madhavanbnair.com,

www.mbnfoundation.org

Price Rs. 470/-

ISBN: 9789359182842








CityWide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase · Jumbo Loan · Refinance · Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER | Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

KERALA EXPRESS പ്രവാസി താളുകൾ

# യിസ്രായേലിന്റെ ദൈവം എത്ര വിശ്വസ്തൻ

എൽസി ബേബി

യിസ്രായേൽ അഥവാ ഇന്നത്തെ 'യഹൂദർ' സ്വർഗ്ഗത്തിലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ശ്രേഷ്ഠജനമാകുന്നു. അവരുടെ ഗോത്രപിതാവായ അബ്രഹാമിന്റെ 'സന്തതി' എന്നു വിളിക്കത്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രത്യേക ജനമാകുന്നുവെന്ന് വിശുദ്ധ വേദപുസ്തകം വായിച്ചു പഠിക്കുന്ന ഏവർക്കും മനസ്സിലാക്കാവുന്ന ഒരു യാഥാർത്ഥ്യമാകുന്നു. അവരോടുള്ള ദൈവത്തിന്റെ വാഗ്ദത്തം "ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ അത്യുന്നത ദൈവമാകുന്നു. നിങ്ങൾ എന്റെ ജനം; നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും" എന്ന് മാത്രമല്ല, വേറെയും അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. അവയൊന്നും വിവരിക്കാനിടം പോരാ. ഇന്നത്തെ 'യിസ്രായേൽ' കനാൻദേശം ദൈവം തന്റെ വാഗ്ദത്തപ്രകാരം അബ്രഹാമിന്റെ സന്തതിയായ യിസ്രായേലിനു അവകാശമായി നൽകിയ ദേശമാകുന്നു. ഒരുനാൾ ഈജിപ്തിൽ അടിമകളായി കിടന്ന യിസ്രായേലിനെ ദൈവം 'മോശ' മുഖാന്തരം, അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച് വീണ്ടെടുത്ത് 40 വർഷം മരുഭൂമിയിലൂടെ നടത്തി, പോറ്റിപ്പുലർത്തി, പാലും തേനും ഒഴുകുന്ന കനാനിൽ എത്തിച്ച ചരിത്രം വിവരിക്കേണ്ടതില്ലല്ലോ. അവർക്ക് ആചരിക്കുവാനും പ്രമാണിക്കുവാനും കല്പനകളും ന്യായപ്രമാണങ്ങളും നൽകി അനുഗ്രഹിച്ച ദൈവത്തെ കാലക്രമേണ അവർ ഉപേക്ഷിച്ച്, ദൈവിക ന്യായപ്രമാണങ്ങളെ ലംഘിച്ച് അന്യദൈവങ്ങളേയും, വിഗ്രഹങ്ങളെയും, മിഥ്യാമൂർത്തികളെയും സേവിച്ചതിന്റെ ഫലമായി ദൈവം അവരെ ശിക്ഷിച്ച്, ന്യായം വിധിച്ച്, ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് ചിതറിച്ചുകളഞ്ഞു. അനേകം വർഷങ്ങൾക്കു ശേഷം 1948–ൽ അവരിൽ ചിലർ വന്ന് യിസ്രായേൽ അവകാശമാക്കി ഒരു ചെറിയ രാഷ്ട്രമായി തീർന്നു എന്നത് വിസ്തരിക്കേണ്ടതില്ലല്ലോ? ഇന്നും സ്വർഗ്ഗത്തിലെ ദൈവം തന്റെ വാഗ്ദത്ത പ്രകാരം യിസ്രായേലിനെ സ്നേഹിക്കയും, കരുതുകയും ചെയ്യുന്നു എന്നതിനു സംശയമില്ല. ഭാവിയിൽ അവർ ഗോത്രം ഗോത്രമായി വന്ന് തങ്ങൾക്കു നഷ്ടമായ ദേവാലയം വീണ്ടും പണിത് യാഗങ്ങൾ തുടരും, ഒരു പുതിയ യെരുശലേം സ്ഥാപിതമാകും എന്നാകുന്നു പ്രവചനം! അതിലേക്കൊന്നും പ്രവേശിക്കാനുദ്ദേശിക്കുന്നില്ല. എന്നാൽ, ദൈവം തന്റെ ജനത്തെ സ്നേഹിച്ചു പരിപാലിക്കുന്നു എന്നതിന്റെ ഒരു നല്ല ഉദാഹരണമല്ലെ നാം ഇന്ന് വാർത്താ മാദ്ധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും ചെയ്യുന്ന വിമാന ദുരന്തം? ദുബായിൽ നിന്നും ടെൽ അവീവിലേക്കു പറന്നുയർന്ന വിമാനത്തിലുണ്ടായിരുന്ന 174 യാത്രക്കാരിൽ 166 പേരും യിസ്രായേലികളായിരുന്നുവെന്നും, മദ്ധ്യാകാശത്തിൽ വച്ച് വിമാനം പറപ്പിച്ചിരുന്ന പൈലറ്റിനെ, കോപൈലറ്റ് കത്തികൊണ്ടു കുത്തിക്കൊന്ന് വിമാനം തകർത്ത് യാത്രക്കാരെ ഒന്നടങ്കം നശിപ്പിക്കാനുണ്ടായ ഒരു 'ഒമാനി'യുടെ പരിശ്രമത്തെ തടഞ്ഞ് ദൈവം തന്റെ ജനത്തെ രക്ഷിച്ച സംഭവം അത്ഭുതകരമല്ലേ? ഇന്ത്യാക്കാരനായ പൈലറ്റ് കത്തിക്കുത്തേറ്റ് രക്തം വാർന്നൊഴുകി മരിക്കേണ്ട സ്ഥാനത്ത് മറ്റാർക്കും തുറക്കാനാവാത്ത കോക്പിറ്റ് വാതിൽ തള്ളിതുറന്ന് യാത്രക്കാരുടെ സഹായത്താൽ അവരെ മാറ്റി വിമാനം പറപ്പിച്ച് യാത്രക്കാരെ സുരക്ഷിതരാക്കി ഭൂമിയിലെത്തിച്ചത് ദൈവത്തിന്റെ അത്ഭുതകരങ്ങളായിരുന്നില്ലേ? ഈ സംഭവത്തെക്കുറിച്ചുള്ള വാർത്തകൾ കണ്ടും കേട്ടും കൊണ്ടിരുന്നപ്പോൾ എന്റെ മനസ്സിലേക്കു വന്ന ചിന്തകളാണ് ഈ ലേഖനം എഴുതാൻ എന്നെ പ്രേരിപ്പിച്ചത്. ദൈവം എല്ലാവരുടെയും ദൈവമാകുന്നു. ദൈവത്തിന് മുഖപക്ഷമില്ല എന്നതു വാസ്തവം തന്നെ. അതോടൊപ്പം ദൈവം തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുന്നതിൽ വിശ്വസ്തനാകുന്നു എന്നതിനു സംശയം വേണ്ട. അതിനു തിരുവചനം നൽകുന്ന ഒരുദാഹരണം ഓർപ്പിക്കട്ടെ. കർത്താവായ യേശുക്രിസ്തുവിനെ ക്രൂശിച്ച്, ഗോൽഗോത്താ മലമുകളിൽ തൂങ്ങിക്കിടക്കുമ്പോൾ തന്നോടുകൂടെ ക്രൂശിക്കപ്പെട്ട ദുഷ്പ്രവൃത്തിക്കാരിൽ ഒരുവൻ "യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ അടിയനെ ഓർക്കേണമേ" എന്ന പ്രാർത്ഥ



ലേഖിക

നയ്ക്കുത്തരമായി ദൈവപുത്രൻ "ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" എന്ന വാക്കുപാലിച്ചത് ഓർത്തുനോക്കുക. ആദാം ദൈവകല്പന ലംഘിച്ചു പാപം ചെയ്തതിന്റെ ഫലമായി നഷ്ടപ്പെട്ട പറുദീസായിലേക്ക് കാൽവറി ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ദൈവപുത്രൻ പറുദീസായിലേക്ക് പ്രവേശിച്ചത് പാപക്ഷമ ലഭിച്ച ഒരു ദുഷ്പ്രവൃത്തിക്കാരനുമായിട്ടായിരുന്നു എന്നത് അത്ഭുതകരമല്ലേ? അതുപോലെ തന്നെ മദ്ധ്യാകാശത്തുവെച്ച് കോക്പിറ്റിലിരുന്ന ഒരു കോപൈലറ്റ് വിമാനം ഓടിച്ചുകൊണ്ടിരുന്ന പൈലറ്റിനെ കത്തികൊണ്ടു കുത്തിക്കൊലപ്പെടുത്തി വിമാനവുമായി തകർന്നു വീണ് യാത്രക്കാരെ മുഴുവനും കൊല്ലുവാനുള്ള ശ്രമത്തെ എത്ര അത്ഭുതകരമായിട്ടായിരുന്നു രക്ഷിച്ചത്? രക്തം വാർന്നു തളർന്നു വീണ പൈലറ്റ് കോക്പിറ്റ് തള്ളിത്തുറന്നില്ലായിരുന്നെങ്കിൽ സംഭവിക്കാവുന്നത് ഊഹിക്കുക. യാത്രക്കാരിൽ ഒരുവനായ ഒരു പ്ലംബർ തൽക്ഷണം വിമാനം കയ്യിലെടുത്തു പറമ്പിച്ച് സുരക്ഷിതമായി ഭൂമിയിലെത്തിച്ചതിന്റെ പിന്നിൽ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കരുതൽ ഇല്ലായിരുന്നെങ്കിൽ സംഭവിക്കാവുന്ന അപകടം ഊഹിക്കാവുന്നതാകുന്നുവോ? അവിടെ നടന്ന ഓരോ സംഭവങ്ങളും ഒന്ന് അപഗ്രഥിച്ച് നോക്കുക. ഒരു സ്ത്രീ തന്റെ കുഞ്ഞുമായി ടോയ്ലറ്റിലേക്കു ചെന്നപ്പോൾ കോക്പിറ്റിൽ നടന്ന കോലാഹലങ്ങൾ കേൾക്കാനിടയായതും യാത്രക്കാരെ അറിയിച്ചതും പറന്നുപൊങ്ങിയ വിമാനം കുത്തനെ താഴോട്ടു വീണതും, കുത്തേറ്റ പൈലറ്റ് കോക്പിറ്റുവാതിൽ തള്ളിത്തുറന്നതുമെല്ലാം അത്ഭുതകരമായ ഒരു സംഭവമായി തോന്നുന്നില്ലേ? യാത്രക്കാരിൽ ചിലരെങ്കിലും മനമുരുകി പ്രാർത്ഥിച്ചു കാണും. കാരണം എല്ലാവരും മരണത്തെ മുന്നിൽ കണ്ട് നിസ്സഹായരായി അലറിക്കരഞ്ഞപ്പോൾ, ചില അദൃശ്യകരങ്ങൾ ചലിപ്പിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം പ്രവർത്തിച്ചു എന്നത് വിശ്വസിക്കാതിരിക്കാനൊക്കുകയില്ല. യിസ്രായേലിന്റെ ദൈവം എത്ര വിശ്വസ്തൻ!

പ്രിയമുള്ളവരേ, നമ്മെയും നമ്മുടെ ജീവിതത്തെയും, നിയന്ത്രിക്കുന്ന ഒരു ദൈവമുണ്ടെന്നു വിശ്വസിക്കുക. നമ്മുടെ ജീവിതത്തിൽ നടക്കുന്ന ഓരോ ചലനവും അറിയുന്ന സർവ്വജ്ഞാനിയും, സർവ്വവല്ലഭനും, സർവ്വശക്തനുമായ ദൈവത്തിൽ പൂർണ്ണ ആശ്രയം സമർപ്പിച്ചു ജീവിക്കുന്നതുപോലെ ധന്യമായ മറ്റൊരു ജീവിതവുമില്ല എന്നോർക്കുക. ജീവിതത്തിൽ സുഖവും, ദുഃഖവും, സമ്പത്തും, ദാരിദ്ര്യവും, രോഗവും, ആരോഗ്യവുമൊക്കെ സർവ്വസാധാരണ സംഭവങ്ങളാകുന്നു. സുഖസൗകര്യങ്ങളും, സമ്പത്തും മറ്റും വർദ്ധിക്കുമ്പോൾ ദൈവത്തെ മറന്ന് സ്വയം ബുദ്ധിയിലും ശക്തിയിലും ആശ്രയിക്കുകയും, രോഗങ്ങളും, ദുഃഖങ്ങളും, പ്രയാസങ്ങളും നേരിടുമ്പോൾ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്ന രീതി ശരിയല്ല. സമ്പത്തുകാലത്തും ആപത്തുകാലത്തും ഒരുപോലെ ആശ്രയിക്കുകയും, പ്രാർത്ഥിക്കുകയും, ആരാധിക്കുകയും ചെയ്വാൻ യോഗ്യനായ ദൈവത്തെ പ്രസാദിപ്പിച്ചു ജീവിച്ച് നല്ല അന്ത്യം പ്രാപിക്കുവാൻ ഈ സംഭവങ്ങൾ നമ്മെ സഹായിക്കട്ടെ! യിസ്രായേലിന്റെ ദൈവം നമ്മുടേയും ദൈവമാകുന്നു! മറ്റൊരു പ്രത്യേക വിഷയം കൂടെ ഇതോടൊപ്പം മനസ്സിലാക്കേണ്ടതുണ്ട്. നോക്കുക, ഭീകരാക്രമണത്തിൽ നിന്നും വലിയൊരു ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ട യിസ്രായേൽ ദൈവത്തെ പാടി സ്തുതിക്കുന്ന രംഗം! അവർക്കറിയാം അവരുടെ ദൈവമാണ് ഇത്ര വലിയ ദുരന്തത്തിൽ നിന്നും അവരെ രക്ഷിച്ചതെന്ന്. കാരണം, ദൈവം അവർക്കു നല്കിയ വാഗ്ദത്തം അവർ ഓർത്തു. അതിപ്രകാരം: "യിസ്രായേലെ ഭയപ്പെടേണ്ടാ! ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു, നീ എനിക്കുള്ളവൻ തന്നെ! നീ വെള്ളത്തിൽകൂടെ കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽകൂടെ നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല. നിന്റെ ദൈവവും, യിസ്രായേലിന്റെ പരിശുദ്ധനുമായ, യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ." യിസ്രായേലിന്റെ ദൈവം വാഗ്ദത്തം ചെയ്തവൻ- വിശ്വസ്തനാകുന്ന എന്നതിന്റെ പ്രത്യക്ഷമായ ഒരനുഭവമായിരുന്നു ഈ വലിയ ദുരന്തം. അതിൽ നിന്നും വിടുവിക്കപ്പെട്ടതിന്റെ നന്ദിസൂചകമായി അവർ ദൈവത്തെ പാടി സ്തുതിക്കുന്നു. പ്രിയമുള്ളവരേ, ഈ ദൈവം നമ്മുടെയും ദൈവമാകുന്നു. ഇത്ര നല്ലവനാം ദൈവത്തെ വിശ്വസിച്ചാശ്രയിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവുണ്ടാകയില്ല. കഷ്ടങ്ങളും നഷ്ടങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വന്നാലും അവയിൽ നിന്നൊക്കെ വിടുതൽ നല്കി പരിപാലിക്കുന്ന ഈ ദൈവത്തിൽ വിശ്വസിച്ചാശ്രയിപ്പാൻ നമുക്കോരോരുത്തർക്കും ഇടയാകട്ടെ!

## രണ്ട് മലയാളികൾ മുൻനിര ഗവേഷകരുടെ പട്ടികയിൽ

കോട്ടയം: ഗവേഷണരംഗത്ത് നേട്ടവുമായി രണ്ട് മലയാളികൾ. ഇടുക്കി കുമളി സ്വദേശി ഡോ. വി.എ. ബിൻസൺ, കോട്ടയം തോട്ടയ്ക്കാട് സ്വദേശി ഡോ. ആശ തോമസ് എന്നിവരാണ് മികച്ച ഗവേഷകരുടെ പട്ടികയിൽ ഇടംപിടിച്ചത്. സ്റ്റാൻഫോർഡ് സർവകലാശാലയും പ്രശസ്ത അക്കാദമിക് പ്രസാധകരായ എൽസെവിയറും ചേർന്നാണ് 2026-ലെ ലോകത്തിലെ മികച്ച ഗവേഷകരുടെ പട്ടിക പ്രസിദ്ധീകരിച്ചത്.

ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻ ടെക്നോളജീസ് ശാഖയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഇമേജ് പ്രോസസിങ് വിഭാഗത്തിലാണ് ഡോ. ബിൻസണ് ഈ അംഗീകാരം ലഭിച്ചത്. നിലവിൽ ബെംഗ്ളൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡേറ്റ സയൻസ് എൻജിനിയറിങ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രഫസറാണ്.

കോട്ടയം സെയിന്റ് ഗിറ്റ്സ് കോളജ് ഓഫ് എൻജിനീയറിങ്ങിൽ പ്രവർത്തിക്കവേ നടത്തിയ ഗവേഷണങ്ങളാണ് ഈ നേട്ടത്തിന് ആധാരം. ശ്വാസകോശ രോഗങ്ങൾ വേഗം തിരിച്ചറിയുന്ന സംവിധാനം ഇദ്ദേഹം വികസിപ്പിച്ചിരുന്നു. കുമളി അട്ടപ്പള്ളം വേലിക്കകത്ത് എബ്രഹാം–സാറാമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ ഡോ. സാനിയ (അസി. പ്രഫ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡേറ്റ സയൻസ് എൻജിനിയറിങ് വിഭാഗം ബെംഗ്ളൂരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റി. മക്കൾ: ഇഷാൻ, നെസ.

പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ പ്രഫസറാണ് ഡോ. ആശ തോമസ്. ബിസിനസ് മാനേജ്മെന്റ് മേഖലയിലാണ് പ്രവർത്തിക്കുന്നത്. ബിസിനസ് മാനേജ്മെന്റ് മേഖലയിൽ ലോകതലത്തിൽ 1,314–ാം സ്ഥാനമാണ് ഡോ. ആശ തോമസിന്. കോട്ടയം തോട്ടയ്ക്കാട് അയ്യംപറമ്പിൽ എ.ഐ. തോമസിന്റെയും (റിട്ട. ഇന്ത്യൻ എയർഫോഴ്സ്) ശോശാമ്മ തോമസിന്റെയും മകളാണ്. രണ്ട് വർഷം കോട്ടയം ബസേലിയസ് കോളജിൽ അധ്യാപിക ആയിരുന്നു.

## ഡൽഹി പോലീസിന്റെ നടപടികൾക്കെതിരെ സുപ്രീംകോടതി

ന്യൂഡൽഹി: ജന്തർ മന്തറിൽ കോക്രോച്ച് ജനതാ പാർട്ടി (സിജെപി) നടത്താനിരിക്കുന്ന പ്രതിഷേധമാർച്ച് തടയുന്നതിനായി മെട്രോ സ്റ്റേഷനുകൾ അടച്ചും യാത്ര തടഞ്ഞും പൊലീസ് സ്വീകരിച്ച കടുത്ത നടപടികൾക്കെതിരെ സുപ്രീംകോടതി. പ്രതിഷേധങ്ങൾ ചൂണ്ടിക്കാട്ടി ഒരു നഗരം മുഴുവൻ അടച്ചുപൂട്ടാൻ കഴിയില്ലെന്നും ഇത്തരം നീക്കങ്ങൾ സാധാരണക്കാരായ ജനങ്ങൾക്കു വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വി. മോഹന എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

"സുരക്ഷ ഉറപ്പാക്കുന്നത് ഭരണകൂടത്തിന്റെ കടമയാണ്. അതേസമയം, സാധാരണക്കാർക്ക് പൊതുഗതാഗതം ഉപയോഗിക്കാൻ അവകാശമുണ്ട്. അക്രമം തടയാൻ നിയമപാലകർക്ക് അവകാശമുണ്ട്. അതിനർത്ഥം ജനങ്ങളെ യാതൊരു യാത്രാസൗകര്യവുമില്ലാതെ വലയ്ക്കണമെന്നല്ല. ഈച്ചയെ കൊല്ലാൻ ചുറ്റിക ഉപയോഗിക്കരുത് എന്ന തത്വം അധികാരികൾ ഓർക്കണം"– സുപ്രീംകോടതി നിരീക്ഷിച്ചു. പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാകാത്ത വിധം നിയന്ത്രിതമായി മെട്രോ സർവീസുകളും അനുവദിക്കുന്ന കാര്യം പുനപരിശോധിക്കാൻ അധികാരികളോട് ആവശ്യപ്പെടാമെന്ന് കേന്ദ്രസർക്കാരിനുവേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത സുപ്രീംകോടതിയിൽ ഉറപ്പ് നൽകി.

## വധശിക്ഷ ലോകവ്യാപകമായി നിരോധിക്കണമെന്ന് വത്തിക്കാൻ

ന്യൂയോർക്ക്: മാനുഷിക മൂല്യങ്ങൾക്കും വ്യക്തിത്വത്തിന്റെ അന്തസ്സിനും വിരുദ്ധമായ വധശിക്ഷ ലോകമെമ്പാടും പൂർണമായി നിരോധിക്കണമെന്ന് ഐക്യരാഷ്ട്ര സഭയോട് വത്തിക്കാൻ. യു.എൻ. പൊതുസഭയുടെ 81–ാമത് സമ്മേളനത്തിനു മുന്നോടിയായി നടന്ന മൂന്നാം യോഗത്തിലാണ് വത്തിക്കാന്റെ നിരീക്ഷകൻ ആർച്ച്ബിഷപ് ക്രിസ്റ്റോഫ് സാക്കിയ എൽ-കാസിസ് ഈ ആവശ്യം ഉന്നയിച്ചത്.

കുറ്റകൃത്യങ്ങൾ എത്ര കഠിനമാണെങ്കിലും മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തെ ഇല്ലാതാക്കാൻ ഭരണകൂടങ്ങൾക്ക് അവകാശമില്ലെന്ന് വത്തിക്കാൻ വ്യക്തമാക്കി.

ശിക്ഷയുടെ ലക്ഷ്യം പകപോക്കലല്ല. മറിച്ച് തെറ്റ് ചെയ്തയാളെ തിരുത്തി സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരികയാണ്. ഒരു നിരപരാധി വധിക്കപ്പെട്ടാൽ പിന്നീട് തിരുത്താൻ കഴിയില്ല. വധശിക്ഷ നിലവിലുള്ള രാജ്യങ്ങളും യുഎസിലെ സംസ്ഥാനങ്ങളും ശിക്ഷ നടപ്പാക്കുന്നത് ഉടൻ നിർത്തിവെക്കണമെന്നും വധശിക്ഷ നിരോധിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്നും വത്തിക്കാൻ ആവശ്യപ്പെട്ടു.

# DOULOS

BIBLICAL SEMINARY

DOULOS INTERNATIONAL MINISTRIES INC.
VECHOOCHIRA, RANNI
www.doulosvechoochira.org.

26 Years in Ministry

C.Th.
B.Th.
M.Div.
M.Th.

2026- 2027
ADMISSION OPEN
STARTING
(Malayalam & English)



zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA

ACCREDITED BY NATA. RECOGNIZED BY IPC GENERAL COUNCIL.




CONTACT +91 9164603370

## DOULOS BIBLICAL SEMINARY

26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് വെച്ചൂച്ചിറയിൽ ആരംഭിച്ച പ്രസ്തുത സെമിനാരിയുടെ അടുത്ത സെമസ്റ്റർ **സെപ്റ്റംബർ ആദ്യ ആഴ്ചയിൽ** ആരംഭിക്കുകയാണ് ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവ വചനം അഭ്യസിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.

ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ക്ലാസുകൾ ആത്മീയരും സമർപ്പിതരും വചന പണ്ഡിതരുമായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്നു.

**Pr. Dr. O.M. RAJUKUTTY** (Chairman WME)
**Pr. Dr. B. VARGHESE** (Former Principal, FTS Manakala)
**Pr. Dr. JOHN. K. MATHEW** (Former Vice Principal, India Bible College, Kumbanad)
**Pr. Dr. SUJU JOHN** (Former Principal, Mount Zion Bible Seminary, Mulakkuzha)
**Pr. P. T. THOMAS** (Well Known Bible Scholar)

എന്നിവരെ കൂടാതെ പ്രശസ്ത വേദാധ്യാപകരായ
**Pr. Dr. BINU ALUMOOTTIL, Pr.REJI MOOLEDOM,**
**Pr. Dr. ALLEN PALLIVADAKKAN, Pr. Dr. BIJU EAPEN,**
**Pr. Dr. LALACHAN ABRAHAM, Pr. Y. DANIEL,**
**Pr.JAMES ABRAHAM, Pr. MONCY MAMMEN, Pr.JOMON JACOB,**
**Pr. JOHN MAMMEN, Pr. JAI THOMAS, Pr. A. T JOHNSON,**
**Pr. P. S CHERIAN, Pr. SYALAN CHACKO**
തുടങ്ങിയവരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

Pr. SHINTO JOHNSON, Pr. SAJAN SAMUEL,
Br. RAJAN Ariyappallil, Evg. BENNY Kochuvadakel,
Br. PETER MATHEW Valliath എന്നിവർ ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു.

**ഞാൻ ആരെ അയക്കേണ്ടു ?**
**ആർ നമുക്ക് വേണ്ടി പോകും ?**
യെശയ്യാവ് 6: 8



# MIDWEST

WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1713-280-8688

SOBHANA
+91 965 616 8399

KERALA EXPRESS
പ്രവാസി താളുകൾ

# അഭിനയത്തെ അനുഭവമാക്കിയ നാനാ പടേക്കർ



ഒരേ അച്ചിൽ വാർത്ത വില്ലന്മാരെയും നെഗറ്റീവ് കഥാപാത്രങ്ങളെയും കണ്ടുശീലിച്ച ബോളിവുഡിന് നാനാ പടേക്കർ ഒരു വിസ്മയമായിരുന്നു. അഞ്ചു പതിറ്റാണ്ടിലേറെ നീണ്ട ആ വിസ്മയത്തിന് ഒരിക്കലും മങ്ങലേറ്റുമില്ല. ഒരു നോട്ടം, ശബ്ദ വ്യതിയാനം എന്നിവകൊണ്ട് കഥാപാത്രത്തിന്റെ ആത്മാവ് കണ്ടെത്തിയ അദ്ദേഹത്തിന്റെ അഭിനയശൈലി ഇന്ത്യൻ സിനിമയിൽ വേറിട്ടതായി. 75-ാം വയസിൽ നാനാ പടേക്കർ വിട പറയുമ്പോൾ കാലത്തിനും ഭാഷയ്ക്കും അതീതമായ ആ മുഖവും ശബ്ദവും സിനിമാപ്രേക്ഷകർക്കു വിസ്മരിക്കാനാകില്ല.



വിശ്വനാഥ് പടേക്കർ എന്ന പേരിൽ 1951 ജനുവരി ഒന്നിന് മഹാരാഷ്ട്രയിലെ മുറുഡ്-ജൻജിറയിൽ ജനിച്ച നാനാ പടേക്കർ അഞ്ച് പതിറ്റാണ്ടിനോട് അടുത്തുനിന്ന സിനിമാജീവിതത്തിൽ നായകനായും വില്ലനായും സ്വഭാവനടനായും ഹാസ്യനടനായും അദ്ദേഹം പ്രേക്ഷകരെ വിസ്മയിപ്പിച്ചു. പരിന്ദ, ക്രാന്തിവീർ, അഗ്നിസാക്ഷി, അബ് തക് ഛപ്പൻ, നട്സമ്രാട്, വെൽക്കം തുടങ്ങി വ്യത്യസ്ത സ്വഭാവമുള്ള നിരവധി സിനിമകളിലെ പ്രകടനങ്ങൾ അദ്ദേഹത്തെ ഇന്ത്യൻ സിനിമയിലെ വേറിട്ട നടനാക്കി.

നാനാ പടേക്കറുടെ ജീവിതകഥ സിനിമയിലെ വിജയത്തിന്റെ പതിവ് വഴിയിലൂടെയായിരുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ നിറഞ്ഞ ബാല്യമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മുംബൈയിലെ സർ ജെ.ജെ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ആർട്സിൽ പഠിച്ച അദ്ദേഹം പിന്നീട് വാണിജ്യ കലാകാരനായും പ്രവർത്തിച്ചു. ചിത്രകലയിൽനിന്ന് നാടകത്തിലേക്കും അവിടെനിന്ന് സിനിമയിലേക്കുമായിരുന്നു അദ്ദേഹത്തിന്റെ യാത്ര.

സിനിമയിലെത്തുന്നതിനുമുമ്പ് നാനാ പടേക്കർ നാടകവേദിയിൽ തന്റെ അഭിനയശേഷി വളർത്തിയെടുത്തു. 1978-ൽ ഗമൻ എന്ന ചിത്രത്തിലൂടെയാണ് ചലച്ചിത്രജീവിതത്തിന് തുടക്കം കുറിച്ചത്. ആദ്യകാലത്ത് വലിയ താരപദവിയൊന്നും അദ്ദേഹത്തെ തേടിയെത്തിയില്ല. എന്നാൽ, കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിലെ സൂക്ഷ്മതയും ശബ്ദത്തിലെ പ്രത്യേകതയും ക്രമേണ അദ്ദേഹത്തെ ശ്രദ്ധേയനാക്കി.

1989-ൽ പുറത്തിറങ്ങിയ പരിന്ദയാണ് നാനാ പടേക്കറുടെ കരിയറിലെ നിർണായക വഴിത്തിരിവ്. വിധു വിനോദ് ചോപ്ര സംവിധാനം ചെയ്ത ചിത്രത്തിലെ അണ്ണ എന്ന കഥാപാത്രത്തെ അദ്ദേഹം അവതരിപ്പിച്ചത് അസാധാരണമായ തീവ്രതയോടെയായിരുന്നു. കഥാപാത്രത്തിന്റെ ക്രൂരതയ്ക്കുള്ളിലും മനുഷ്യന്റെ സങ്കീർണത കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞു.

പരിന്ദയിലെ പ്രകടനത്തിന് മികച്ച സഹനടനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ചു. പിന്നീട് ക്രാന്തിവീർ എന്ന ചിത്രത്തിലെ പ്രകടനത്തിന് മികച്ച നടനുള്ള ദേശീയ പുരസ്കാരവും അഗ്നിസാക്ഷിയിലെ അഭിനയത്തിന് വീണ്ടും മികച്ച സഹനടനുള്ള ദേശീയ പുരസ്കാരവും ലഭിച്ചു. അങ്ങനെ അഭിനയത്തിനുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം മൂന്ന് തവണ നേടിയ അപൂർവ നടന്മാരിലൊരാളായി അദ്ദേഹം മാറി.

നാനാ പടേക്കറുടെ അഭിനയശേഷിയുടെ ഏറ്റവും വലിയ പ്രത്യേകത അദ്ദേഹത്തെ ഒരു പ്രത്യേക തരത്തിലുള്ള കഥാപാത്രത്തിൽ ഒതുക്കാനാകില്ലെന്നതായിരുന്നു.

പ്രഹാർ: ദ് ഫൈനൽ അറ്റാക്ക്, അംഗാർ, തിരംഗ, രാജു ബൻഗയാ ജെന്റിൽമാൻ, ഖാമോഷി: ദ് മ്യൂസിക്കൽ, അഗ്നിസാക്ഷി, അബ് തക് ഛപ്പൻ, അപഹരൺ, രാജ് നീതി തുടങ്ങിയ ചിത്രങ്ങളിൽ അദ്ദേഹം അവതരിപ്പിച്ച കഥാപാത്രങ്ങൾ പരസ്പരം വളരെ വ്യത്യസ്തമായിരുന്നു.

ക്രാന്തിവീർ അദ്ദേഹത്തിന്റെ അഭിനയജീവിതത്തിലെ മറ്റൊരു നിർണായക ഘട്ടമായി. ആ ചിത്രത്തിലെ തീവ്രമായ പ്രകടനം പ്രേക്ഷകരെയും നിരൂപകരെയും ഒരുപോലെ സ്വാധീനിച്ചു. ദേശീയ പുരസ്കാരത്തിനൊപ്പം ഫിലിംഫെയർ മികച്ച നടനുള്ള പുരസ്കാരവും അദ്ദേഹത്തെ തേടിയെത്തി.

മറാഠി സിനിമയിലും അദ്ദേഹത്തിന്റെ സാന്നിധ്യം ശക്തമായിരുന്നു. പ്രത്യേകിച്ച് നട്സമ്രാട് എന്ന ചിത്രത്തിലെ പ്രകടനം അദ്ദേഹത്തിന്റെ കരിയറിലെ ഏറ്റവും ശ്രദ്ധേയമായ പിൽക്കാല വേഷങ്ങളിലൊന്നായി വിലയിരുത്തപ്പെട്ടു.

നാനാ പടേക്കർ അഭിനയത്തിൽ മാത്രം ഒതുങ്ങിയില്ല. 1991-ൽ പുറത്തിറങ്ങിയ പ്രഹാർ: ദ് ഫൈനൽ അറ്റാക്ക് എന്ന സിനിമയിലൂടെ സംവിധായകന്റെ കുപ്പായവും അണിഞ്ഞു. സൈനിക പരിശീലനവും അച്ചടക്കവും പ്രമേയമാക്കിയ ആ ചിത്രത്തിനായി അദ്ദേഹം ഇന്ത്യൻ സൈന്യവുമായി അടുത്ത ബന്ധം പുലർത്തുകയും സൈനിക പരിശീലനം നേടുകയും ചെയ്തു. സൈന്യവുമായുള്ള ആ ബന്ധം സിനിമയിൽ അവസാനിച്ചില്ല. ടെറിറ്റോറിയൽ ആർമിയുമായി അദ്ദേഹം ബന്ധപ്പെട്ടിരുന്നു. 1999-ലെ കാർഗിൽ യുദ്ധകാലത്ത് സൈനികർക്കൊപ്പം അതിർത്തി മേഖലയിൽ സമയം ചെലവഴിച്ചതും അദ്ദേഹത്തിന്റെ ജീവിതത്തിലെ ശ്രദ്ധേയമായ അധ്യായമാണ്.



അഭിനയത്തിലെ സൈനിക കഥാപാത്രങ്ങൾക്കപ്പുറം യഥാർത്ഥ സൈനികരുടെ ജീവിതം അടുത്തറിയാനുള്ള അവസരമായിരുന്നു ഈ അനുഭവം.

മൂന്ന് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾക്കു പുറമെ നിരവധി ഫിലിംഫെയർ പുരസ്കാരങ്ങളും മഹാരാഷ്ട്ര സംസ്ഥാന പുരസ്കാരങ്ങളും നാനാ പടേക്കറുടെ അഭിനയജീവിതത്തെ അടയാളപ്പെടുത്തി. 2013-ൽ ഇന്ത്യ അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു. എന്നാൽ പുരസ്കാരങ്ങളുടെ എണ്ണത്തേക്കാൾ അദ്ദേഹത്തിന്റെ അഭിനയശൈലിയാണ് നാനാ പടേക്കറുടെ ഏറ്റവും വലിയ അടയാളം. സാധാരണ നായകന്റെ രൂപഭാവമോ താരപരിവേഷമോ ഇല്ലാതെയും ഒരു രംഗം മുഴുവൻ തന്റെ നിയന്ത്രണത്തിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ശബ്ദമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ആയുധങ്ങളിലൊന്ന്. വാക്കുകൾ ഉച്ചരിക്കുന്ന രീതി, സംഭാഷണത്തിനിടയിലെ ഇടവേളകൾ- ഇവയെല്ലാം അദ്ദേഹത്തിന്റെ അഭിനയത്തിന്റെ ഭാഗമായി മാറി.

അഭിനയതീവ്രതയ്ക്കൊപ്പം ഹൃദയകാരുണ്യവും തെളിയിച്ച മുഹൂർത്തങ്ങൾ നാനാ പടേക്കറുടെ ജീവിതത്തിലുണ്ട്. സിനിമയ്ക്ക് പുറത്തുള്ള നാനാ പടേക്കറുടെ മറ്റൊരു പ്രധാന മുഖം സാമൂഹിക പ്രവർത്തകന്റേതായിരുന്നു. 2015-ൽ നടൻ മകരന്ദ് അനാസ്പുരെയുമായി ചേർന്ന് അദ്ദേഹം നാം ഫൗണ്ടേഷൻ രൂപീകരിച്ചു. കർഷകരെയും അവരുടെ കുടുംബങ്ങളെയും സഹായിക്കുക, വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ ജലസംരക്ഷണം ശക്തിപ്പെടുത്തുക, ഉപജീവനമാർഗങ്ങൾ കണ്ടെത്താൻ സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലേക്ക് സംഘടന വ്യാപിച്ചു. നേരിട്ട് മനുഷ്യരുടെ പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനാണ് അദ്ദേഹം ശ്രമിച്ചത്. കർഷകപ്രശ്നത്തെ വെറും സാമ്പത്തിക സഹായത്തിലൂടെ പരിഹരിക്കാനാകില്ലെന്നും ദീർഘകാല പരിഹാരങ്ങളാണ് ആവശ്യമെന്നും അദ്ദേഹം പലപ്പോഴും ചൂണ്ടിക്കാട്ടിയിരുന്നു.

വൻതാരങ്ങൾ സാധാരണയായി പിന്തുടരുന്ന ആഡംബര ജീവിതശൈലിയിൽനിന്ന് നാനാ പടേക്കർ ഏറെ അകന്നുനിന്നു. നാനാ പടേക്കറുടെ ഏറ്റവും വലിയ പ്രത്യേകത ഒരിക്കലും സ്റ്റാർ ആകാൻ അദ്ദേഹം അഭിനയത്തെ ഉപയോഗിച്ചില്ല എന്നതാണ്. കഥാപാത്രം ആവശ്യപ്പെടുന്നിടത്ത് അദ്ദേഹം സ്വയം മറന്നു. അതുകൊണ്ടു തന്നെ ഒരേ കാലഘട്ടത്തിൽ തന്നെ ഭയപ്പെടുത്തുന്ന വില്ലനായും വേദനിക്കുന്ന മനുഷ്യനായും കോമഡി കഥാപാത്രമായും സാധാരണക്കാരനായും അദ്ദേഹം പ്രേക്ഷകരുടെ മുന്നിലെത്തി.

ഇന്ത്യൻ സിനിമയിലെ നവതരംഗത്തിന്റെ ഭാഗമായി കടന്നുവന്ന നടനാണ് അദ്ദേഹം. പിന്നീട് കച്ചവടസിനിമകളുടെയും ഭാഗമായി. ഇന്ത്യൻ സിനിമയ്ക്കു വലിയ നഷ്ടമാണ് നാനാ പടേക്കറുടെ വിയോഗം.

# ദൈവം ഇല്ല എന്ന് മൂഢൻ പറയുന്നു

**ഏലിയാമ്മ ലൂക്കോസ്**

ഭയങ്കരവും അതിശയകരവുമായി സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. ഭൂമിയിൽ അനേകായിരം മനുഷ്യർ പാർക്കുന്നുണ്ടല്ലോ. എല്ലാവരും ഒരുപോലെയല്ല. ചിലർ ബുദ്ധിമാന്മാർ, ചിലർ അതിബുദ്ധിമാന്മാർ, ചിലർ മണ്ടന്മാർ. എന്നാൽ, ചിലർ മൂഢന്മാരാണ്. മണ്ടനും മൂഢനും ഒരുപോലെയല്ല. മണ്ടൻ ബുദ്ധിയില്ലാത്തവനാണ്. മൂഢനോ ബുദ്ധിയുണ്ടെങ്കിലും ബുദ്ധിഹീനനായി ജീവിക്കുന്നു. അവർ ദൈവമില്ല എന്നു പറയുന്നു. അവർ വിഡ്ഢികളാണ്. അറിവില്ലാത്തവരാണ്. മണ്ടന്മാരെ കൈപിടിച്ചു നടത്താം. വിഡ്ഢികൾ അതുപോലും അനുവദിക്കുകയില്ല. തന്റെ ഇഷ്ടം മാത്രം നടക്കണമെന്നേയുള്ളൂ.

ദൈവമില്ലായെന്നു പറയുന്ന അനേകർ ഇന്നു നമ്മുടെ ഇടയിലുണ്ട്. അത്ഭുതം തോന്നുമാറ് അവരുടെ ജീവിതവീക്ഷണങ്ങൾ ചപലമായിരിക്കുന്നു. നല്ലനല്ല ഭവനങ്ങളിൽ നിന്നു ദൈവമില്ലാത്തവരായി തലമുറകൾ പുറത്തുവരുമ്പോൾ ഞെട്ടിപ്പോകുന്നു. അച്ചന്മാരുടെ തലമുറകൾ എന്തുകൊണ്ടങ്ങനെയാകുന്നു? ഒരച്ചൻ ഭവനത്തിലും പള്ളിയിലും എങ്ങനെ? ഒന്നാമത് ഭവനമാണ്. ഇവിടെ അച്ചൻ ഒരു നല്ല അച്ഛനായിരുന്നുവോ? തന്റെ വിശ്വാസം തന്റെ മക്കളിലേക്കു പകർന്നുവോ? നമ്മുടെ അടിസ്ഥാന ഉപദേശങ്ങൾ എന്തെന്നു മക്കളെ പഠിപ്പിച്ചുവോ? നമ്മുടെ തലമുറകൾ യഹോവയാൽ ഉപദേശിക്കപ്പെട്ടവരും അവരുടെ സമാധാനം വലുതുമായിരിക്കും എന്ന് യെശയ്യാ പ്രവാചകൻ (54:13) എഴുതി.

'ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു' സങ്കീർത്തനക്കാരൻ എഴുതി. അവർ വഷളന്മാരായി നീതികേട് പ്രവർത്തിക്കുന്നു. മ്ലേച്ഛമായ



ലേഖിക

നീതികേട് എന്നാണവിടെ കാണുന്നത്. ദൈവമില്ലാത്ത മൂഢന്മാരിൽ മ്ലേച്ഛത കാണാം. അവർക്ക് ദൈവത്തെ ഭയമോ മനുഷ്യനെ ശങ്കയോ ഇല്ല. അവർ തന്നെയാണ് അവരുടെ ദൈവം!

ദൈവം ഇല്ല എന്നു പറയുന്നവരോട് ഒരു കാര്യം സംസാരിക്കാൻ എനിക്കാഗ്രഹമുണ്ട്. ഈ ലോകത്ത് കാണുന്നതൊക്കെയും എങ്ങനെ ഉണ്ടായി? വായു നാം ശ്വസിക്കുന്നു. അനുഭവിക്കുന്നു. അതിനെ നാം കാണുന്നില്ല. ദൈവത്തെ കാണുന്നില്ല. എന്നാൽ, ദൈവത്തെ നാം നിമിഷംതോറും അനുഭവിക്കുന്നു. നാം ഭൂമിയിൽ എങ്ങനെ വന്നു, ഇനി നാം ഭൂമിയിൽ നിന്നു നീങ്ങിപ്പോകും. നശിച്ചുപോകുന്ന വൃക്ഷലതാദികളെപ്പോലെയോ പക്ഷിമൃഗാദികളെപ്പോലെയോ അല്ലല്ലോ ബുദ്ധിയും വിവേകവുമുള്ള മനുഷ്യർ. നാം വന്നു, നിത്യജീവിതത്തിലേക്കു കടക്കും. ദേഹം, ദേഹി, ആത്മാവായ മനുഷ്യൻ മണ്ണായ ശരീരം മണ്ണിലേക്കു വിടും. ജീവനും ആത്മാവും ദൈവത്തിങ്കലേക്ക് ചേരും. മൂഢന് ഇത് ഗ്രഹിപ്പാൻ പ്രയാസമാണ്. ഇത് വലിയ ഒരു മർമ്മമാണ്. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. ദൈവത്തെ കാണാൻ ആഗ്രഹിക്കുന്ന മനുഷ്യനു വേണ്ടി ദൈവം ചെയ്ത ഒരു വൻ പ്രവൃത്തിയാണ് ദൈവം പുത്രനായി മനുഷ്യാവതാരം പൂണ്ട് ഭൂമിയിലേക്കിറങ്ങി വന്നത്. ദൈവപുത്രനായ യേശുവിനെ കണ്ടവർ ദൈവത്തെ കണ്ടിരിക്കുന്നു. 'ഞാനും പിതാവും ഒന്നാകുന്നു' യേശുവും ദൈവവും ഒന്നാകുന്നു. ഭൂമിയെയും ഭൂമണ്ഡലത്തെയും സകല ചരാചരങ്ങളെയും സൃഷ്ടിച്ചവൻ ദൈവമാണ്. ദൈവമില്ലെങ്കിൽ ഒന്നുമില്ല. വിവേകശൂന്യനായ മനുഷ്യൻ ഇതറിയുന്നില്ല. അവൻ മൃഗത്തിനു തുല്യനത്രേ.

സത്യം അറിയാൻ ആഗ്രഹിക്കുന്നവൻ സത്യവേദപുസ്തകം വായിക്കണം. രഹസ്യങ്ങളെ വെളിപ്പെടുത്തിത്തരുന്ന ദൈവത്തോട് അപേക്ഷിക്കുക. മറുപടി ലഭിക്കുംവരെ ഒറ്റയ്ക്കിരുന്നു രഹസ്യത്തിൽ കാണുന്ന ദൈവത്തോടപേക്ഷിക്ക ദൈവം തന്റെ ദൂതനെ അയയ്ക്കും. നീ സത്യദൈവത്തെ കണ്ടുമുട്ടും. പ്രിയ സഹോദരാ, സഹോദരി സ്വയം നശിച്ചു പോകരുതേ! നീ ഒരു സത്യാന്വേഷകനായി മാറുക. ഈ ജീവിതം വിലപ്പെട്ടതാണ്.

ദൈവമില്ലാത്ത മനുഷ്യന് പ്രത്യാശയില്ല. തിന്നുക, കുടിക്കുക, രസിക്കുക. നാളെ ചാകും. അതോടെ തീർന്നു. പ്രത്യാശയാണ് ദൈവമക്കളെ വഴി നടത്തുന്നത്. എന്താണ് ആ പ്രത്യാശ? മനുഷ്യൻ മരിച്ചാലും ജീവിക്കും എന്നതാണ്. ഗോതമ്പ് മണ്ണിൽ വീണ് ചത്തു മുളയ്ക്കുന്നു. ആദ്യം ആ വിത്ത് ഇല്ലാതാകുന്നു. പിന്നീടത് മുളച്ചുവരുന്നു. മനുഷ്യൻ മരിച്ച് ദൈവത്തോട് ചേരുന്നു. ശരീരം മണ്ണിലേക്ക് ചേരുന്നുവെങ്കിലും ഒരു തേജസ്സുള്ള ശരീരം ഉയിർക്കും. ദൂതനു തുല്യമായ ശരീരം. ദൈവത്തോടൊപ്പം യുഗായുഗം വാഴാം. നിത്യമായി വാഴാം. ആ പ്രത്യാശയാണ് നമ്മേ മുമ്പോട്ടു നയിക്കുന്നത്. 'അവൾ ഭാവിയെ ഓർത്ത് പുഞ്ചിരിയിടുന്നു.'

സഭ നിത്യജീവനെ ഓർത്ത് സന്തോഷിക്കുകയാണ്. നമുക്കൊരു പ്രത്യാശയുണ്ട്. നമുക്കൊരു മകനുണ്ടായാൽ അവൻ വളരും പഠിക്കും, മിടുക്കനാകും എന്ന ഒരാശ, ഒരു പ്രത്യാശ നമുക്കില്ലയോ? ആ ആശയാണ് അവനെ പോറ്റിപ്പുലർത്താൻ നമ്മെ പ്രേരിപ്പിക്കുന്നത്. മൂഢമനുഷ്യാ, നമുക്കൊരു നിത്യജീവൻ ദൈവം ശേഷിപ്പിച്ചിട്ടുണ്ട്. സ്വർഗ്ഗവും നരകവുമുണ്ട്. സ്വർഗ്ഗത്തിൽ പോകാൻ നല്ല പ്രവൃത്തികൾ ചെയ്യണം. നരകം വേദന, യാതനാ സ്ഥലമാണ്.

നിത്യജീവനു വേണ്ടി കാത്തിരിക്കുന്ന മനുഷ്യനു മരണശേഷം അങ്ങനെയൊന്നില്ലെന്നു വന്നാലും ഒന്നും നഷ്ടപ്പെടുന്നില്ല. എന്നാൽ, അങ്ങനെ ഒന്നുണ്ടെങ്കിലോ എത്ര വലിയ നേട്ടമാണുള്ളത്. ദൈവമില്ലാത്തവന് മരിക്കുമ്പോൾ സ്വർഗ്ഗ നരകങ്ങളുണ്ടെന്നറിയുമ്പോൾ എല്ലാം നഷ്ടമായി. ഈ ഭൂമിയിലും പുതിയ ഭൂമി (സ്വർഗ്ഗം) യിലും ഒന്നും നേടിയില്ലെന്നു വരുമല്ലോ. അയ്യോ, സഹോദരാ നിത്യജീവൻ നഷ്ടമാക്കരുതേ. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു. സത്യം.

ഈ നാളുകളിൽ ചില ദുഃഖകരമായ സംഭവങ്ങൾ കാണാനും അറിയാനും സംഗതിവന്നു. പുരോഹിത കുടുംബത്തിൽപ്പെട്ട ഒരാൾ മരിച്ചു. പിതാവും വല്യപ്പനും അച്ചന്മാരായിരുന്നു. ഭക്തഗണങ്ങളാണ് തലമുറകളെന്ന വിധത്തിൽ ഞങ്ങൾ അവരെ കാത്തിരുന്നു. ഇദ്ദേഹത്തിന്റെ മരണശേഷം യാതൊരു മതപരമായ കാര്യങ്ങളും നടന്നില്ല. ശവം പള്ളിയിൽ കൊണ്ടുപോയില്ല. പൊതുശ്മശാനത്തിൽ ദഹിപ്പിച്ചു. അറിഞ്ഞവരെല്ലാം ഞെട്ടിപ്പോയി. അവരൊന്നും ദൈവമുണ്ടെന്നു വിശ്വസിക്കുന്നില്ലപോലും. വീണ്ടും പലരെയും അക്കൂട്ടത്തിൽ കണ്ടുമുട്ടാനിടയായി. ക്രിസ്ത്യാനികൾ എന്നു കരുതിയിരുന്നവർ ഇങ്ങനെയെങ്കിൽ മറ്റുള്ളവരെക്കുറിച്ച് എന്തു പറയാൻ! നമുക്കുണരാം, പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

ഇത് അന്ത്യകാലമാണ്. അധർമ്മമൂർത്തി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. മനുഷ്യൻ ദുർസ്വഭാവികളായിത്തീരുന്നു. മദ്യപാനത്തിലും വെറിക്കൂത്തിലും സമയം ചെലവിടുന്നു. എതിർക്രിസ്തു വെളിപ്പെടും മുമ്പേ നാം നമ്മെത്തന്നെ ഒരുക്കി അഥവാ വിശുദ്ധ ജീവിതം നയിച്ചുകൊണ്ടിരിക്കണം. 'അഴുക്കുള്ളവൻ അഴുക്കാടട്ടെ. വിശുദ്ധൻ ഇനിയും തങ്ങളെത്തന്നെ വിശുദ്ധീകരിക്കട്ടെ.' (വെളിപ്പാട് 22) നാം ഒരുങ്ങിയിരിക്കുന്നതോടൊപ്പം നമ്മുടെ പ്രിയപ്പെട്ടവരെയും അതിനായി ഒരുക്കാം. യേശുതമ്പുരാൻ മേഘാരൂഢനായി കാഹളധ്വനിയോടെ വെളിപ്പെടാൻ അധികം സമയം ആഗതമായി. നാം ആരും മൂഢന്മാരാകാതെ യഹോവഭക്തിയോടിരിക്കാം. അത് ജ്ഞാനത്തിന്റെ ആരംഭമാണ്. ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു. നാമോ ജ്ഞാനികളാകാൻ തയ്യാർ. ദൈവമുണ്ടെന്ന് ഉറച്ചു വിശ്വസിക്കുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.69 |
| യൂറോ | 107.12 |
| സ്റ്റെർലിംഗ്പൗണ്ട് | 126.65 |
| സ്വിസ് ഫ്രാങ്ക് | 115.02 |
| സിംഗപ്പൂർ ഡോളർ | 74.80 |
| കനേഡിയൻ ഡോളർ | 67.15 |
| ഒമാൻ റിയാൽ | 248.89 |
| ബഹ്റൈൻ ദിനാർ | 253.74 |
| സൗദി റിയാൽ | 25.47 |
| യു.എ.ഇ. ദിർഹം | 26.05 |
| കുവൈത്ത് ദിനാർ | 307.38 |

## ആനിയമ്മ പോൾ അന്തരിച്ചു



ഡാളസ്: ഡാളസ് സയോൺ എ.ജി. സഭാംഗം പിറവം-പാലച്ചുവട് കവണാട്ടേൽ തോമസ് കെ. പോളിന്റെ ഭാര്യ ആനി പോൾ (61) അന്തരിച്ചു. പരേതനായ പാസ്റ്റർ വൈ. സക്കറിയയുടെ കൊച്ചുമകളും പരേതനായ പാസ്റ്റർ ജോൺ വർഗീസ്-മേരിക്കുട്ടി ദമ്പതികളുടെ മകളുമാണ് പരേത. മൃതസംസ്കാരം ഒക്ടോബർ 17-ന് ശനിയാഴ്ച ഡാളസിൽ സയോൺ എ.ജി. സഭയുടെ നേതൃത്വത്തിൽ നടക്കും. മക്കൾ: ജസ്റ്റിൻ, ജെയ്സൺ, ജാനിസ്. മരുമക്കൾ: മിഷേൽ, എലൻ. പവർവിഷൻ ടിവി വൈസ് ചെയർമാൻ ജോൺ തോമസിന്റെ മകളുടെ ഭർത്തൃമാതാവാണ് ആനി പോൾ.



# സുപ്രീംകോടതിയിലേക്കുള്ള ഇന്ത്യാ സഖ്യത്തിന്റെ മാർച്ച് തുടങ്ങി

ന്യൂഡൽഹി: ഗ്യാനേഷ് കുമാറിനെതിരെ ഇന്ത്യാ സഖ്യത്തിന്റെ നേതൃത്വത്തിൽ പ്രഖ്യാപിച്ച സുപ്രീംകോടതി മാർച്ച് ആരംഭിച്ചു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഇന്ത്യാ സഖ്യം നേതാക്കളും എം.പിമാരും പ്രത്യേകം സജ്ജമാക്കിയ ബസിലാണ് സുപ്രീ കോടതിയിലേക്ക് മാർച്ച് നടത്തുന്നത്.

കനത്ത സുരക്ഷാവലയത്തിലാണ് ഇന്ത്യാ തലസ്ഥാനം. ഡൽഹി പോലീസിനെയും കേന്ദ്രസേനയെയും റാപ്പിഡ് ആക്ഷൻ ഫോഴ്സിനെയും പ്രദേശത്ത് വിന്യസിച്ചിട്ടുണ്ട്. ഡൽഹിയുടെ പല മേഖലകളിലായി കോൺഗ്രസ് പ്രവർത്തകർ തമ്പടിച്ചിട്ടുണ്ട്. വെറുപ്പോ ദേഷ്യമോ ഇല്ലാതെ, സ്നേഹം നിറഞ്ഞ മനസോടെ സമാധാനപരമായി പ്രതിഷേധിക്കാൻ ഡൽഹിയിലേക്ക് എത്തിയ രാജ്യത്തെ യുവജനങ്ങളെ പോലീസും ബിജെപി ഗുണ്ടകളും ചേർന്ന് മർദിച്ചതായി രാഹുൽ കുറ്റപ്പെടുത്തി. ജനങ്ങൾ ആഗ്രഹിക്കുന്ന ഇന്ത്യ ഇങ്ങനെയല്ല.

നരേന്ദ്ര മോദി, അമിത് ഷാ, അജിത് ഡോവൽ, മോഹൻ ഭാഗവത് എന്നിവർക്ക് ഇന്ത്യയെ നിശബ്ദമാക്കാൻ കഴിയില്ലെന്നും രാഹുൽ വീഡിയോ സന്ദേശത്തിൽ പറഞ്ഞു. ഭരണഘടനയുടെ പകർപ്പ് കൈയിലേന്തിക്കൊണ്ടായിരുന്നു രാഹുലിന്റെ സന്ദേശം.

വോട്ടുകൊള്ള അവസാനിപ്പിക്കുക, എസ്ഐആർ നിർത്തിവെക്കുക, ഗ്യാനേഷ് കുമാറിന്റെ രാജി തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനമാണ് തയാറാക്കിയിരിക്കുന്നത്. ചീഫ് ജസ്റ്റിസിനോട് ഒന്നും ആവശ്യപ്പെടുകയില്ലെന്നും എങ്കിലും ഇന്ത്യയുടെ ആശങ്ക അദ്ദേഹത്തെ അറിയിക്കുമെന്നും രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെയും വ്യക്തമാക്കിയിരുന്നു.

# നികുതിദായകനെ ബുദ്ധിമുട്ടിച്ച റവന്യൂ ഉദ്യോഗസ്ഥർക്കു പിഴ

കൊച്ചി: വസ്തുനികുതി ഈടാക്കാതെ നികുതിദായകനെ വലച്ച റവന്യൂ ഉദ്യോഗസ്ഥർക്കു പിഴ വിധിച്ച് ഹൈക്കോടതി. വഞ്ചിയൂർ വില്ലേജിലെ പാളയം സ്വദേശിയായ എ. മൈതീൻ പിള്ളയുടെ പേരിലുള്ള ഭൂമിയുടെ നികുതി സ്വീകരിക്കാൻ വിസമ്മതിച്ച തിരുവനന്തപുരം ആർഡിഒ, തഹസിൽദാർ, വില്ലേജ് ഓഫീസർ എന്നിവർ 30,000 രൂപ പിഴയടയ്ക്കണമെന്നാണ് ജസ്റ്റിസുമാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, എ.കെ. പ്രീത എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

രണ്ടാഴ്ചയ്ക്കകം പിഴത്തുക പരാതിക്കാരനു നൽകണം. സർക്കാർ ഈ തുക ആദ്യം നൽകണം. പിന്നീട് മൂന്ന് ഉദ്യോഗസ്ഥരിൽനിന്നും 10,000 രൂപ വീതം ഈടാക്കണമെന്നും കോടതി നിർദേശിച്ചു.

റിട്ട. സർക്കാർ ഉദ്യോഗസ്ഥൻകൂടിയായ മൈതീൻപിള്ള വഞ്ചിയൂർ വില്ലേജിലെ 4.151 സെന്റ് ഭൂമിക്ക് 2018 വരെ നികുതി അടച്ചിരുന്നു. എന്നാൽ, റീസർവേയിൽ ഭൂമി അളവ് കുറവുകാട്ടിയെന്നു പറഞ്ഞ് പിന്നീട് നികുതി സ്വീകരിക്കാൻ വില്ലേജ് ഓഫീസർ തയാറായില്ല. ഇതിനെതിരെ മൈതീൻ ലോകായുക്തയെ സമീപിച്ചു. റീ സർവേയിലെ തർക്കങ്ങൾ പരിഹരിക്കുന്നതുവരെ ഉടമ അവകാശപ്പെടുന്ന വിസ്തീർണം കണക്കാക്കി നികുതി സ്വീകരിക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാൽ, നികുതി വാങ്ങാൻ ലോകായുക്ത ഉത്തരവിട്ടു. ഈ ഉത്തരവിനെതിരെ ഉദ്യോഗസ്ഥർ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ നിർദേശിച്ച ലോകായുക്ത വിധിക്കെതിരെ കോടതിയെ സമീപിച്ച ഉദ്യോഗസ്ഥരെ ഡിവിഷൻ ബെഞ്ച് രൂക്ഷമായി വിമർശിച്ചു. ജനങ്ങളെ സേവിക്കാൻ ബാധ്യസ്ഥരായവർ അവരെ ബന്ദികളാക്കുകയാണെന്നും കോടതി കുറ്റപ്പെടുത്തി. ഹർജി തള്ളിയ കോടതി തുടർന്നാണു പിഴ വിധിച്ചത്.

സർക്കാർ ഉത്തരവ് മനഃപൂർവം ലംഘിച്ച ഇവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാനും സർക്കാരിനോടു കോടതി നിർദേശിച്ചു.

# ആൻ കാർസന് സാഹിത്യ നൊബേൽ



സ്റ്റോക്ഹോം: എഴുത്തിന്റെ ലോകത്ത് കാലത്തിന്റെ അതിരുകൾ മായിച്ച് പുതുവഴി തേടിയ കനേഡിയൻ കവയിത്രിയും പ്രബന്ധകാരിയും സാഹിത്യപണ്ഡിതയുമായ ആൻ കാർസന് (76) ഈ വർഷത്തെ സാഹിത്യ നൊബേൽ. സമഗ്ര സംഭാവന മുൻനിർത്തിയാണ് പുരസ്കാരം.

പൗരാണിക ഗ്രീസിനെ പ്രണയവും വിരഹവും മുതൽ ആധുനിക മനുഷ്യന്റെ ആഗ്രഹങ്ങളും ഏകാന്തതയും വരെ സമ്മേളിക്കുന്ന രചനകളാണ് കാർസന്റേത്. ആധുനിക സാഹിത്യത്തെ ക്ലാസിക്കൽ പാരമ്പര്യവുമായി സമന്വയിപ്പിച്ച് സാഹിത്യസൃഷ്ടിക്ക് പുതിയ ഭാവതലങ്ങൾ പകരാൻ അവർക്ക് കഴിഞ്ഞു. ടൊറന്റോയിൽ ജനിച്ച കാർസന്റെ രചനകളിൽ പുരാവൃത്തങ്ങളും ആശയങ്ങളും തത്വചിന്തകളും ആധുനികതയുമായി ഇഴചേരുന്നത് കാണാം.

ഇറോസ് ദ ബിറ്റർസ്വീറ്റ്, ഓട്ടോബയോഗ്രഫി ഓഫ് റെഡ്, മെൻ ഇൻ ദ ഓഫ് അവേഴ്സ്, നോർമ ജീൻ ബേക്കർ ഓഫ് ട്രോയി എന്നിവയാണ് പ്രധാന കൃതികൾ. മർലിൻ മൺറോയെയും റോയിലെ ഹെലനെയും താരതമ്യം ചെയ്യുന്ന നോർമ ജീൻ ബേക്കർ ഓഫ് ട്രോയിയും പ്രണയത്തിന്റെ ഉന്മാദവും നൊമ്പരവും പരിശോധിക്കുന്ന ഇറോസ് ദ ബിറ്റർസ്വീറ്റും കാർസന്റെ വേറിട്ട എഴുത്തുശൈലിയുടെ ഉദാഹരണങ്ങളാണ്.

1901-ൽ സാഹിത്യ നൊബേൽ ആരംഭിച്ചതിനുശേഷം പുരസ്കാരം നേടുന്ന പത്തൊമ്പതാമത്തെ വനിതയാണ് കാർസൻ. 11.62 കോടിയിലേറെ രൂപയാണ് ഇക്കുറി നൊബേൽ പുരസ്കാര തുക.

# കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണം ആഗോള മഹാമാരിയെന്ന് കെൽവിൻ ലെ

കൊച്ചി: കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണവും അതിക്രമങ്ങളും നിയമനിർവ്വഹണ വിഷയം മാത്രമല്ലെന്നും ആഗോള മഹാമാരിയാണെന്നും കുട്ടികളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന ആഗോള സന്നദ്ധസംഘടനയായ ചൈൽഡ് ലൈറ്റിന്റെ ഡയറക്ടർ കെൽവിൻ ലെ.

വർഷം 30 കോടി കുട്ടികൾ ലോകമെമ്പാടും ചൂഷണങ്ങൾക്കിരയാകുന്നു. ഇതിനെ ചെറുക്കാൻ സർക്കാരുകളുടെയും ആരോഗ്യസ്ഥാപനങ്ങളുടെയും ലോകാരോഗ്യ സംഘടനയുടെയും ഇടപെടൽ വേണമെന്നും ഹൊക്കൂൺ സൈബർ സുരക്ഷ കോൺഫറൻസിനെത്തിയ കെൽവിൻ പറഞ്ഞു. യുകെ നാഷണൽ ക്രൈം ഏജൻസിയിൽ സീനിയർ ഇൻവെസ്റ്റിഗേറ്റിങ് ഓഫീസറായി 32 വർഷത്തോളം സേവനമനുഷ്ഠിച്ച ശേഷമാണ് കെൽവിൻ ചൈൽഡ് ലൈറ്റിൽ പ്രവർത്തിക്കുന്നത്.

ചൈൽഡ്ലൈറ്റ് സംഘടനയുടെ കണ്ടെത്തലുകൾ പ്രകാരം കുട്ടികൾക്കെതിരെയുള്ള ചൂഷണങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഏഷ്യൻ മേഖലയിലാണ്.

ചില രാജ്യങ്ങളിലെ ദാരിദ്ര്യം മുതലെടുത്ത് ചില യൂറോപ്യൻ, വടക്കെ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ ഇന്റർനെറ്റ് ലൈവ് സ്ട്രീമിങ്ങിലൂടെ കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നു.

മുതിർന്ന വ്യക്തികൾ കുട്ടികളുടെ അതേ പ്രായത്തിലുള്ളവരാണെന്ന വ്യാജേന വിശ്വസിപ്പിച്ച് സമൂഹമാധ്യമങ്ങളിലൂടെ കുട്ടികളിൽ നിന്ന് നഗ്നചിത്രങ്ങൾ കൈക്കലാക്കും.

ഈ ചിത്രങ്ങൾ കുടുംബാംഗങ്ങൾക്കോ സുഹൃത്തുക്കൾക്കോ അയച്ചുകൊടുക്കുമെന്ന് ഭീഷണിപ്പെടുത്തി കൂടുതൽ ചിത്രങ്ങൾ ആവശ്യപ്പെടുന്നതാണ് ഇപ്പോൾ കൂടുതലായി കണ്ടുവരുന്നത്.

പണം നല്കി ദരിദ്രരാജ്യങ്ങളിലെ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തത്സമയം വീഡിയോ വഴി കാണുന്ന ലൈവ് സ്ട്രീമിങ്ങും ഭീഷണിയാണ്: അദ്ദേഹം പറഞ്ഞു.

# മുത്തങ്ങ ഭൂസമരം: മുൻ അധ്യാപകന് 12.5 ലക്ഷം നഷ്ടപരിഹാരം

കൽപ്പറ്റ: വയനാട് വന്യജീവി സങ്കേതത്തിലെ മുത്തങ്ങ വനത്തിൽ 2003-ൽ ആദിവാസി ഗോത്രമഹാസഭ നയിച്ച ഭൂസമരവുമായി ബന്ധപ്പെട്ട കേസിൽ പോലീസ് അതിക്രമത്തിന് ഇരയായ വയനാട് ഡയറ്റ് മുൻ അധ്യാപകൻ കെ.കെ. സുരേന്ദ്രന് 12.5 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് സർക്കാർ ഉത്തരവായി. സുരേന്ദ്രൻ മുഖ്യമന്ത്രി വി.ഡി. സതീശന് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തരവകുപ്പാണ് ഉത്തരവ് ഇറക്കിയത്.

സുരേന്ദ്രനെ മർദിച്ച സംഭവത്തിൽ ഉൾപ്പെട്ട ബത്തേരി മുൻ സിഐ വി. ദേവരാജ്, എസ്ഐ പി. വിശ്വംഭരൻ എന്നിവരുടെ വ്യക്തിഗത ആസ്തികളിൽനിന്നു നഷ്ടപരിഹാരം ആറ് ശതമാനം പലിശ സഹിതം മൂന്നു മാസത്തിനകം ഈടാക്കുന്നതിന് കേരള പോലീസ് മേധാവി നടപടി സ്വീകരിക്കണമെന്ന് ഉത്തരവിൽ പറയുന്നു. പിണറായി സർക്കാർ നിഷേധിച്ച നീതിയാണ് സതീശൻ സർക്കാർ ലഭ്യമാക്കിയതെന്നും സന്തോഷമുണ്ടെന്നും സുരേന്ദ്രൻ പ്രതികരിച്ചു.

മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട് 2003 ഫെബ്രുവരി 23-ാണ് സുരേന്ദ്രനെ അറസ്റ്റ് ചെയ്തത്. പിറ്റേന്ന് കണ്ണൂർ സെൻട്രൽ ജയിലിൽ റിമാൻഡിലായി. കസ്റ്റഡിമർദനത്തിൽ കർണപുടം തകർന്ന അദ്ദേഹത്തിന് ഹൈക്കോടതി നിർദേശപ്രകാരം പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിലാണ് ചികിത്സ നൽകിയത്. വൈദ്യപരിശോധനയിലാണ് കർണപുടം തകർന്നതു സ്ഥിരീകരിച്ചത്. കേസിൽ ഹൈക്കോടതിയിൽനിന്നു ജാമ്യംനേടി മാർച്ച് 30-നാണ് ജയിൽമോചിതനായത്. മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട ഗൂഢാലോചന, വനത്തിൽ കുടിയിറക്കു നടന്ന ദിവസം ഉണ്ടായ പോലീസുകാരന്റെ മരണം എന്നിവയുമായി ബന്ധപ്പെടുത്തിയാണ് സുരേന്ദ്രനെതിരെ കേസെടുത്തത്. തുടക്കത്തിൽ ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും അന്വേഷിച്ച കേസ് പിന്നീട് സിബിഐക്കു വിട്ടിരുന്നു. സിബിഐ കുറ്റപത്രത്തിൽ സുരേന്ദ്രൻ പ്രതിയായിരുന്നില്ല. 2004-ലാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സുരേന്ദ്രൻ ഹർജി ഫയൽ ചെയ്തത്. 2018-ൽ ഡയറ്റിൽനിന്നു വിരമിച്ചു.

# സൗദി വിമാനത്താവള ആക്രമണം: ഇന്ത്യക്കാരനുൾപ്പെടെ 13 മരണം

റിയാദ്: സൗദി തലസ്ഥാനമായ റിയാദിലെ കിങ് ഖാലിദ് അന്താരാഷ്ട്ര വിമാനത്താവളത്തിനുനേരേ ഒക്ടോബർ പത്തിന് ശനിയാഴ്ചയുണ്ടായ മിസൈൽ ആക്രമണത്തിൽ ഇന്ത്യക്കാരനുൾപ്പെടെ 13 പേർ കൊല്ലപ്പെട്ടു. ഹൈദരാബാദ് സ്വദേശി മുഹമ്മദ് യൂസഫ് അലിയാണ് മരിച്ചത്. അദ്ദേഹത്തിന്റെ മകനുൾപ്പെടെ മൂന്നു കുടുംബാംഗങ്ങൾക്കും പരുക്കേറ്റു. ഇവരുൾപ്പെടെ പരുക്കേറ്റ 309 പേരിൽ 11 പേർ ഇന്ത്യക്കാരാണ്.

സൗദി അറേബ്യയിലെ വിമാനത്താവളങ്ങളും വ്യോമപാതയും ലക്ഷ്യകേന്ദ്രങ്ങളാകാമെന്ന് ഹൂതിവിമതർ മുന്നറിയിപ്പുനൽകി. മക്കയെയും മദീനയെയും മുന്നറിയിപ്പിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. സൗദി വിമാനത്താവളങ്ങൾ ഉപയോഗിക്കരുതെന്ന് ഹൂതികളുടെ സൈനികവക്താവ് യഹ്യ സരീ ആവശ്യപ്പെട്ടു. ശക്തമായ തിരിച്ചടി നൽകുമെന്ന് സൗദിയുടെ നേതൃത്വത്തിലുള്ള സഖ്യസേന പ്രഖ്യാപിച്ചു.

ആഭ്യന്തര സർവീസുകൾക്കായുള്ള ടെർമിനലുകളുടെ സമുച്ചയത്തിലാണ് മിസൈൽ പതിച്ചത്. മരിച്ചവരിൽ നാലു പേർ സൗദി പൗരരും രണ്ടുപേർ ബംഗ്ലാദേശുകാരുമാണ്.

അമേരിക്ക, ജോർദാൻ, പലസ്തീൻ, സിറിയ, സുഡാൻ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിൽനിന്നുള്ള ഓരോരുത്തരും കൊല്ലപ്പെട്ടു.

പരുക്കേറ്റവരിൽ ചിലരുടെ നില ഗുരുതരമാണ്. ആക്രമണത്തെ സഖ്യസേന 'യുദ്ധക്കുറ്റം' എന്നു വിശേഷിപ്പിച്ചു. റിയാദിലെ പ്രിൻസ് സുൽത്താൻ വ്യോമതാവളം ലക്ഷ്യമിട്ട് 11-ന് ഞായറാഴ്ച ഹൂതികൾ തൊടുത്ത ബാലിസ്റ്റിക് മിസൈൽ അൽ ഖരാജിൽവെച്ച് തടഞ്ഞതായി സൗദി സഖ്യസേന പറഞ്ഞു. 11-നും റിയാദിൽ സ്ഫോടന ശബ്ദങ്ങൾ കേട്ടു.

# സുപ്രീം കോടതിയിൽ മൂന്നു ജഡ്ജിമാർ കൂടി

ന്യൂഡൽഹി: സുപ്രീംകോടതിയിൽ പുതിയ മൂന്നു ജഡ്ജിമാർ കൂടി. പുതുതായി നിയമിതരായ ജസ്റ്റിസ് സുനിത അഗർവാൾ, ജസ്റ്റിസ് ദേവേന്ദ്ര കുമാർ ഉപാധ്യായ, ജസ്റ്റിസ് അപരേഷ് കുമാർ സിംഗ് എന്നിവർക്ക് ചീഫ് ജസ്റ്റിസ് സൂര്യകാന്താണ് സത്യവാചകം ചൊല്ലിക്കൊടുത്തത്. ഇതോടെ പരമോന്നത കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 37 ആയി. ജസ്റ്റിസ് സുനിത അഗർവാളിന്റെ സാന്നിധ്യം വനിത ജഡ്ജിമാരുടെ എണ്ണം മൂന്നായി ഉയർത്തുകയും ചെയ്തത്. കഴിഞ്ഞ 28-നാണ് മൂന്ന് ജഡ്ജിമാരുടെ പേരുകൾ സുപ്രീംകോടതി കൊളീജിയം ശുപാർശ ചെയ്തത്.

# SEEKING BRIDEGROOM

**US. Settled Orthodox Christian parents invite proposals for their daughter, US. Citizen aged 35 years 5'1" raised in the US. She is a University graduate working as a nurse. Looking for God fearing professionally qualified, family oriented boy. If interested please contact WhatsApp number **1(510)384 8625.**

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

# SEEKING BRIDEGROOM CONTD.....

Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## സി.എ. ജോസഫ്

**മടക്കത്താനം:** റിട്ട. എസ്ബിഐ മാനേജർ ചമ്പക്കര സി.എ. ജോസഫ് (84) അന്തരിച്ചു. ഭാര്യ ആയൂർ ഇലഞ്ഞിമണ്ണിൽ ഏലിയാമ്മ ജോസഫ്. മക്കൾ: ആശാ ടെസ് (ഫെഡറൽ ബാങ്ക്), ഷോൺ ജോ (യുഎസ്). മരുമക്കൾ: ചങ്ങനാശേരി മാറാട്ടുകുളം അനിൽ ജോസഫ്, കാഞ്ഞിരപ്പള്ളി കണിയാക്കുന്നേൽ റോഷ്നി ജോർജ്.

**അങ്കമാലി:** മഞ്ഞപ്ര ആലങ്ങാട് യോഗം ശബരിമല സ്വാമി ഭക്തജന സംഘം പ്രസിഡണ്ടും ആലങ്ങാട് യോഗം മുൻ പെരിയോനുമായ മഞ്ഞപ്ര ശാന്തി സദനം എം.എൻ. രാജപ്പൻ നായർ സ്വാമി (93) അന്തരിച്ചു.

## സാറാമ്മ മാത്യു



**ടാമ്പ:** കൊല്ലം കുന്നിക്കോട് കുട്ടിക്കോണം തുരുത്തിയിൽ പരേതനായ തോമസ് മാത്യുവിന്റെ ഭാര്യ സാറാമ്മ മാത്യു (86) അന്തരിച്ചു. പത്തനംതിട്ട വടശേരിക്കര തയ്യിൽ മേപ്പുറത്ത് പരേതരായ ടി.ടി. ചാക്കോയുടെയും മറിയാമ്മ ചാക്കോയുടെയും മകളാണ്. മക്കൾ: ജയ്-ജയ്മോൾ, ജോ-ബീന. സഹോദരങ്ങൾ: പരേതരായ ടി.സി. തോമസ്, അന്നമ്മ ജോർജ് (ഫ്ളോറിഡ), മേരി ഫിലിപ്പ് (ഫ്ളോറിഡ), കുഞ്ഞമ്മ കോശി (പറുത്തപ്പാറ, അടൂർ), സാം ജേക്കബ് (ഫ്ളോറിഡ), ലിസി കോര (ഫ്ളോറിഡ), സൂസി തോമസ് (ഡാളസ്), സിസി ജോർജ് (ഫ്ളോറിഡ), സാലി സണ്ണി (ഡാളസ്), ജെയ്സി ജെയിംസ് (ഡിട്രോയിറ്റ്).

**കടുത്തുരുത്തി:** എറണാകുളം എസ്എബിഎസ് പ്രോവിൻസിലെ പൊതി ആരാധനാ മഠാംഗം സിസ്റ്റർ ആനിറ്റ പുതുക്കുളങ്ങര (91) അന്തരിച്ചു.

## ഫാ. ജേക്കബ് മാങ്കോട്ടിൽ



**കോട്ടയം:** കോട്ടയം അതിരൂപതയിലെ സീനിയർ വൈദികനായ ഫാ. ജേക്കബ് മാങ്കോട്ടിൽ (91) അന്തരിച്ചു. അറുനൂറ്റിമംഗലം ഇടവക മാങ്കോട്ടിൽ ജോസഫ്-മറിയാമ്മ ദമ്പതികളുടെ മകനാണ്. 1963 മാർച്ച് 11-ന് ബിഷപ് മാർ തോമസ് തറയിലിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. മാറിക പള്ളിയിൽ അസി. വികാരിയായും വാകത്താനം, ഓതറ, ഇരവിമംഗലം, രാജപുരം, മടമ്പം, ബ്രഹ്മമംഗലം, ചെറുകര, കുറുമുള്ളൂർ, കട്ടച്ചിറ എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. കാരിത്താസ് വിയാനി ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ അറുനൂറ്റിമംഗലം സെ. ജോസഫ് പള്ളിയിൽ മൃതദേഹം സംസ്കരിച്ചു. പരേതരായ ലൂക്കോസ് മാങ്കോട്ടിൽ, ചാച്ചി ചാമക്കാലായിൽ എന്നിവർ സഹോദരങ്ങളാണ്.

**രാജാക്കാട്:** രാജാക്കാട് പഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗം പഴയവിടുതി കാരമലയിൽ ബിന്ദുമോൾ സണ്ണി (40) അന്തരിച്ചു.

## ഏബ്രഹാം ജോൺ

**തിരുവല്ല:** മനയ്ക്കച്ചിറ മുണ്ടകത്തിൽ ഏബ്രഹാം ജോൺ (കുഞ്ഞുമോൻ-62) യുഎസിൽ അന്തരിച്ചു. ഭാര്യ ഗ്രേസി ജോൺ. മകൻ: ഷോൺ ജോൺ.

**വെണ്ണിക്കുളം:** കക്കുടിയിൽ ജെറോം തോമസ് (71) അന്തരിച്ചു.

**തിടനാട്:** പരവരാകത്ത് പി.ജെ. ദേവസ്യ (ദേവസ്യാച്ചൻ-89) അന്തരിച്ചു.

## ലിസി ജെയിംസ് അന്തരിച്ചു



ചിക്കാഗോ: ഐപിസി ബഥേൽ സഭാംഗവും റാന്നി കരിയംപ്ലാവ് മുറ്റുത്തറയിൽ ജെയിംസ് മാത്യുവിന്റെ (മണിക്കുട്ടി) ഭാര്യ ലിസി ജെയിംസ് (64) അന്തരിച്ചു. ജയിൻ, ജീന എന്നിവർ മക്കളും ബാബ് മത്തായി മരുമകനുമാണ്. അലക്സ്, ഇസ്സി എന്നിവർ കൊച്ചുമക്കളുമാണ്. കോട്ടയം തലപ്പാടി പുതക്കുഴി പരേതനായ സി.യു. ചെറിയാന്റെയും ഗ്രേസി ചെറിയാന്റെയും മകളാണ് പരേത. സണ്ണി ചെറിയാൻ, രാജൻ ചെറിയാൻ, ബിനോയ് ചെറിയാൻ, മേഴ്സി ചെറിയാൻ എന്നിവർ സഹോദരങ്ങളാണ്. ശവസംസ്കാര ശുശ്രൂഷകൾ ഒക്ടോബർ 16, 17 (വെള്ളി, ശനി) ദിവസങ്ങളിൽ ബഥേൽ സഭയുടെ ആഭിമുഖ്യത്തിൽ നടക്കും.

## ഏലിക്കുട്ടി മാത്യു

**മഞ്ഞാമറ്റം:** തെക്കേ വിലങ്ങുംപാറ ഏലിക്കുട്ടി മാത്യു (88) അന്തരിച്ചു. കരിമ്പാനി കുളപ്പുരയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ മാത്യു. മക്കൾ: പരേതനായ ലിസമ്മ, മേരിക്കുട്ടി (യുഎസ്), മിനി (റിട്ട. കെഎസ്ഇബി), ജോസ് മാത്യു (കൊട്ടക് മഹീന്ദ്ര ബാങ്ക്), അനിൽ മാത്യു സുനിൽ മാത്യു (ദുബായ്). മരുമക്കൾ: ബേബി ജോസഫ് നെല്ലിത്താനത്തുകാല കാണക്കാരി (റിട്ട. എൽഐസി), ജെയിംസ് ജോർജ് പാലമൂട്ടിൽ റാന്നി (യുഎസ്), ഓസ്റ്റിൻ വി.ടി. പടിക്കപ്പറമ്പിൽ വൈക്കം (റിട്ട. ടീച്ചർ), ബിന്ദു ജോസഫ് തുമ്പിൽ പുത്തൻപുരയിൽ (കല്ലറ), ബെൻസി ആലിങ്കൽ (ബെംഗ്ളൂരു), റോണി ജോർജ് പാണംപറമ്പിൽ കുടമാളൂർ (കാരിത്താസ് നേഴ്സിംഗ് കോളജ്).

## സാലിമ്മ തോമസ്

**തുരുത്തി:** പുളിക്കൽ പരേതനായ തോമസുകുട്ടി ജോർജിന്റെ ഭാര്യ സാലിമ്മ തോമസ് (73) അന്തരിച്ചു. പുന്നക്കുന്നം പുന്നശേരി കുടുംബാംഗമാണ്. മക്കൾ: ദീപാ സോണി, ദീപു തോമസ് (യുഎസ്), ദീപ്തി തോമസ്. മരുമക്കൾ: സോണി വയലിൽ കാഞ്ഞിരപ്പള്ളി, വനേസ കുന്നേൽതുരുത്തി (യുഎസ്), ജിജോ തുമ്പുങ്കൽ ചങ്ങനാശേരി.

## അച്ചാമ്മ ഉതുപ്പ്

**പരിയാരം:** ചക്കുംചിറ മേടക്കുന്നേൽ പരേതനായ സി.വി. ഉതുപ്പിന്റെ ഭാര്യ അച്ചാമ്മ ഉതുപ്പ് (പെണ്ണമ്മ-89) അന്തരിച്ചു. നാലുന്നാക്കൽ കോട്ടപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: കുഞ്ഞുമോൻ (യുഎസ്), സാലി, ഷീല (ഇരുവരും മുംബൈ), ജയമോൾ (പുതുപ്പള്ളി). മരുമക്കൾ: ജോസഫ് ഈപ്പൻ മണപ്പറമ്പിൽ (യുഎസ്), ജോൺ ഫിലിപ്പ് പാലപ്പറമ്പിൽ (മുംബൈ), മാത്യൂസ് പി. ഏബ്രഹാം പൗവ്വത്തേക്കുന്നേൽ(മുംബൈ), മോൻ കിഴക്കേപ്പറമ്പിൽ (പുതുപ്പള്ളി).

**ചെന്നൈ:** ചലച്ചിത്ര നിർമ്മാതാവ് ആലപ്പുഴ കാവാലം തറയിൽ ജോർജ് പയസ് (83) അന്തരിച്ചു.

**കറുകച്ചാൽ:** ഗവ. ഓഫ് അരുണാചൽ റിട്ട. അസി. ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് പനയമ്പാല വടക്കേപ്പറമ്പിൽ വി.എം. ജോൺ (കുഞ്ഞുഞ്ഞുകുട്ടി-87) അന്തരിച്ചു.

**കോട്ടയം:** കവയിത്രിയും എസ്ബിഐ കല്ലറ ശാഖ റിട്ട. മാനേജരുമായ ഗുരുകൃപയിൽ പി.ജി. ശ്രീ (63) അന്തരിച്ചു.

**മുണ്ടക്കയം:** റിട്ട. സബ് ട്രഷറി ഓഫീസർ 31-ാം മൈൽ പുരയിടത്തിൽ പി.വി. തോമസ് (85) അന്തരിച്ചു.

**ചങ്ങനാശേരി:** വലിയകുളം പാത്തിക്കൽമുക്ക് കളരിക്കൽ ത്രേസ്യാമ്മ സേവ്യർ (87) അന്തരിച്ചു.

## പാസ്റ്റർ കെ.കെ. ചെറിയാൻ



**കുമ്പനാട്:** പ്രശസ്ത കൺവൻഷൻ പ്രഭാഷകനും ബൈബിൾ കോളജ് അദ്ധ്യാപകനും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ സീനിയർ ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ കെ.കെ. ചെറിയാൻ അന്തരിച്ചു. ഐപിസി റാന്നി സെന്ററിൽ ദീർഘകാലം പാസ്റ്ററായിരുന്നു. തോന്നിയാമല പകലോമറ്റം കമുകുംപുരയിടത്തിൽ കുടുംബാംഗമാണ്. ആലപ്പുഴ, എറണാകുളം, വാളകം, റാന്നി തുടങ്ങിയ സെന്ററുകളിലും അമേരിക്ക, ഗൾഫ് രാജ്യങ്ങൾ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും സുവിശേഷവേല നടത്തിയിട്ടുണ്ട്. മാവേലിക്കര വാണിയംപറമ്പിൽ പരേതനായ പാസ്റ്റർ ജി. സാമുവേലിന്റെ മകൾ ജയ ചെറിയാനാണ് ഭാര്യ. മക്കൾ: റേയ്ച്ചൽ കോശി, എലിസബേത്ത്, സാം, ഏബ്രഹാം, സൂസൻ. മരുമക്കൾ: പാസ്റ്റർ ബെൻ ജോൺസ്, ഷൈനി, പ്രമോദ്, ഷെറിൻ, ജാൻസി, ജോഷ്.

**ചെങ്ങന്നൂർ:** പി.ഡബ്ല്യു.ഡി. റിട്ട. ഉദ്യോഗസ്ഥൻ പിരളശേരി പാറപ്പാട്ട് തെക്കേതിൽ പി.വി. ജോർജ് (92) അന്തരിച്ചു.

## സാറാമ്മ ഏബ്രഹാം

**ചെങ്ങന്നൂർ:** അങ്ങാടിക്കൽ തൈപ്പറമ്പിൽ സാറാമ്മ ഏബ്രഹാം (76) അന്തരിച്ചു. പുത്തൻകാവ് തോട്ടക്കുഴി കുടുംബാംഗമാണ്. ഭർത്താവ്: ടി.ജെ. ഏബ്രഹാം. മക്കൾ: ജെസ, ലെസ (ഇരുവരും യുഎസ്). മരുമക്കൾ: ഡോ. തിമോത്തി ഷിർഡൺ, സുബി ഫിലിപ്പ് (ഇരുവരും യുഎസ്).

**പുളിങ്കുന്ന്:** ഗ്രാഫിക് ഡിസൈനർ അകത്തൂട്ട് ഗൊവേന്തച്ചിറ കെ.പി. പ്രശാന്ത് (42) അന്തരിച്ചു.

## എ. ഗോപി

**കുമാരനല്ലൂർ:** എക്സൈസ് റിട്ട. ഉദ്യോഗസ്ഥൻ ശ്രീവത്സം എ. ഗോപി (83) അന്തരിച്ചു. ഭാര്യ കുമാരനല്ലൂർ കാക്കനാട്ട് പരേതയായ കെ.കെ. വത്സമ്മ. മക്കൾ: സൂരജ് (പ്രണവം ഫ്യൂവൽസ് തിടനാട് കൊഴുവനാൽ), സുജിത്ത് (യുഎസ്), സരൂപ. മരുമക്കൾ: സോളി, അമൃത (യുഎസ്), സന്തോഷ്.

**മാന്തുരുത്തി:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ ഉദിൻതാനത്ത് കൊല്ലകര യു.എം. വർഗീസ് (അപ്പച്ചൻ-74) അന്തരിച്ചു.

## സിറില്ല കുരുവിള

**കോട്ടയം:** എസ്.എച്ച് മൗണ്ട് കൊപ്പുഴയിൽ പരേതനായ കെ.കെ. കുരുവിള (റിട്ട. റേഞ്ച് ഓഫീസർ)യുടെ ഭാര്യ സിറില്ല കുരുവിള (79) അന്തരിച്ചു. ചെങ്ങളം നെടിഞ്ചിറ കുടുംബാംഗമാണ്. മക്കൾ: ബിനോ, ബിന്ദു, സിൽവി. മരുമക്കൾ: ബിനി വലിയ പുത്തൻപുരയ്ക്കൽ, ഷിബു തെക്കനാട്ട്, റേമിയോ ചെമ്മാച്ചേരിൽ (എല്ലാവരും യുഎസ്).

**തലനാട്:** ഫയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ കല്ലുവെട്ടത്ത് മോഹനചന്ദ്രൻ (കുഞ്ഞുമോൻ-75) അന്തരിച്ചു.

## ജോ ഫ്രാൻസിസ്

**ആലപ്പുഴ:** തത്തംപള്ളി കണിയാംപറമ്പിൽ ജോ ഫ്രാൻസിസ് (61) കാലിഫോർണിയയിൽ അന്തരിച്ചു. ഭാര്യ തൊടുപുഴ നമ്പ്യാപറമ്പിൽ കരോളിൻ. മക്കൾ: ഡോ. അഞ്ജലി, എബി ജെറമി.

**തിരുവാർപ്പ്:** കട്ടത്തറയിൽ പരേതനായ കെ.ഐ. ജോസഫിന്റെ ഭാര്യ മോളി ജോസഫ് (76) അന്തരിച്ചു.

## അന്നമ്മ നൈനാൻ



**തിരുവല്ല:** കവിയൂർ കോവൂർ വീട്ടിൽ പരേതനായ ബേബി സാറിന്റെ ഭാര്യ അന്നമ്മ നൈനാൻ അന്തരിച്ചു. മക്കൾ: ചാക്കോ കോവൂർ നൈനാൻ, മാമ്മൻ കോവൂർ നൈനാൻ, ജോൺ കോവൂർ നൈനാൻ (സജി യുഎസ്), ജെസ്സി റോയ് മാത്യൂസ്, വർഗീസ് കോവൂർ നൈനാൻ.

**മാന്നാർ:** കരീം മെറ്റൽസ് ആൻഡ് ഹാർഡ്വെയേഴ്സ് ഉടമ പടിഞ്ഞാറെ പാലക്കീഴിൽ പി.എം. ഷംസുദ്ദീൻ (73) അന്തരിച്ചു.

**ചേവായൂർ:** ബഥനി പ്രൊവിൻഷ്യൽ ഹൗസ് അംഗം സിസ്റ്റർ ഡാമിയൻ (96) അന്തരിച്ചു.

## പുളിക്കൽ രാധ

**കൊടുങ്ങല്ലൂർ:** പി. ഭാസ്കരൻ സ്മാരക ഹയർ സെക്കന്ററി സ്കൂൾ റിട്ട. അദ്ധ്യാപിക പുളിക്കൽ രാധ (87) അന്തരിച്ചു. ഭർത്താവ്: മാധവപണിക്കർ. മക്കൾ: നാനോ ടെക്നോളജി വിദഗ്ധൻ ഡോ. അജയൻ പുളിക്കൻ (യുഎസ്), അനി. മരുമക്കൾ: രാജ്കുമാർ, പൂർണിമ.

**കല്ലറ:** കൊമളവിലാസം (കൊല്ലപ്പള്ളിൽ) വീട്ടിൽ കെ.എ. സുമതിയമ്മ (94)അന്തരിച്ചു.

## റവ. ജേക്കബ് ചെറിയാൻ



**ഫ്ളോറിഡ:** നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് മുൻ നാഷണൽ കൺവീനറും ഒർലാന്റോ ഐപിസി സഭാംഗവുമായ ആലപ്പുഴ മേക്കാട്ട് വീട്ടിൽ റവ. ജേക്കബ് ചെറിയാൻ (കെ.സി. ചെറിയാൻ-92) അന്തരിച്ചു. ഭാര്യ പരേതയായ ലീലാ ചെറിയാൻ. മക്കൾ: നാൻസി. ഫിന്നി, റൂബി. മരുമക്കൾ: കുര്യൻ, എലിസബത്ത്, കോശി. സഹോദരങ്ങൾ: ചാക്കോ ജോൺ, ഏബ്രഹാം ചാക്കോ, വർക്കി ചാക്കോ.

**കോട്ടയം:** എം.ഡി. സ്കൂൾ റിട്ട. അദ്ധ്യാപിക ഈരയിൽക്കടവ് ഔവർ ഓൺ വാലി രോഹിണിയിൽ വി.എം. സാവിത്രി അമ്മ (94) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**ചങ്ങനാശേരി:** തൃക്കൊടിത്താനം പഴയചിറ മറ്റത്തിൽ അന്നമ്മ ചാക്കോ (98) അന്തരിച്ചു. കൊച്ചാലുംമൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ആന്റണി ചാക്കോ. മക്കൾ: മോനിമ്മ സ്കറിയ, ആന്റണി ചാക്കോ (സൗത്ത് ആഫ്രിക്ക), ജോർജുകുട്ടി, സണ്ണിച്ചൻ, ലീലാമ്മ (യുഎസ്). മരുമക്കൾ: ലിസിയാമ്മ (വാഴപ്പള്ളി), തോമസ് ജോസഫ് തോട്ടയ്ക്കാട് (യുഎസ്), പരേതരായ സ്കറിയ ഏബ്രഹാം (ആനിത്തോട്ടം), മേരി ആന്റണി (കൊല്ലം).

**അറുമാനൂർ:** പട്ട്യക്കാല കാലായിത്തോട്ടത്തിൽ എസ്.എൻ. കോളജ് റിട്ട. പ്രിൻസിപ്പൽ പ്രഫ. ജി. ഹരിപ്രകാശ് (67) അന്തരിച്ചു.

## സെലിൻ ജോൺസൺ

**റാന്നി:** മധുരംകോട്ട് സെലിൻ ജോൺസൺ (66) അന്തരിച്ചു. ചിങ്ങവനം സർപ്പക്കളത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോൺസൺ ഏബ്രഹാം. മക്കൾ: ശീതൾ, ശില്പ, ശ്വേത. മരുമക്കൾ: കല്ലുപാലത്തിങ്കൽ ബിനു (യുഎസ്), പുളഞ്ചനാരിൽ ലിബു (ഖത്തർ), വളഞ്ഞൻതുരുത്തിൽ മെറിഷ് (യുകെ).

**പാറമ്പുഴ:** ഒറ്റത്തയിൽ കുറീസ് മാനേജിങ് ഡയറക്ടർ ഒറ്റത്തയിൽ തോമസ് മാത്യു (71) അന്തരിച്ചു.

**പയ്യപ്പാടി:** ചുണ്ടിലാമറ്റം ആലീസ് മത്തായി (പെണ്ണമ്മ-82) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities

* Light cooking

* General caregiving and companionship

**If you are interested or know someone who may be interested, please contact.**

**Joji Varughese**

**586-610-9932**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**




# സിനിമയിൽ കൈവെച്ച മേഖലകളെല്ലാം കളറാക്കിയ ഗണപതിയുടെ വിശേഷങ്ങളിലൂടെ...

സിനിമ ഒരു കലോത്സവ വേദിയായിരുന്നെങ്കിൽ അവിടെ കലാപ്രതിഭാ പട്ടത്തിനായി മത്സരിക്കാൻ മുൻപന്തിയിലുണ്ടായേനെ ഗണപതി. പത്താം വയസ്സിൽ ഡബ്ബിങ് ആർട്ടിസ്റ്റായി സിനിമയിൽ എത്തിയ ഗണപതി പിന്നീടു ബാലതാരമായും സഹനടനായും അഭിനയമേഖലയിൽ മുദ്രപതിപ്പിച്ചു. ജാൻ എ മൻ എന്ന ചിത്രത്തിൽ സഹതിരക്കഥാകൃത്തായി. പിന്നാലെ മഞ്ഞുമ്മൽ ബോയ്സിലൂടെ കാസ്റ്റിങ് ഡയറക്ടറിലേക്കുള്ള കൂടുമാറ്റം. ബാലനിൽ കാസ്റ്റിങ്ങിനൊപ്പം എക്സിക്യൂട്ടീവ് പ്രൊഡ്യൂസറുടെ ചുമതലയും ഗം




ഭീരമാക്കിയ ഗണപതി, ഇപ്പോൾ ധൂമകേതുവിലൂടെ ഒരിക്കൽകൂടി അഭിനേതാവായി അമ്പരപ്പിക്കുകയാണ്. സിനിമയിൽ കൈവെച്ച മേഖലകളെല്ലാം കളറാക്കിയ ഗണപതിയുടെ വിശേഷങ്ങളിലൂടെ...

'ബാലൻ' ഷൂട്ട് വയനാട്ടിൽ നടക്കുമ്പോൾ സിനിമറ്റോഗ്രഫർ ഷൈജു ഖാലിദാണ് ധൂമകേതുവിനെക്കുറിച്ച് ആദ്യം പറയുന്നത്. കഥയെക്കുറിച്ചൊന്നും അന്നു ധാരണയുണ്ടായിരുന്നില്ല. പിന്നെ ഷൈജൂക്ക ഉൾപ്പെടുന്ന ഹാപ്പി ഹവേഴ്സാണ് ചിത്രം നിർമിക്കുന്നതെന്ന് അറിഞ്ഞപ്പോൾത്തന്നെ ഇതു ചെയ്യണമെന്നു തോന്നി. ഈ ടീമിന്റെയൊക്കെ ഭാഗമാകണമെന്നു ചെറുപ്പം മുതലുള്ള ആഗ്രഹമാണ്.

ചിത്രത്തിന്റെ സംവിധായകൻ സുധിയാണ് കഥ പറയാൻ വന്നത്. അതിന്റെ തലേന്നാണ് ഗ്രൗണ്ട്ഹോഗ് ഡേ എന്ന ഇംഗ്ലീഷ് സിനിമ ഞാൻ കണ്ടത്. ടൈം ലൂപ്പുമായി ബന്ധപ്പെട്ട സിനിമയാണത്. പിറ്റേന്നു സുധി വന്നു ധൂമകേതുവിന്റെ കഥ പറഞ്ഞപ്പോൾ എനിക്ക് അദ്ഭുതമായി. ഇവിടെയും ടൈം ലൂപ്! സുധിയുടെ കഥപറച്ചിൽ രസകരമായിരുന്നു. അപ്പോൾതന്നെ സിനിമ ചെയ്യാമെന്നു തീരുമാനിച്ചു. ശക്തമായ തിരക്കഥ തന്നെയാണ് ചിത്രത്തിന്റെ ഏറ്റവും വലിയ പ്ലസ്. കഥാപാത്രത്തിന്റെ ലുക്കിനെക്കുറിച്ച് ആർക്കും കാര്യമായ ഐഡിയ ഉണ്ടായിരുന്നില്ല. ലുക്കിൽ പുതുമ കൊണ്ടുവരണമെന്നു ഞാനാണ് തീരുമാനിച്ചത്. കുറച്ചുകൂടി വണ്ണംവെച്ച്, കട്ടിമീശയൊക്കെയായി ഒരു നാട്ടിൻപുറത്തുകാരന്റെ സ്റ്റൈൽ പിടിക്കാനാണ് ശ്രമിച്ചത്.

ജാൻ എ മൻ ചെയ്യുമ്പോഴാണ് കാസ്റ്റിങ്ങിലേക്കു വരുന്നത്. അന്നു പക്ഷേ, ഇതിനെക്കുറിച്ച് അത്ര ധാരണയില്ലായിരുന്നു. ചേട്ടൻ ചിദംബരത്തിന്റെ സിനിമയാണ്. ഞാൻ അതിൽ കോ റൈറ്ററാണ്. കൂടാതെ അഭിനയിക്കുന്നുമുണ്ട്. അപ്പോൾ ആ സിനിമയിലേക്കുവേണ്ട എല്ലാ പരിപാടിയിലും ഞാൻ ഭാഗമാണ്. അങ്ങനെയാണ് കാസ്റ്റിങ്ങിലും ശ്രദ്ധിക്കുന്നത്. ബോധപൂർവം അല്ലെങ്കിലും കാസ്റ്റിങ് ഡയറക്ടർ എന്ന രീതിയിൽ എന്റെ ആദ്യ സിനിമ അതാണ്. പിന്നീട് മഞ്ഞുമ്മൽ ബോയ്സ് ചെയ്യുമ്പോൾ ചിദംബരം ഇങ്ങോട്ടു പറഞ്ഞു, നീയാണ് ഇതിന്റെ കാസ്റ്റിങ് ഡയറക്ടർ.

യഥാർത്ഥ സംഭവത്തെ ആസ്പദമാക്കിയുള്ള സിനിമ ആയതിനാൽ, നടൻമാരെ കണ്ടെത്താനും കാസ്റ്റ് ചെയ്യാനും കുറെ പ്രയാസപ്പെട്ടു. ബാലനിലേക്ക് വന്നപ്പോൾ അതിലും ചാലഞ്ചിങ് ആയിരുന്നു. ആയിരക്കണക്കിന് ആളുകളെ ഓഡിഷൻ ചെയ്താണ് ബാലനിലേക്കുള്ള നടീനടൻമാരെ തെരഞ്ഞെടുത്തത്. ഹോളിവുഡിൽ ഒക്കെ ഡയറക്ടറെപ്പോലെത്തന്നെ പ്രധാനപ്പെട്ട വ്യക്തിയാണ് കാസ്റ്റിങ് ഡയറക്ടർ. അവിടെ മികച്ച കാസ്റ്റിങ് ഡയറക്ടർക്ക് അവാർഡും അംഗീകാരവുമൊക്കെയുണ്ട്.

കാപ്പനീയം (capernaum) എന്നൊരു ലെബനീസ് സിനിമയുണ്ട്. അതിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച കുട്ടിയുടെ അഭിനയം വല്ലാതെ ഞെട്ടിച്ചിട്ടുണ്ട്. ആ പയ്യനെയൊക്കെ എങ്ങനെയാണ് ഇവർ കണ്ടെത്തിയതെന്നും ട്രെയിൻ ചെയ്തതെന്നും ആലോചിച്ച് അമ്പരന്നിട്ടുണ്ട്. അതുപോലെ 'താരേ സമീൻ പർ' എന്ന ചിത്രത്തിലേക്ക് ആ കുട്ടിയെ ആമിർ ഖാൻ കണ്ടെത്തിയതും ആറ് മാസത്തോളം കൂടെ താമസിപ്പിച്ചു കൃത്യമായ പരിശീലനം നൽകിയതിനെക്കുറിച്ചുമെല്ലാം കേട്ടിട്ടുണ്ട്. പറവയിലെ പയ്യൻമാരെ സൗബിൻ ഷാഹിർ കണ്ടെത്തിയും അവരെ പരിശീലിപ്പിച്ചതും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്.

സംവിധാനമോഹം തീർച്ചയായും ഉണ്ട്. കോവിഡ് സമയത്താണ് 'ഒന്നു ചിരിക്കൂ' എന്ന ഷോർട്ട് ഫിലിം ചെയ്യുന്നത്. അതുകണ്ടാണ് ജാൻ എ മൻ എന്ന സിനിമയുടെ നിർമാതാക്കൾ ഞങ്ങളെ തേടിവന്നത്. അപ്പോഴാണ് ചിദംബരത്തിന്റെ കയ്യിലുള്ള ജാൻ എ മനിന്റെ ഐഡിയ പറയുന്നത്. പിന്നീടു ചില കഥകൾ ആലോചിച്ചിരുന്നു. അഭിനയവും മറ്റുതിരക്കുകളും കാരണം പലതും മുന്നോട്ടുപോയില്ല. സിനിമ സംവിധാനം ചെയ്യണമെങ്കിൽ മറ്റു തിരക്കുകളെല്ലാം മാറ്റിവെച്ച് ഒരു വർഷമെങ്കിലും അതിനുപിറകേ പോണം. ചില ആശയങ്ങൾ മനസ്സിലുണ്ട്. സമയം വരുമ്പോൾ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. അവറാച്ചൻ ആൻഡ് സൺസാണ് അടുത്തതായി ഇറങ്ങാനുള്ള ചിത്രം. പ്രധാന വേഷത്തിൽ എത്തുന്ന 'അഭ്യാസം' എന്ന സിനിമയുടെ ഷൂട്ട് കഴിഞ്ഞു. കാസ്റ്റിങ് ഡയറക്ടറായി ചില ചിത്രങ്ങൾ ആലോചനയിലുണ്ട്. വെറുതേ കുറച്ചുപേരെ കാസ്റ്റ് ചെയ്യുന്ന രീതി താൽപര്യമില്ല. നമ്മുടെ കാസ്റ്റിങ് സിനിമയ്ക്ക് ഗുണം ചെയ്യണം. പുതിയ കഴിവുകളെ കണ്ടെത്തി അവതരിപ്പിക്കാൻ സാധിക്കണം. അപ്പോൾ മാത്രമേ കാസ്റ്റിങ് ഡയറക്ടർ എന്ന രീതിയിൽ നമുക്കൊരു സംതൃപ്തി ഉണ്ടാകൂ.



# ജഗദീഷും ഉർവശിയും വീണ്ടും ഒന്നിക്കുന്നു




ജഗദീഷും ഉർവശിയും മൂന്ന് പതിറ്റാണ്ടിനുശേഷം വീണ്ടും നായകനും നായികയുമായി ഒന്നിക്കുന്നു. ജയ് മോഹൻ കഥയെഴുതി സംവിധാനം ചെയ്യുന്ന 'റൂം നമ്പർ 9' എന്ന ചിത്രത്തിലൂടെയാണ് ഈ ഹിറ്റ് കോംബോയുടെ തിരിച്ചുവരവ്. നിർമാണം സിനിമാറ്റിക് ഡ്രീംസിന്റെ ബാനറിൽ വിലാസ് കുമാർ. ഉർവശിയുടെ കഥാപാത്രം ചവിട്ടുപടികൾ ഇറങ്ങിവരുമ്പോൾ ജഗദീഷ് അവതരിപ്പിക്കുന്ന കഥാപാത്രം ചവിട്ടുപടികൾ കയറുന്നതാണ് പോസ്റ്ററിൽ കാണിച്ചിരിക്കുന്നത്. ഇരുവരുടെയും മുഖത്ത് ദുരൂഹത നിഴലിക്കുന്നുണ്ട്. ഇരുചവിട്ടുപടികളിലും പരക്കുന്ന വെളിച്ചവും വ്യത്യസ്തമാണ്. ഛായാഗ്രഹണം: ഫൈസൽ അലി. ചിത്രസംയോജനം: രഞ്ജൻ എബ്രഹാം. പ്രൊഡക്ഷൻ ഡിസൈനർ: മനു ജഗത്, സംഗീതം: കൈലാസ് മേനോൻ, ശങ്കർ ശർമ. ഗാനരചന: ബി.കെ. ഹരിനാരായണൻ. സൗണ്ട് ഡിസൈൻ: ശ്രീജിത്ത് ശ്രീനിവാസൻ.




# 83–ാം വയസ്സിലും സിനിമാരംഗത്ത് തിളങ്ങി കെ.എസ്. ഗോപാലകൃഷ്ണൻ

അന്ന് ഞാൻ ഡയറക്ടേഴ്സ് അസോസിയേഷന്റെ സെക്രട്ടറിയാണ്. ക്യാംപസ് പശ്ചാത്തലമാക്കി എന്റെ ഒരു തമിഴ് പടത്തിന്റെ ചിത്രീകരണം നടക്കുകയാണ്. സംഘടനയുടെ പ്രസിഡന്റ് അവിടെ വന്നു. അദ്ദേഹത്തിന്റെ മകനു പറ്റിയ സീൻ വല്ലതും ഉണ്ടെങ്കിൽ അഭിനയിപ്പിക്കണമെന്നു പറഞ്ഞു. ആ സിനിമയിൽ കാസ്റ്റിങ് ഒക്കെ കഴിഞ്ഞതിനാൽ അടുത്ത അവസരത്തിൽ പരിഗണിക്കാം എന്നു ഞാൻ പറഞ്ഞു. പക്ഷേ, ആ പയ്യനു പറ്റിയ നല്ലൊരു റോൾ വന്നതു മൂന്നു കൊല്ലം കഴിഞ്ഞാണ്. ഞാൻ തമാശയ്ക്ക് അന്നത്തെ പ്രസിഡന്റിനെ വിളിച്ചിട്ടു പറഞ്ഞു; ഇപ്പഴാ തന്റെ മകനു പറ്റിയ ഒരവസരം വന്നത് എന്ന്. പുള്ളി ചിരിച്ചിട്ടു പറഞ്ഞു. എടാ അവനിപ്പോ 40 ലക്ഷം രൂപയാ പ്രതിഫലം എന്ന്. ഞാൻ ആ കാശിന് രണ്ട് പടം തീർക്കുമെന്നു പുള്ളിക്കാരനറിയാം. അയാളുടെ പേര് എസ്.എ. ചന്ദ്രശേഖർ. ആ മകന്റെ പേര് സി. ജോസഫ് വിജയ്.”– കെ.എസ്. ഗോപാലകൃഷ്ണൻ എന്ന സംവിധായകൻ സിനിമാജീവിതം ഓർത്തെടുക്കുമ്പോൾ ട്വിസ്റ്റ് നിറഞ്ഞ ഇത്തരം കുറെ രംഗങ്ങൾ നമുക്കു മുന്നിൽ തെളിയും.

പല ഭാഷകളിലായി സംവിധാനം ചെയ്തത് 155 സിനിമകൾ. 23 സിനിമകൾ നിർമിച്ചു. കെ.എസ്. ഗോപാലകൃഷ്ണൻ എന്ന പേര് തെളിയുമ്പോൾ തിയറ്ററിൽ കയ്യടി മുഴങ്ങിയിരുന്ന കാലമുണ്ടായിരുന്നു. ആക്ഷനും മസാലയുമായി കാണികളെ ഹരം കൊള്ളിച്ച ആ സിനിമകളുടെ പിന്നണിയിൽ അതിനെക്കാൾ ഹരം കൊള്ളിക്കുന്ന ഒട്ടേറെ കഥകളുണ്ട്. പാലക്കാട് പല്ലശ്ശനയിലെ ‘ഗോകുലം’ വീട്ടിലിരുന്ന് അദ്ദേഹം അക്കാലം ഓർത്തെടുക്കുകയാണ്.

‘1973. പ്രഫസർ എന്ന സിനിമയിൽ ഞാൻ അസോഷ്യേറ്റ് ആണ്. പാട്ട് സീനിൽ അഭിനയിക്കാൻ ഒരു പയ്യൻ വന്നിട്ടുണ്ട്. അവനാകെ നിരാശനാണ്. അവന് തമിഴ് സിനിമയിൽ പ്രതീക്ഷ നഷ്ടപ്പെട്ടത്രെ. മുംബൈയിൽ പോയി ബോളിവുഡിൽ ഒന്നു ശ്രമിച്ചുനോക്കാനുള്ള ആലോചനയിലാണ്. എനിക്കപ്പോൾ ഒരു പടത്തിനു പ്രൊഡ്യൂസർ ആയിട്ടുണ്ട്. അന്നു തന്നെ പ്രൊഡ്യൂസറോട് കാര്യം പറഞ്ഞ് 500 രൂപ അവനു പ്രതിഫലം കൊടുത്തു. ആകെ 2500 രൂപ പ്രതിഫലത്തിനു കരാറായി.” ‘ഞാൻ നിന്നെ പ്രേമിക്കുന്നു’ എന്ന സിനിമയിൽ കമൽഹാസൻ വന്ന വഴിയാണ് ഗോപാലകൃഷ്ണൻ പറഞ്ഞുവരുന്നത്.

‘മലയത്തിപ്പെണ്ണ്’, ‘കായലും കയറും’, ‘രാജവെമ്പാല’.... അങ്ങനെ ഒട്ടേറെ ഹിറ്റുകൾ സമ്മാനിച്ച ഗോപാലകൃഷ്ണൻ നടനായാണ് സിനിമയിലേക്ക് എത്തുന്നത്. 1952–ൽ മെറിലാൻഡ് സ്റ്റുഡിയോയുടെ ‘ആത്മസഖി’ എന്ന ചിത്രത്തിൽ ബാലതാരമായി അരങ്ങേറ്റം. പിന്നെ, ഇരുപത് സിനിമകളിൽ അഭിനയിച്ചു. ബിരുദപഠനത്തിനു ശേഷമാണ് ചെന്നൈയിലെത്തി അസിസ്റ്റന്റ് ആകുന്നത്. കന്നഡ ഹിറ്റ് മേക്കർ എസ്.ആർ. പുട്ടണ്ണയുടെ കീഴിൽ അഞ്ച് സിനിമകൾ ചെയ്തു. ആ അനുഭവത്തിന്റെ ബലത്തിൽ ‘ഡോക്ടർ’ എന്ന കന്നഡ സിനിമയുടെ സ്വതന്ത്ര സംവിധായകനായി. എന്നാൽ, ആ ചിത്രം പുറത്തിറങ്ങിയില്ല. പിന്നെ, മലയാളത്തിൽ ഒരു കൈനോക്കാമെന്നായി.

‘ഞാൻ നിന്നെ പ്രേമിക്കുന്നു’ എന്ന ആദ്യ സിനിമ വിജയമായതോടെ തിരക്കായി. ആദ്യം തന്നെ ബജറ്റ് പറഞ്ഞ് ആ തുകയ്ക്കുള്ളിൽ പടം തീർക്കുമെന്നതാണ് ഗോപാലകൃഷ്ണനെ നിർമാതാക്കളുടെ ഇഷ്ടസംവിധായകൻ ആക്കിയത്. 12 മുതൽ 18 ദിവസങ്ങൾക്കുള്ളിൽ ഷൂട്ടിങ് തീർക്കുമായിരുന്നു. ഒരു വർഷം 15 സിനിമകൾ വരെ ചെയ്തിട്ടുണ്ട്. ഒരേ ദിവസം തന്നെ മൂന്ന് സിനിമകളുടെ പൂജ ചെയ്ത് ചിത്രീകരണം ആരംഭിച്ചിട്ടുണ്ട് എന്നു കേൾക്കുമ്പോൾ സിനിമാക്കഥ എന്നു തോന്നും.

രാവിലെ ഏഴിന് വീട്ടിൽനിന്ന് ഇറങ്ങുന്നതായിരുന്നു അക്കാലത്തെ രീതി. ചിത്രീകരണം നടന്നുകൊണ്ടിരിക്കുന്ന സിനിമകളുടെ പ്രൊഡ്യൂസർമാർ വിടുന്ന കാറുകൾ പുറത്തുണ്ടാകും. ഏതെങ്കിലുമൊന്നിൽ കയറി സെറ്റിലേക്കോ സ്റ്റുഡിയോയിലേക്കോ പോകും. അപ്പോൾ ബാക്കി കാറുകൾ അനുഗമിക്കും. അവിടെനിന്ന് അടുത്ത സെറ്റിലേക്കു കൊണ്ടുപോകാൻ.


കെ.എസ്. ഗോപാലകൃഷ്ണൻ പല്ലശ്ശനയിലെ ‘ഗോകുലം’ വീട്ടിൽ

‘രാജവെമ്പാല’ എന്ന സിനിമയോടെ ഗ്ലാമർ ചിത്രങ്ങളുടെ ഡയറക്ടർ ആയി. അനുരാധയെവെച്ച് ഏഴ് സിനിമകൾ ചെയ്തു. സിൽക്ക് സ്മിതയെ ഒരു ചിത്രത്തിൽ അഭിനയിപ്പിച്ചു. 1990–കളിൽ പല തിയറ്ററുകളും പിടിച്ചുനിന്നത് ഇത്തരം ആക്ഷൻ ഗ്ലാമർ ചിത്രങ്ങളിലൂടെയായിരുന്നു. എന്നാൽ, തന്റെ സിനിമകളെ ചില വിതരണക്കാർ മോശമായി ഉപയോഗിച്ചതായും ഗോപാലകൃഷ്ണനു പരാതിയുണ്ട്. താൻ ഷൂട്ട് ചെയ്യാത്ത രംഗങ്ങൾ ഷൂട്ട് ചെയ്ത് തിയറ്ററുകാർക്കു കൈമാറുകയും അവർ അതു സിനിമയ്ക്കിടെ ഉപയോഗിച്ചതായും ഗോപാലകൃഷ്ണൻ അറിയുന്നത് മറ്റു പലരും പറഞ്ഞാണ്. എന്നാൽ, പിന്നാമ്പുറക്കഥകൾ അറിയാത്തവർ അത്തരം സിനിമകളുടെ സംവിധായകൻ എന്നു തന്നെ വിലയിരുത്തുന്നുണ്ടാകും എന്നും അദ്ദേഹത്തിന് അറിയാം.

ഗോപാലകൃഷ്ണന്റെ സിനിമകളിലൂടെ ഒട്ടേറെ മികച്ച ഗാനങ്ങളും മലയാളത്തിനു ലഭിച്ചു. ‘ശരറാന്തൽ തിരിതാണു’ എന്ന ഗാനം അദ്ദേഹത്തിന്റെ ‘കായലും കയറും’ എന്ന ചിത്രത്തിലേതാണ്. സിനിമാഗാനങ്ങളുമായി ബന്ധപ്പെട്ടുമുണ്ട് ട്വിസ്റ്റ് നിറഞ്ഞ കഥകൾ. സംഗീത സംവിധായകൻ മദ്യലഹരിയിൽ മയങ്ങിയപ്പോൾ, ആ ദേഷ്യത്തിൽ ഗോപാലകൃഷ്ണൻ ‘മലയത്തിപ്പെണ്ണ്’ എന്ന ചിത്രത്തിലെ സംഗീതം ചെന്നൈയിൽ തന്റെ അയൽവാസിയായ ബ്രഹ്മാനന്ദനെ ഏൽപിച്ചു. അങ്ങനെ പിറന്ന ആ പാട്ട് മലയാളിയുടെ ചുണ്ടിൽ ഇന്നുമുണ്ട്... ‘മട്ടിച്ചാറ് മണക്കണ്... മണക്കണ്” ഇങ്ങനെ പാട്ടിലും സിനിമയിലും എണ്ണിയാലൊടുങ്ങാത്ത കൗതുകകഥകൾ ആണ് ഗേപാലകൃഷ്ണനു പങ്കുവെക്കാനുള്ളത്.

പഴയ രാജകൊട്ടാരത്തോടു കിടപിടിക്കുന്നതാണ് പല്ലശ്ശനയിലെ ‘ഗോകുലം’ എന്ന വീട്. അതിനു പിന്നിലുമുണ്ട് ഒരു സിനിമാക്കഥ. പണ്ട്, വടക്കൻ പാട്ടിനെ അടിസ്ഥാനമാക്കി മെറിലാൻഡ് ചെയ്യാനിരുന്ന ഒരു സിനിമയ്ക്കുവേണ്ടി ഒരു കൊട്ടാരത്തിന്റെ സെറ്റ് ഇട്ടിരുന്നു. അതിനകത്തു ചെയ്യേണ്ട പെയിന്റിങ്ങുകളെല്ലാം ഗോപാലകൃഷ്ണൻ വരച്ചുവെട്ടിരുന്നു. എന്നെങ്കിലും വീടു നിർമിക്കുന്നെങ്കിൽ ആ മാതൃകയിൽ വേണമെന്ന് ഒരാഗ്രഹം മനസ്സിൽ കയറി. 40 വർഷത്തിനുശേഷം 2007–ൽ ഭാര്യ ഗിരിജയുടെ തറവാടിനോടു ചേർന്നുള്ള സ്ഥലത്ത് അതിന്റെ സാക്ഷാത്കാരമായി ‘ഗോകുലം’ പണികഴിപ്പിച്ചു.

2018–ൽ ‘അർപ്പണം’ എന്ന സ്വന്തം സിനിമയുടെ ഏതാനും രംഗങ്ങളും ഇവിടെവെച്ചാണ് ചിത്രീകരിച്ചത്. 2020–ൽ ഭാര്യ മരിച്ചു. തുടർന്നുവന്ന പക്ഷാഘാതത്തെ അതിജീവിച്ചെങ്കിലും അവശതകൾ ഇല്ലാതില്ല. അതിനുള്ള മരുന്നും സിനിമ തന്നെയാണ്.

സിനിമയിലേക്ക് ഇറങ്ങിയാൽ പ്രായമോ ക്ഷീണമോ ഓർക്കാറില്ലെന്നു ഗോപാലകൃഷ്ണൻ പറയുന്നു. ‘അർപ്പണ’ത്തിലെ ഏതാനും രംഗങ്ങളുടെ ചിത്രീകരണവും പോസ്റ്റ് പ്രൊഡക്ഷൻ ജോലികളും ചിത്രാഞ്ജലിയിൽ പൂർത്തിയാക്കാനുണ്ട്. അതാണ് ഗോപാലകൃഷ്ണൻ കാത്തുവെച്ചിരിക്കുന്ന അടുത്ത ട്വിസ്റ്റ്. എൺപത്തിമൂന്നാം വയസ്സിൽ ടൈറ്റിൽ കാർഡിൽ വീണ്ടും തെളിയണം ആ പേര്: സംവിധാനം – കെ.എസ്. ഗോപാലകൃഷ്ണൻ.

# ഡാൻസാഫ് എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് റിലീസായി

ഹരിദാസ് സംവിധാനം ചെയ്യുന്ന ഡാൻസാഫ് എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് റിലീസായി. ലഹരി വിരുദ്ധ പോരാട്ടത്തിനായി സർക്കാർ രൂപംകൊടുത്ത വിഭാഗമാണ് ഡാൻസാഫ്.

ഈ സംഘത്തിന്റെ ടീം ക്യാപ്റ്റനാണ് ഷൈൻ ടോം ചാക്കോ അവതരിപ്പിക്കുന്ന കഥാപാത്രം. എൻവിപി ക്രിയേഷൻസിന്റെ ബാനറിൽ മുഹമ്മദ് ഷാഫിയാണു നിർമാണം.

ഉണ്ണി ലാലു, അരുൺ (ഫോർ ദി പീപ്പിൾ ഫെയിം) ജോയ് മാത്യു, ജാഫർ ഇടുക്കി, ജിയോ ബേബി, ശാന്തി കൃഷ്ണ, സൂര്യാ കൃഷ് (പൊങ്കാല ഫെയിം), ജെയ്സ് ജോസ്, നവാസ് വള്ളിക്കുന്ന് തുടങ്ങിയവരാണു മറ്റു വേഷങ്ങളിൽ.

തിരക്കഥ–ഋഷി ഹരിദാസ്, ജിതിൻ രാജ് സി. പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്നു.



## എൽഡിഎഫ് സർക്കാരിന്റെ അവസാനവർഷം പിആർ പ്രവർത്തനത്തിന് നൂറുകോടി

തിരുവനന്തപുരം: പിണറായി വിജയൻ സർക്കാരിന്റെ അവസാനവർഷം പിആർ പ്രവർത്തനത്തിനായി കിഫ്ബിയിൽ നിന്നും ചെലവഴിച്ചത് നൂറുകോടിയിലധികം രൂപ. കിഫ്ബിയുടെ അടിസ്ഥാന തത്വങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ടാണ് എന്റെ കേരളം, സിഎം വിത്ത് മി പരിപാടികൾക്കായി 2025-26 വർഷത്തിൽ നൂറുകോടിയിലധികം രൂപ ചെലവഴിച്ചെന്നാണ് കണക്കുകൾ.

2025-26 വർഷത്തെ കിഫ്ബിയുടെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ ജില്ലകളിൽ നടത്തിയ എന്റെ കേരളം പദ്ധതിക്കായി 96.44 കോടി രൂപയും സിഎം വിത്ത് മി പദ്ധതിക്കായി 6.14 കോടി രൂപയുമാണ് ചെലവഴിച്ചത്.

പരിപാടികളുടെ അടിസ്ഥാനപരമായ സൗകര്യവുമായി ബന്ധപ്പെട്ട ചെലവുകൾ നിറവേറ്റുന്നതിനായി സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് രണ്ട് ചെലവുകളും വരുത്തിയത്. കൂടാതെ ഇവ നേരിട്ടുള്ള പ്രൊജക്ട് ചെലവുകളായി രേഖപ്പെടുത്തുകയും ചെയ്തു.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുകയെന്നതാണ് കിഫ്ബിയുടെ പ്രധാന ലക്ഷ്യം. കിഫ്ബിയുടെ ഫണ്ടുകളിൽ ഭൂരിഭാഗവും വായ്പകളാണെന്നിരിക്കെ സർക്കാരിന്റെ പ്രചാരണങ്ങൾക്കോ പരസ്യങ്ങൾക്കോ ഇത് ചെലവഴിക്കാൻ പാടില്ല. സൂരി ആൻഡ് കമ്പനി നടത്തിയ ഓഡിറ്റിങ്ങിലാണ് ഈ പരാമർശമുള്ളത്.

## വാതിലുകൾ തുറന്നിട്ട് സർവീസ്: 2,021 സ്വകാര്യ ബസുകൾക്കെതിരേ കേസെടുത്തു

കൊച്ചി: കേരളത്തിൽ വാതിലുകൾ തുറന്നിട്ട് സർവീസ് നടത്തിയതിന് 2,021 സ്വകാര്യ ബസുകൾക്കെതിരെ കേസെടുത്തു. സെപ്റ്റംബർ 23 മുതൽ 30 വരെ പോലീസ് കേരളത്തിൽ വ്യാപകമായി സംഘടിപ്പിച്ച സ്പെഷ്യൽ ഡ്രൈവിലാണ് ഇത്രയധികം ബസുകൾ പിടിയിലായത്. ഡ്രൈവിന്റെ ഭാഗമായി 31,408 ബസുകൾ പരിശോധിച്ചു. നിയമലംഘനം നടത്തിയ 2021 ബസുകൾക്കായി 5,57,000 രൂപയാണു പിഴയീടാക്കിയത്. ഡ്രൈവിന്റെ ഭാഗമായി 2014 ബോധവത്കരണ പരിപാടികൾ നടത്തിയതിൽ 10,784 പേർ പങ്കെടുത്തു. തുറന്നുവെച്ച വാതിലിലൂടെ യാത്രക്കാർ തെറിച്ചുവീണുണ്ടായ അപകടങ്ങളിൽ മരണങ്ങളും ഗുരുതര പരിക്കുകളും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണു പോലീസ് പരിശോധന നടത്തിയത്.

തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ തുറന്നുവെച്ച വാതിലിലൂടെ തെറിച്ചുവീണുണ്ടായ അപകടങ്ങളിൽ യാത്രക്കാർ മരിക്കുകയും തൃശൂർ ജില്ലയിൽ യാത്രക്കാരനു പരുക്കേൽക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ബസുകൾ ഓടുമ്പോൾ വാതിലുകൾ നിർബന്ധമായും അടച്ചിടുന്നുണ്ടെന്നും അവ സുരക്ഷിതമാണെന്നും ഉറപ്പുവരുത്താനാണ് ഡ്രൈവ് സംഘടിപ്പിച്ചത്.

ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെന്റ് ഇൻസ്പെക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ ജില്ലാ പോലീസ് മേധാവിമാർ, ട്രാഫിക് സോണൽ എസ്പിമാർ, എൻഫോഴ്സ്മെന്റ് വിഭാഗം എന്നിവരുടെ പങ്കാളിത്തത്തോടെയായിരുന്നു ഡ്രൈവ് നടത്തിയത്. ഹൈവേ പട്രോൾ യൂണിറ്റുകളും എൻഫോഴ്സ്മെന്റ് വിഭാഗവും തുടർന്നുള്ള ദിവസങ്ങളിലും പരിശോധനകൾ തുടരും. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെന്റിന്റെ റോഡ് സുരക്ഷാസംരംഭമായ ശുഭയാത്ര വാട്സാപ് നമ്പർ (9747001099) മുഖേന നിയമലംഘനങ്ങളുടെ ഫോട്ടോ, ഓഡിയോ, വീഡിയോ എന്നിവയോടൊപ്പം നിയമലംഘനം നടന്ന ജില്ല, സ്ഥലം, തീയതി, സമയം, വാഹനത്തിന്റെ നമ്പർ ഉൾപ്പെടെ പൊതുജനങ്ങൾക്ക് അറിയിക്കാം.

## എടവണ്ണയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

നിലമ്പൂർ: എടവണ്ണയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ വീട്ടമ്മയ്ക്കു ദാരുണാന്ത്യം. എടവണ്ണ ഒതായി കിഴക്കേ ചാത്തല്ലൂർ ലക്കിപ്പടിയിലെ പരശുരാമൻ കുന്നത്ത് ഫാത്തിമ (56) ആണു മരിച്ചത്. ഒക്ടോബർ 11-ന് ഞായറാഴ്ച പുലർച്ചെ 5.15-ന് വീടിനു സമീപത്തെ മസ്ജിദിലേക്കു സുബ്ഹി നമസ്കാരത്തിനു പോകവേയാണ് ഫാത്തിമയെ കാട്ടുപന്നി ആക്രമിച്ചത്. ഈ സമയം മസ്ജിദിലെത്തിയവർ ഫാത്തിമയുടെ നിലവിളി കേട്ട് ഓടിയെത്തി പന്നിയെ തടയാൻ ശ്രമിച്ചെങ്കിലും മറ്റു നാലു പേരെക്കൂടി പന്നി ആക്രമിച്ചു. ഫാത്തിമയുടെ സമീപവാസിയും മുണ്ടേങ്ങര ഗവ. എൽപി സ്കൂൾ അദ്ധ്യാപകനുമായ പി.ടി. മുഹമ്മദലി (50), കുനിയമണ്ണൻ ഹമീദ് (58), വി.പി. അബ്ദുള്ള (55), ഉമ്മർകുട്ടി (55) എന്നിവർക്കാണു പരുക്കേറ്റത്. മുഹമ്മദലിയുടെ നില ഗുരുതരമാണ്.

പുലർച്ചെ മസ്ജിദിലേക്കു വരികയായിരുന്ന അബ്ദുള്ളയെയാണ് കാട്ടുപന്നി ആദ്യം ആക്രമിച്ചത്. പരുക്കേറ്റ ഇദ്ദേഹം വീട്ടിലേക്ക് ഓടിക്കയറി രക്ഷപ്പെടുകയായിരുന്നു. ആക്രമണം നടത്തിയ കാട്ടുപന്നിയെ പിന്നീട് നാട്ടുകാർചേർന്ന് പിടികൂടി പഞ്ചായത്ത് ഷൂട്ടറുടെ നേതൃത്വത്തിൽ വെടിവെച്ചു കൊന്നു.

## സ്ത്രീകൾ അടക്കമുള്ളവരെ ബിജെപി– ആർഎസ്എസ് ഗുണ്ടകൾ ആക്രമിക്കുന്നതായി രാഹുൽഗാന്ധി

ന്യൂഡൽഹി: മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാറിനെതിരെ പ്രതിഷേധിക്കുന്ന സ്ത്രീകളടക്കമുള്ളവരെ ബിജെപി-ആർഎസ്എസ് ഗുണ്ടകൾ ആക്രമിക്കുകയാണെന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി. ആർഎസ്എസ്-ബിജെപി പ്രവർത്തകരും പോലീസും പ്രതിഷേധക്കാരെ ആക്രമിക്കുന്ന ദൃശ്യങ്ങൾ വാർത്താസമ്മേളനത്തിൽ രാഹുൽ പ്രദർശിപ്പിച്ചു.

പ്രതിപക്ഷം ചെയ്യുന്നത് ശരിയാണെന്നാണ് അമ്പത് ശതമാനം പോലീസുകാരും പറയുന്നതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങൾ സത്യമാണെന്ന് തെളിഞ്ഞു. ഇപ്പോൾ ജനങ്ങൾ ഒരുവശത്തും മോദിയും അമിത്ഷായും ഗ്യാനേഷ്കുമാറും മറുവശത്തുമാണ്. ഡൽഹിയെ കേന്ദ്ര സർക്കാർ ജയിലാക്കി മാറ്റി ഗ്യാനേഷിനെ സഹായിക്കുകയാണ്.

ഗ്യാനേഷ്കുമാർ എന്തുകൊണ്ട് രാജിവെക്കുന്നില്ലെന്ന് രാഹുൽഗാന്ധി ചോദിച്ചു. അദ്ദേഹത്തിന്റെ അവസ്ഥ അറിയാം. ഉറക്കം നഷ്ടപ്പെട്ടിരിക്കുകയാണ്. ഗ്യാനേഷിനെ വെറുതേ വിടില്ല, ഗ്യാനേഷിനെക്കുറിച്ചുള്ള വിവരങ്ങളും അഴിമതി വിവരങ്ങളും പ്രതിപക്ഷത്തിന് അറിയാം. പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരാതി നല്കാനാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഞങ്ങളോട് പറഞ്ഞത്.

എത്ര ദിവസമെടുത്താലും മാസമെടുത്താലും പ്രതിഷേധം അവസാനിപ്പിക്കില്ല. ഞങ്ങൾ തളരില്ല. കേന്ദ്ര ഏജൻസികളിൽ നിന്ന് ഉദ്യോഗസ്ഥർ ഞങ്ങൾക്ക് വിവരം നല്കുന്നുണ്ട്. ആവശ്യങ്ങളിൽ പരിഹാരമുണ്ടാകാതെ പിന്നോട്ടില്ല. മോദി അടക്കം ഒന്നിനെയും ഭയപ്പെടില്ല. ചീഫ് ജസ്റ്റിസ് ഞങ്ങൾക്ക് മുന്നോട്ടുള്ള വഴി തുറന്നിരിക്കുകയാണ്. ഈ പോരാട്ടത്തിൽ വിജയിക്കുമെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

## കറുകച്ചാലിലെ കള്ളനോട്ട് കേസ്: മൂന്നുപേർ കൂടി അറസ്റ്റിൽ

കറുകച്ചാൽ: കറുകച്ചാലിലെ കള്ളനോട്ട് കേസിൽ സൂത്രധാരൻ അടക്കം മൂന്നുപേർ കൂടി അറസ്റ്റിൽ. രണ്ടര മാസം മുൻപ് പുറത്തുവന്ന കേസിൽ ഒളിവിലായിരുന്ന മൂന്നു പേരെക്കൂടി പോലീസ് അറസ്റ്റ് ചെയ്തു. പാലക്കാട് കോങ്ങാട് പെരിങ്ങോട് വി. സുജിത്ത് (35), കോങ്ങാട് തെറയ രാമൻകുഴി ആർ. സുബീഷ് (28), കോങ്ങാട് പതിനെട്ടാംകണ്ടത്തിൽ പി.കെ. സനു (36) എന്നിവരാണ് പിടിയിലായത്. കോടതിയിൽ ഹാജരാക്കിയ മൂവരെയും റിമാൻഡ് ചെയ്തു.

കേസിൽ അഞ്ചുപേരെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. കഴിഞ്ഞദിവസം കണ്ണൂർ, പാലക്കാട് ഭാഗങ്ങളിൽ ഇവർ ജോലി ചെയ്തിരുന്ന സ്ഥലങ്ങളിൽ നിന്നാണ് ഇവരെ പിടികൂടിയത്. മൂവരും വെൽഡിങ് ജോലി ചെയ്തുവരികയായിരുന്നു. മുമ്പ് പിടിയിലായ പ്രതികളിൽ നിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം ഈ സംഘത്തിലേക്കെത്തിയത്. പദ്ധതിയുടെ സൂത്രധാരൻ സുജിത്താണെന്ന് പോലീസ് പറഞ്ഞു.

അന്വേഷണസംഘം പ്രതികളുടെ നീക്കങ്ങൾ നിരീക്ഷിച്ചുവരികയായിരുന്നു. കഴിഞ്ഞ ജൂലൈ 24-ന് രാത്രി അഞ്ഞൂറു രൂപയുടെ കള്ളനോട്ടുമായി കറുകച്ചാൽ ബിവറേജസിൽ നിന്നും മദ്യം വാങ്ങാനെത്തിയ യുവാവിനെ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണമാണ് സംഘത്തിലേക്ക് വഴി തുറന്നത്.

## തദ്ദേശവകുപ്പിൽ അനുകമ്പയ്ക്കും ആനന്ദത്തിനുമായി പ്രത്യേക വകുപ്പ് വരുന്നു

പാലക്കാട്: നാട്ടുകാരേ സന്തോഷിക്കൂ... തദ്ദേശവകുപ്പിനു കീഴിൽ അനുകമ്പയ്ക്കും ആനന്ദത്തിനുമായി പ്രത്യേക വകുപ്പ് (കംപാഷൻ ആൻഡ് ഹാപ്പിനസ് ഡിപ്പാർട്ട്മെന്റ്) വരുന്നു.

"പതിവു കടമകളിൽ നിന്നു മാറി വേറിട്ടൊരു സന്തോഷമാണു ലക്ഷ്യം. ഒരു വാർഡിൽ ശുദ്ധജലം കിട്ടാത്തതാണു പ്രധാന സങ്കടമെങ്കിൽ അതു പരിഹരിച്ചുള്ള ഹാപ്പിനസ് ആണു ലക്ഷ്യമിടുന്നത്. ഇപ്പോൾ ഇത് വെറുമൊരു കടമയോ ഉത്തരവാദിത്തമോ മാത്രമാണ്"- മന്ത്രി കെ.എം. ഷാജി പറഞ്ഞു. കലാ സാംസ്കാരിക പരിപാടികൾ ഉൾപ്പെടെ സന്തോഷിക്കാവുന്ന സംഗതികളും വകുപ്പ് ഒരുക്കും.

## പ്രമേയം അവതരിപ്പിച്ചു

(ഒന്നാം പേജിൽ നിന്നും)

വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയർ സുതാര്യമായി പ്രവർത്തിപ്പിക്കുന്നതിൽ കമ്മീഷൻ പരാജയപ്പെട്ടു. അർഹരായ വോട്ടർമാരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഭരണകൂട സ്ഥാപനമായ കമ്മീഷൻ സുതാര്യമായി പ്രവർത്തിക്കണം. വോട്ടവകാശം കവരുന്നത് ഭരണഘടനാ ലംഘനമാണ്. പട്ടികയിലെ ക്രമക്കേട് ജനവിധിയെ അട്ടിമറിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബിജെപി അംഗങ്ങൾ അടക്കം നാലു പേരാണ് ഭേദഗതികൾ നിർദ്ദേശിച്ചത്. ഭേദഗതികൾ സ്വീകരിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രമേയത്തിലെ ലക്ഷക്കണക്കിന് വോട്ടർമാർ എന്നത് കോടിക്കണക്കിന് എന്നാക്കണം എന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആവശ്യപ്പെട്ടു. ഭേദഗതി അംഗീകരിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

## നിയന്ത്രണങ്ങൾ പാടില്ലെന്ന്

(ഒന്നാം പേജിൽ നിന്നും)

റോഡുകളിലെ നിയന്ത്രണങ്ങൾ ജനജീവിതത്തെ പൂർണമായി ബാധിച്ചതായും അഭിഭാഷകർ കോടതിയിൽ ചൂണ്ടിക്കാട്ടി. കൂടാതെ അഭിഭാഷകർക്ക് പൊലീസ് മർദനം ഏറ്റതടക്കമുള്ള വിഷയങ്ങളും കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

### ഇടക്കാല ഉത്തരവിലെ നിർദേശങ്ങൾ

ക്രമസമാധാനം ഉറപ്പാക്കിയും ഗതാഗതനിയമങ്ങൾക്ക് വിധേയമായും ജനങ്ങൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശമുണ്ട്. അത് ഉറപ്പാക്കണം. ഡൽഹിയിലെ റോഡുകളിൽ ബാരിക്കേഡ് നിരത്തിയത് അടിയന്തരമായി പുനഃപരിശോധിക്കണം. ഇന്റർനെറ്റ് സേവനം തടസപ്പെടാതെ പ്രവർത്തിക്കണം. നിയമപ്രകാരമല്ലാതെയും നിരോധനാജ്ഞ ബാധകമല്ലാത്ത പ്രദേശങ്ങളിലെയും സമാധാനപരവും നിരായുധവുമായ ഒത്തുകൂടലുകളെ തടയുകയോ ആളുകളെ അനധികൃതമായി കസ്റ്റഡിയിലെടുക്കുകയോ ചെയ്യരുത്. സുപ്രീംകോടതിക്കു മുന്നിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചത് ചൂണ്ടിക്കാട്ടിയുള്ള ബോർഡ് എടുത്തുമാറ്റാൻ നിർദേശിച്ചു. അഭിഭാഷകർ, മാധ്യമപ്രവർത്തകർ, മറ്റ് പ്രഫഷണലുകൾ എന്നിവർക്ക് അവരുടെ ഔദ്യോഗിക ജോലികൾ നിർവഹിക്കുന്നതിൽ യാതൊരുവിധ തടസങ്ങളും ഉണ്ടാകരുതെന്നും നിർദേശം നൽകി.

## പ്രതിഷേധത്തിരയൊഴിയാതെ

(ഒന്നാം പേജിൽ നിന്നും)

തന്നെയും കെ.എൻ. ബാലഗോപാലനെയും അറസ്റ്റ് ചെയ്തു പോലീസ് ജീപ്പിന്റെ ഒറ്റസീറ്റിൽ ഇരുത്തി മണിക്കൂറുകളോളം ഡൽഹിയിലൂടെ കറക്കി. 11-ന് ഞായറാഴ്ച ഉച്ചയ്ക്കു രണ്ടരയായിട്ടും ഭക്ഷണം കഴിക്കാൻ അവസരം തന്നില്ല. ഒടുവിൽ പോലീസുകാർക്കു വാങ്ങിയ ചപ്പാത്തിയുടെ ബാക്കിതന്നു. അതു കഴിച്ചു. കൊടുംക്രിമിനലുകളെയെന്ന പോലെയാണു നേതാക്കളെ ബസിൽ സ്റ്റേഷനിലേക്കു കൊണ്ടുപോയത്. പ്രതിഷേധക്കാരെ തല്ലിയൊതുക്കി നിശ്ശബ്ദരാക്കാമെന്നു കേന്ദ്രം കരുതേണ്ട എന്നും പിണറായി പറഞ്ഞു.

നിയന്ത്രണങ്ങൾ ആവശ്യമാകുന്നതുവരെ മെട്രോ, ട്രെയിൻ സൗകര്യങ്ങൾ സാധാരണ നിലയിൽ പ്രവർത്തിക്കണം. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കണം. ഇന്റർനെറ്റ് സൗകര്യങ്ങൾ തടസ്സമില്ലാതെ ഉറപ്പാക്കണം. നിയമവിരുദ്ധമായ കസ്റ്റഡി പാടില്ല. സുപ്രീംകോടതി പരിസരത്തും നിരോധനാജ്ഞ നിലനിൽക്കുന്നുവെന്ന് സൂചിപ്പിക്കുന്ന അറിയിപ്പ് ബോർഡ് നീക്കണം. അഭിഭാഷകർ, മാധ്യമപ്രവർത്തകർ അടക്കമുള്ളവർക്ക് ജോലി ചെയ്യാൻ അവസരമൊരുക്കണം എന്നിവയാണ് കോടതി നിർദേശങ്ങൾ.


FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# PROSPEROUS THERAPY

**Dr. Elizabeth Nellamattathil**
PhD, LPC-TX, LCPC-IL

***Offering telehealth therapy for adults in Illinois and Texas.***

*Our services*

- Individual Therapy
- Couples Therapy
- Anxiety & Stress Management
- Depression & Mood Concerns
- Self-Esteem & Confidence
- Life Transitions
- Family Concerns
- Identity Exploration
- Interpersonal Functioning
- And more…



**Contact Us**

972-433-7211
info@prosperoustherapy.com
ProsperousTherapy.com

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**